# ഋകയ്റോസ്

2013 FEBRUARY | Vol.12 | Issue 2 | ₹15



## പീഡനമില്ലാ പുലരികൾക്ക്

# സൃഷ്ടിക്കാം പുതിയൊരു ലോകം

ഡൽഹിയിൽ അതിക്രൂരമായ വിധത്തിൽ ലൈംഗിക അക്രമത്തിന് ഇരയായ പെൺകുട്ടി മരണം വരിച്ചു. മനുഷ്യരെന്നു വിളിക്കുന്നതുപോലും ശരിയല്ലാത്ത ചിലരുടെ ക്രൂരതയുടെ ഫലം. അറിഞ്ഞവരുടെ എല്ലാം മനസ്സിൽ വേദനയുണർത്തിയ ദാരുണസംഭവം.

തലസ്ഥാനത്തുണ്ടായ യുവാക്കളുടെ വമ്പൻ പ്രതിഷേധം തികച്ചും അസാധാരണമായിരുന്നു. പ്രത്യേകമായി ആരുടേയും നേതൃത്വമില്ലാതെ, പേരും മുഖവും അറിയില്ലെങ്കിലും, ആക്രമിക്കപ്പെടുകയും മരിക്കുകയും ചെയ്ത ആ പെൺകുട്ടി തങ്ങളിലൊരാളായിരുന്നു എന്ന വിധത്തിലുള്ള ചെറുപ്പക്കാരുടെ പ്രതികരണം തികച്ചും ഉചിതമായി. പക്ഷേ, ഉത്തരം തേടേണ്ട മറ്റു ചില ചോദ്യങ്ങൾ കൂടെയുണ്ട്.

ലൈംഗിക അതിക്രമങ്ങളും, ഉപദ്രവങ്ങളും പുതിയതല്ല. വാർത്താമാധ്യമങ്ങൾ അങ്ങനെയുള്ള എത്രമാത്രം കഥകളാണ് ഓരോ ദിവസവും നമ്മുടെ മുന്നിൽ എത്തിക്കുന്നത്. തികച്ചും നിർഭാഗ്യകരം. സംശയമില്ല. പക്ഷേ, ഡൽഹിയിലെ സംഭവത്തിന് ഇത്രമാത്രം പ്രാധാന്യമുണ്ടായതെങ്ങനെ? രാജ്യതലസ്ഥാനത്ത് എല്ലാ മാധ്യമങ്ങളുടെയും കേന്ദ്രസ്ഥാനത്ത്, വാർത്തകൾ ആഘോഷിക്കുന്ന, പ്രത്യേകിച്ച് വാർത്താചാനലുകൾക്ക് വീണുകിട്ടിയ ഒരു ഇരയായി ഈ സംഭവം എന്നു കരുതുന്നവർ നിരവധിയുണ്ട്. ഈ മാധ്യമങ്ങളുടെ സ്വാധീനത്തിന്റെ പ്രതിഫലനമായിരുന്നോ ഡൽഹിയിലെ തെരുവിലിറങ്ങിയ ചെറുപ്പക്കാർ? വലിയതോതിലുള്ള ചർച്ചകൾക്കും, സ്ത്രീസുരക്ഷയെക്കുറിച്ചുള്ള ചിന്തകൾക്കും, നടപടികൾക്കും അത് കാരണമായി, നല്ലതുതന്നെ.

നമ്മുടെ രാജ്യത്ത് ഇത്തരം സംഭവങ്ങൾ വർധിക്കുന്നതിന്റെ കാരണമെന്താണ്. ലൈംഗികത ദൈവികദാനം എന്നതിനൊക്കെയപ്പുറം വെറുമൊരു വിൽപനച്ചരക്കാക്കിയിരിക്കുന്നു എന്നതല്ലേ യാഥാർഥ്യം. എപ്പോഴും കാണുന്ന പരസ്യങ്ങളിലും, സിനിമയിലും, സാഹിത്യത്തിലും, എവിടേയും ഏറ്റവും ഉപയോഗിക്കപ്പെടുന്നത് ലൈംഗികതയാണ്. സാധനങ്ങൾ വില്ക്കാനും വായനക്കാരെ ആകർഷിക്കാനും പ്രേക്ഷകരെ ലഭിക്കാനും ഉപയോഗിക്കുന്നത് 'സെക്സ്' ആകുമ്പോൾ അതൊരു കച്ചവടവസ്തുവാകുന്നു. സമൂഹത്തിലെ നന്മയുടെ പതാകവാഹകരായ എല്ലാ സംരംഭങ്ങളെയും പരിഹസിക്കുകയും പിന്തിരിപ്പന്മാരെന്ന് മുദ്രകുത്തി അപഹസിക്കുകയും ചെയ്യുക എന്നത് മാധ്യമങ്ങൾക്ക് ഒരു വിനോദമായിരിക്കുന്നു.



കുട്ടികളെപ്പോലും പരസ്യത്തിലും, സിനിമയിലും ലൈംഗികവസ്തുക്കളായി അവതരിപ്പിക്കുന്ന രീതികൾ കൂടുകയാണ്.

ഇതിനെല്ലാം കൂട്ടുനിൽക്കുകയും നേതൃത്വം നൽകുകയും ചെയ്തിട്ട് മാധ്യമങ്ങളിന്ന് കൂട്ടത്തോടെ നിലവിളിക്കുകയാണ്. 'നമ്മുടെ സമൂഹം സാംസ്ക്കാരികമായി അധഃപതിച്ചിരിക്കുന്നു', 'ധാർമികമായ അധഃപതനത്തിന്റെ പടുകുഴിയിൽ നാം എത്തിപ്പെട്ടിരിക്കുന്നു' എന്നൊക്കെ. പ്രകാശത്തിന്റെ അവസാന നാളവും തല്ലിക്കെടുത്തിയിട്ട് ഇരുട്ടാണേ എന്ന് നിലവിളിക്കാൻ ഇവർക്കൊക്കെ എന്തവകാശം.

എല്ലാവരും ദൈവമക്കളാണ്. ബഹുമാനിക്കപ്പെടേണ്ടവരാണ്. ഓരോ ആൺകുട്ടിയും പെൺകുട്ടിയും എന്റെ സഹോദരൻ/സഹോദരി എന്ന നിലയിൽ ആദരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും വേണം. ഏവരിലും ഉണ്ടാകേണ്ട കാഴ്ചപ്പാടാണിത്.

നഷ്ടമായ നന്മകൾ തിരികെ കൊണ്ടുവരാൻ എന്ത് ചെയ്യാനാവും?

- നാം കൂടുതൽ കേൾക്കണം നന്മയുടെ, സ്നേഹത്തിന്റെ അനുഭവങ്ങൾ, കഥകൾ.
- നമ്മുടെ ചെറുപ്പക്കാർക്ക് വേണം ആരോഗ്യപരമായ സൗഹൃദത്തിന്റെ കൂടുതൽ അനുഭവങ്ങൾ.
- എല്ലാം കച്ചവടമാക്കുന്ന പത്ര/ടെലിവിഷൻ മാധ്യമങ്ങൾക്കിടയിൽ യുവജന ക്രിയാത്മകതയുടെയും, നന്മയുടെയും പ്രകാശനമാകുന്ന നല്ല വായനകൾ പ്രോത്സാഹിക്കപ്പെടണം.
- ആരോഗ്യപരമായ ആൺ/പെൺ സൗഹൃദങ്ങളും ഇടപെടലുകളുമുള്ള യുവജനപ്രവർത്തനങ്ങൾ വളർത്തണം.
- സ്വയം സൂക്ഷിക്കേണ്ടത് എങ്ങനെ, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ എന്നിവയെക്കുറിച്ചുള്ള തിരിച്ചറിവുകളുണ്ടാകണം.

"യേശു ജ്ഞാനത്തിലും, പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52). നമ്മുടെ ആൺകുട്ടികളും, പെൺകുട്ടികളും, യുവാക്കളും, യുവതികളും നന്മയുടെയും സൗഹൃദത്തിന്റെയും പുതിയൊരു ലോകം തീർക്കട്ടെ.

*സ്നേഹപൂർവം,* ***ചാക്കോച്ചൻ ഞാവള്ളിൽ***
*kairosmag@gmail.com*

വിലാസം: കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ-683 503. ഫോൺ: 0484 - 2558825
ഇമെയിൽ: kairosmag@gmail.com

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: ₹ **180** | അഞ്ചു വർഷത്തേക്ക് ₹ **800** | വിദേശത്തേക്ക് ₹ **1500** (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഷിബു ഒ.സി.ഡി (KYCT Animator)** 9895840991, പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142, എക്സിക്യൂട്ടീവ് മാനേജർ **ജോബി തോമസ് (KYCT Co-ordinator)** 9995213936

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513, അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈസിൽ രാജേഷ്** 9446123934, **അനിഷ വി.ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **സിൻജോ പി.കെ** 9895711787, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലൂയിസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജിബാബു മമ്പള്ളിൽ** 9447742672, ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 9645869036, ഓഫീസ് **സന്തോഷ് ജോസഫ്** 9645997378, **റ്റിജോമോൻ ജയിംസ്** 9495915929

ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

## കത്തുകൾ

പ്രിയ എഡിറ്റർ,

എന്റെ ചാച്ചൻ വിദേശത്താണ്. ഞാൻ എല്ലാദിവസവും ഒരു വചനം ചാച്ചന് മെസേജ് ചെയ്യാറുണ്ട്. അന്ന് ഞാനയച്ചുകൊടുത്ത വചനം, 'വഴിയും സത്യവും ജീവനും ഞാനാണ്; എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല' (യോഹ 14:6) എന്നതായിരുന്നു. താമസിയാതെ ഉറങ്ങാൻ കിടന്ന എനിക്ക് ചാച്ചന്റെ മെസേജ് വന്നു. അതിതായിരുന്നു: 'വേഗം ഈശോയോട് പ്രാർഥിക്ക്, യൂണിവേഴ്സിറ്റിയിൽ വെരിഫിക്കേഷനുവേണ്ടി എന്റെ സർട്ടിഫിക്കേറ്റും ഓഫർലെറ്ററും പിടിച്ചുവച്ചിരിക്കുന്നു. എന്റെ IELTS-ന് എന്തോ കുഴപ്പമുണ്ടെന്നാണു പറയുന്നത്. ദൈവം മാത്രമാണ് ഇനി രക്ഷ.'

ഞാനാകെ വലഞ്ഞു. എന്താണ് പ്രാർഥിക്കേണ്ടതെന്നു ചിന്തിച്ച് അസ്വസ്ഥയായി. അപ്പോഴാണ് 2012 സെപ്റ്റംബർ മാസത്തിലെ കെയ്റോസിൽ യേശുപ്രാർഥന (ജീസസ് പ്രയർ)യെക്കുറിച്ച് കൊടുത്തിരിക്കുന്ന ഭാഗം എന്റെ ഓർമയിൽ വന്നത് 'കർത്താവേ, യേശുക്രിസ്തുവേ, എന്നിൽ കനിയണമേ' എന്ന് തുടർച്ചയായി, ധ്യാനാത്മകമായി ആവർത്തിക്കുന്നതാണ് യേശുപ്രാർഥന. ഇത് ഞാനാവർത്തിച്ചുകൊണ്ടിരുന്നു. കുറെ സമയം കഴിഞ്ഞപ്പോൾ ചാച്ചന്റെ മെസേജ് വന്നു. 'പ്രശ്നങ്ങൾ അത്ഭുതകരമായി പരിഹരിച്ചു.'

*സ്നേഹ ടി. തോമസ്*
*ജോനസ് ഗഞ്ച്, മധ്യപ്രദേശ്*

ജേക്കബ് കോച്ചേരി






സ്കൂളിലെ സ്റ്റാഫ് മീറ്റിംഗിനിടയിൽ ഫ്രാൻസിസ് സാർ സൗമ്യടീച്ചറിനെ അഭിനന്ദിച്ചുകൊണ്ട് പറഞ്ഞു: "നമ്മുടെ കുട്ടികളുടെ ഇടയിൽ ആരും ശ്രദ്ധിക്കാത്ത ഒട്ടേറെപ്പേർ പഠനത്തിലും ഇതര രംഗത്തും മുൻപോട്ടുവരുന്നതായി കാണുന്നു. ആ കുട്ടികൾ പഠനത്തിൽ വലിയ ഉത്സാഹം കാണിക്കുന്നുണ്ട്. കുട്ടികളോട് ഞാൻ ചോദിച്ചപ്പോൾ ഏകസ്വരത്തിൽ അവർ പറയുന്നു- സൗമ്യടീച്ചറിന്റെ വാക്കുകളാണ് എന്നെ മാറ്റിമറിച്ചതെന്ന്. ഇന്റർവെൽസമയത്തും ഉച്ചസമയങ്ങളിലും ടീച്ചറിന്റെ ചുറ്റും കുട്ടികൾ കൂടുന്നത് ശ്രദ്ധിച്ചിരുന്നു. പാഠസംശയമോ വഴക്കുപറയുന്നതിനോ ആണെന്നാണ് ഞാൻ ധരിച്ചിരുന്നത്. കുട്ടികൾ പറഞ്ഞാണറിയുന്നത് - അവരുടെ വീട്ടുവിശേഷങ്ങൾ പങ്കുവയ്ക്കാനാണ്."

നമ്മൾ ക്ലാസ്മുറിയിൽ ഭീകരസത്വങ്ങളാകുന്നത് കുട്ടികൾ പഠിക്കണമെന്ന ഉദ്ദേശ്യത്തോടെയാണെങ്കിലും അത് കുട്ടികളുടെ ഹൃദയത്തിൽ സ്പർശിക്കുന്നില്ലെന്നതാണ് സത്യം.

സൗമ്യടീച്ചർ തലകുനിച്ചിരുന്ന് കേട്ടതേയുള്ളൂ. യു.പി. സ്കൂളിലായിരുന്ന ടീച്ചർ ഹൈസ്കൂളിലെത്തിയിട്ട് നാല് വർഷങ്ങളേയായിട്ടുള്ളൂ. മധ്യാഹ്നത്തിലെ വിശ്രമസമയത്ത് പൗളിൻ ടീച്ചർ പറഞ്ഞു: "സൗമ്യടീച്ചറേ... ഫ്രാൻസിസ് സാർ പറഞ്ഞത് ശരിയാണ് കേട്ടോ. ഞങ്ങൾക്കും തോന്നിത്തുടങ്ങി. കഴിഞ്ഞവർഷത്തേതിൽ നിന്നും ടീച്ചറൊത്തിരി മാറി. വിനോദയാത്രയ്ക്ക് പോയപ്പോൾ കുട്ടികൾ പറഞ്ഞതും ഇതൊക്കെത്തന്നെയായിരുന്നു."

കഴിഞ്ഞവർഷംവരെ ഞാൻ ക്ലാസിൽ നന്നായി പഠിപ്പിക്കുമായിരുന്നു. പക്ഷേ, എനിക്ക് സ്കൂൾജീവിതം ഒരു ജോലിയിടം മാത്രമായിരുന്നു. എന്നാൽ 'കെയ്റോസ്' മാസികയിലെ അധ്യാപക അനുഭവങ്ങൾ തുടർച്ചയായി വായിക്കാനിടയായതോടെ കുട്ടികളെ കൂടുതൽ കേൾക്കാനും കാണാനും തുടങ്ങി. വഴക്കാളികളായ പലർക്കും അതിനൊക്കെ അവരുടേതായ കാരണവുമുണ്ടായിരുന്നു. പതുക്കെ അവർ ശാന്തരായി ക്ലാസിൽ ശ്രദ്ധിക്കുന്നതും നോട്ടെഴുതുന്നതും ഹോംവർക്ക് ചെയ്യുന്നതും കണ്ടപ്പോൾ എനിക്ക് ആത്മവിശ്വാസമായി. ശരിയാണ്. അധ്യാപനം ഒരു വിളിയാണ്. എന്റെ മാറ്റത്തിന്റെ കാരണം കെയ്റോസ് തന്നെ.

ഈ അനുഭവക്കുറിപ്പ് എന്നിൽ വലിയ ഉണർവുണ്ടാക്കി. ഒരധ്യാപികയുടെ സ്വത്വത്തെ ഉണർത്തുവാനും അതുവഴി കുഞ്ഞുങ്ങളിലേക്ക് അതിന്റെ സദ്ഫലങ്ങളെത്തുവാനും ഇടയായല്ലോ.

ഓരോ ചെടികൾക്കും ഓരോ ദൗത്യമുണ്ട്. ചിലത് പുഷ്പിക്കാൻ, ഫലം തരാൻ, ഇല നൽകാൻ, ഔഷധത്തിന് അങ്ങനെ പലതും. അത് നിറവേറ്റുമ്പോളാണതിന്റെ ജീവിതം പൂർണമാകുന്നത്. ഓരോ സൃഷ്ടവസ്തുക്കൾക്കും ഓരോ നിയോഗമുണ്ട്. അത് പൂർത്തീകരിക്കണം. ഒരു അധ്യാപകന്റെ നിയോഗം എഴുതപ്പെട്ടതിനേക്കാൾ എത്രയോ വിശാലമാണ്. വരും തലമുറയുടെ കണ്ണും കാതും ഹൃദയവുമാകേണ്ടവർ. വ്യക്തിത്വത്തെയും ഹൃദയങ്ങളെയും പണിയുന്ന എൻജിനീയർമാരും, മനസ്സിനെ ചികിത്സിക്കേണ്ട ഡോക്ടർമാരും, ആത്മാവിനെ ഉണർത്തേണ്ട വൈദികരും, മൂല്യങ്ങളെ പതിപ്പിക്കുന്ന ജഡ്ജിമാരുമാകേണ്ടിയിരിക്കുന്നു അധ്യാപകർ ■

സണ്ണി കോക്കാപ്പിള്ളിൽ

# ഫേസ്ബുക്കിലൂടെ തുടങ്ങിയ സൗഹൃദമായിരുന്നു അത്

‘നീയില്ലാതെ എനിക്കെന്തു ജീവിതമാണുള്ളത്. മരിക്കുവോളം ഞാൻ നിനക്കായി കാത്തിരിക്കും. മറ്റൊരു പെൺകുട്ടി എന്റെ ജീവിതത്തിലേക്കു വരില്ല.’

‘എല്ലാം ഞാൻ പറഞ്ഞിരുന്നതല്ലേ.’

‘നീ പേരന്റ്സിനെ ബുദ്ധിമുട്ടിക്കേണ്ട. അവർ പറയുന്നതു കേട്ടുകൊള്ളൂ. പക്ഷേ, എന്റെ ഹൃദയത്തിൽനിന്ന് നിന്നെ പറിച്ചെറിയാൻ മാത്രം പറയരുത്.’

‘എന്റെ വിഷമം മനസ്സിലാക്കാത്തതെന്താണ്?’

‘നിന്നെ സ്നേഹിച്ചതാണോ ഞാൻ ചെയ്ത തെറ്റ്?’

ഏതൊരു കാമിനിയെയും കുഴയ്ക്കുന്ന ചോദ്യങ്ങളാണിത്. ശരത്തിന്റെ ഈ ചോദ്യം രേഷ്മയെ അടിമുടി ഉലച്ചു. ‘ഞാൻ കാരണം ഒരാളുടെ ജീവിതം തകരണോ?’

ഫേസ്ബുക്കിലൂടെ തുടങ്ങിയ സൗഹൃദമായിരുന്നു അത്. സാങ്കേതികരംഗത്ത് ബിരുദാനന്തര ബിരുദധാരിയാണ് രേഷ്മ. തന്നെക്കുറിച്ച് മാതാപിതാക്കൾക്കുള്ള പ്രതീക്ഷകൾ എന്തൊക്കെയെന്ന് രേഷ്മ മനസ്സിലാക്കിയിരുന്നു. അതിനാൽ സ്നേഹബന്ധം കൂടുതൽ ചുവടുറയ്ക്കുമ്പോഴും അവൾ ആകുലപ്പെട്ടിരുന്നു. ഹൃദയവിചാരങ്ങൾ പങ്കിടാനൊരാൾ. അതിത്രയും വലിയൊരു കുരുക്കിലേക്കു നയിക്കുമെന്ന് ഒരിക്കലും ചിന്തിച്ചിരുന്നില്ല.

ഫേസ്ബുക്കിലൂടെ സൗഹൃദത്തിന്റെ ഇഴയടുത്തപ്പോൾ ഹൃദയം ഹൃദയത്തോട് പങ്കുവയ്ക്കാൻ തുടങ്ങി. പ്രണയ പരവശതയിൽ ഇരുവരും ഉഴലാൻ തുടങ്ങിയപ്പോഴാണ് വിവാഹത്തിന്റെ യാഥാർഥ്യങ്ങളിലേക്ക് അവരെത്തിനോക്കുന്നത്. ഇനി മുന്നോട്ടു പോകുന്നത് അപകടകരമാണെന്നും പിരിയാമെന്നും രേഷ്മ പറഞ്ഞെങ്കിലും തീവ്രാനുരാഗതലത്തിലേക്ക് ശരത് എത്തിച്ചേർന്നിരുന്നു.

ശരത്തിന്റെ നിർബന്ധത്തിനുവഴങ്ങി വിവാഹക്കാര്യം രേഷ്മ വീട്ടിലവതരിപ്പിച്ചെങ്കിലും അതിശക്തമായ എതിർപ്പാണ് അവരുടെ ഭാഗത്തുനിന്നുണ്ടായത്. അവരുടെ കാഴ്ചപ്പാടിൽ നല്ല ജോലിയില്ല, രേഷ്മയെക്കാൾ വിദ്യാഭ്യാസം വളരെ കുറവ്, കത്തോലിക്കാസഭയെ സ്ഥാനത്തും അസ്ഥാനത്തും എപ്പോഴും എതിർക്കുന്ന ഒരു സഭാവിഭാഗത്തിൽ പെട്ടയാളും. രേഷ്മയുടെ ചോദ്യമിതാണ്, ‘കുടുംബത്തെ മുഴുവൻ ധിക്കരിച്ച് ഞാൻ ശരത്തിന്റെ കൂടെ ഇറങ്ങിച്ചെല്ലണോ?’

രേഷ്മയെപ്പോലെ ധാരാളം പെൺകുട്ടികൾ ഇത്തരം പ്രതിസന്ധിയിൽപെട്ടുപോകുന്നു. കാമുകൻ ഒന്നുകിൽ ആത്മഹത്യ ചെയ്യുമെന്നു പറയും. അല്ലെങ്കിൽ, ചെമ്മീൻ എന്ന സിനിമയിലെ കഥാപാത്രമായ പരീക്കുട്ടിയെപ്പോലെ നിത്യകാമുകനായി ‘കറുത്തമ്മാ’ എന്നു വിളിച്ചുകൊണ്ട് ‘കടാപ്പുറത്ത്’ അലഞ്ഞുനടക്കുമെന്നു പറയും. ഇതു കേൾക്കുമ്പോൾ ഏതൊരു പ്രണയിനിയുടെയും ഹൃദയം ആർദ്രമായിത്തീരും. താൻമൂലം ഇതാ ഒരു മരണം നടക്കുന്നു! തന്നെ കിട്ടാത്തതുകൊണ്ട് ഒരാൾ നിത്യ ബ്രഹ്മചാരിയായി ജീവിതം നശിപ്പിക്കാൻ പോകുന്നു! അനുകമ്പയുടെ മഹാസമുദ്രമായി അവളുടെ മനസ്സുമാറുന്നു. തന്നെ ഇത്രയും കാലം വളരെ കഷ്ടപ്പെട്ടു വളർത്തിക്കൊണ്ടുവന്ന മാതാപിതാക്കളുടെ അനുഗ്രഹമോ പിന്തുണയോ ഇല്ലെങ്കിലും വേണ്ടില്ല, സ്നേഹിച്ച പുരുഷനോടൊപ്പം കഴിയാൻ എന്തുവിലയും നൽകാൻ യാതൊരു മടിയും ഉണ്ടാകില്ല.

പ്രായോഗികമായി വിലയിരുത്തൽ നടത്തിയാൽ ആരും ആത്മഹത്യ ചെയ്യുകയോ അവിവാഹിതനായി തുടരുകയോ ചെയ്യാറില്ലെന്നു കാണാം. പലരും പെൺകുട്ടികളുടെ ലോലമനസ്സിനെ ഭീഷണിപ്പെടുത്തി ചൂഷണം ചെയ്യുകയാണ്. പ്രാഥമിക നിരീക്ഷണത്തിൽ, പരസ്പരം യാതൊരു പൊരുത്തങ്ങളും ഇല്ലാത്ത ബന്ധങ്ങൾ ‘പ്രേമിച്ചുപോയി’ എന്ന ഒറ്റ ന്യായത്തിൽ വിവാഹത്തിലേക്കു വരുമ്പോൾ വലിയൊരപകടത്തിലേക്കാണ് കാലെടുത്തുവയ്ക്കുന്നതെന്ന് നിസ്സംശയം പറയാം. വർധിച്ചുവരുന്ന വിവാഹമോചനക്കേസുകളും കുടുംബ കൊലപാതകങ്ങളും നിരീക്ഷിച്ചാൽ ഇക്കാര്യം വ്യക്തമാകും.

ഏറ്റവും ഒരുക്കത്തോടെയും ഉത്തമ ബോധ്യത്തോടെയും പ്രവേശിക്കേണ്ട ഒന്നാണ് വിവാഹം. ജീവിച്ചുതുടങ്ങുമ്പോഴാണ് സ്വപ്നം കാണാത്ത നിരവധി വശങ്ങൾ ഇതിനുണ്ടെന്നു മനസ്സിലാക്കുക. തന്റെ ജീവിതത്തിലേക്കു കടന്നുവരേണ്ട ഇണയെ പ്രാർഥനാപൂർവം കാത്തിരുന്ന് ദൈവത്തിൽ നിന്നു സ്വീകരിക്കേണ്ടതിനുപകരം, താൻ കണ്ടെത്തിയ ഇണയെ എത്രയും വേഗം ദൈവത്തെക്കൊണ്ട് അംഗീകാരമുദ്ര വയ്പിക്കാനുള്ള ഓട്ടത്തിലാണ് ഈ പ്രശ്നവുമായി കടന്നുവരുന്നവരിലധികവും.

കേവലം ലാഘവത്തോടെ വിവാഹബന്ധത്തെ കൈകാര്യം ചെയ്യുന്നതുകൊണ്ടു കൂടിയാകാം വിവാഹമോചനക്കേസുകൾ അത്യധികമായി വർധിച്ചുവരാൻ കാരണവും. ഒരിക്കൽ മനസ്സിൽ കുടിയിരുത്തിയത് പറിച്ചെറിയാൻ വളരെ എളുപ്പമല്ല. സൗഹൃദത്തിന്റെയും പ്രണയത്തിന്റെയും അതിർവരമ്പുകൾ വളരെ നേർത്തതാണ്. ഇതു തിരിച്ചറിയാനാകാതെ മനസ്സു പങ്കിട്ട്, പിന്നെ ശരീരം നൽകി ആപത്തുകൾക്കുമേൽ ആപത്തു വരുത്തിവച്ച്, ചുറ്റും അഗ്നികുണ്ഠവുമായി ജീവിക്കുന്നവരുടെ കദന കഥകൾ പിന്നാലെ വരുന്നവരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നില്ലായെന്നത് ദുഃഖകരമാണ്.

നിലാവെന്നു തോന്നിക്കുമെങ്കിലും കത്തിജ്വലിക്കുന്ന അഗ്നിയാണ് പ്രണയം. അഗ്നിയിൽ കരങ്ങൾ വച്ചുകൊടുത്തിട്ട് നോവരുതെന്നു പറഞ്ഞിട്ടു കാര്യമുണ്ടോ? രേഷ്മയിന്ന് സങ്കടക്കടലിൽ അലയുന്നു. ശരത്തിനെ ദുഃഖിപ്പിക്കണോ? സ്വന്തം കുടുംബത്തെ വേദനിപ്പിക്കണോ? ഏതെങ്കിലുമൊരു വിഭാഗത്തെ ഉപേക്ഷിക്കേണ്ടിവരും. എല്ലാവരുടെയും സഹകരണത്തോടെ വേണമെന്നു തീക്ഷ്ണമായി ആഗ്രഹിക്കുന്നുണ്ട്. കുഴിയിലേക്കു സ്വയം ചാടിയതാണ്. വേണ്ടപ്പെട്ടവർ കൈപിടിച്ചു കയറ്റുമെന്നുകരുതി. പക്ഷേ,...

'രേഷ്മ, എല്ലാം ദൈവത്തിനു സമർപ്പിക്കുക. നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള അവിടുത്തെ പദ്ധതിയും അന്വേഷിക്കേണ്ടേ. കുറച്ചുനാൾ പ്രാർഥിച്ചു കാത്തിരിക്കുക. വരുന്നത് ദൈവഹിതമായി കണക്കാക്കി പൂർണ മനസ്സോടെ സ്വീകരിക്കുക. അവിടെ ഐക്യമുണ്ടാകും.'

'ഞാനെല്ലാം മനസ്സിലാക്കുന്നു. ആ വിധത്തിൽ മനസ്സു രൂപപ്പെടുന്നതിനുവേണ്ടി പ്രാർഥിക്കണേ.'

സാവധാനം വ്യക്തമായ തീരുമാനത്തിലേക്ക് അവൾ വരുകയായിരുന്നു.


കെയ്റോസ് നിങ്ങളുടെ ഭവനത്തിൽ/ജോലിസ്ഥലത്ത്/കാമ്പസിൽ ലഭിക്കുവാൻ ഈ ഫോം പൂരിപ്പിച്ച ശേഷം മണിഓർഡർ/ ഡി.ഡി. സഹിതം അയയ്ക്കുക

**വരിസംഖ്യ കൂപ്പൺ**

പേര്: ..........................................................................................................

അഡ്രസ്സ്: ..........................................................................................................

..........................................................................................................

ജില്ല: ............................................................പിൻ: ..................................................

മൊബൈൽ: .................................ഇമെയിൽ.................................................................

പണമടയ്ക്കുന്ന രീതി: മണിഓർഡർ/ഡിഡി. തുക: ..................................................

**വരിസംഖ്യ ഒരു വർഷത്തേക്ക് ₹180**

വിലാസം: കെയ്റോസ്, എമ്മാവൂസ് എച്ച്.എം.ടി.കോളനി.പി.ഒ.,എറണാകുളം-683503
ഫോൺ: 0484 2558825, 9447742672. Email: kairosmag@gmail.com, www.kairos.jesusyouth.org
ചെക്കും ഡ്രാഫ്റ്റും കെയ്റോസ്, എറണാകുളം എന്ന പേരിലാണ് എടുക്കേണ്ടത്. ബാങ്ക് ട്രാൻസ്ഫർ ആയി പണമടയ്ക്കുന്നവർ, മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളോടൊപ്പം കോഡ് നമ്പർ ചേർത്ത് ഈമെയിൽ അയയ്ക്കുക.

**Bank Name:** Federal Bank Ltd. **Branch:** Kalamassery **Address:** P.B. No. 18, Premier Junction, Kalamassery
**A/c No.Savings Bank A/c :** 13060100110898. **MICR Code:** 682049016 **IFSC Code:** FDRL 0001012



## കവർസ്റ്റോറി

ഫാ. ബോബി കട്ടിക്കാട്

# തൊട്ടിൽ



അവൾ ഹൃദയം കൊണ്ടും അവൻ ശിരസ്സുകൊണ്ടും ജീവിക്കുന്നുവെന്നാണ് പൊതുവേയുള്ള വിചാരം. അവളുടെ കാര്യത്തിൽ അതല്ല അതിന്റെ ശരി. പെരുവിരൽ തൊട്ട് ഉച്ചിവരെ അവളൊരു ഗർഭപാത്രമാണെന്ന്! അങ്ങനെയാണ് കന്യക ഗർഭം ധരിക്കുകയെന്ന അപൂർവ ചാരുതയുള്ള കവിതയുണ്ടാകുന്നത്. വാത്സല്യമാണ് അവളുടെ സനാതനഭാവം. പാവയ്ക്കുപോലും പാൽ കൊടുക്കാൻ ശ്രമിക്കുന്ന നിങ്ങളുടെ ചെറിയ മകളെ തെല്ല് മാറി നിന്ന് ഒന്ന് നിരീക്ഷിക്കൂ. വൃദ്ധയുടെ വരണ്ടുകീറിയ ചുണ്ടിലേക്ക് ആട്ടിൻപാൽ ഇറ്റുവീഴ്ത്തിക്കുന്ന സുജാതയെന്ന ഇടയബാലികയെ കാണൂ. അമ്മയെന്നു പറയുമ്പോൾ ഒരു കുഞ്ഞിനെപ്പോലും തന്റെയുള്ളിൽ വഹിക്കാത്ത ഒരു അൽബേനിയക്കാരിയായ ഒരു വയോധികയെ നിങ്ങൾ ആദ്യമോർത്തതെന്തുകൊണ്ട്? നിങ്ങളെ പൊതിഞ്ഞുസൂക്ഷിക്കുവാൻ ദൈവം കരുതിവച്ച തൊട്ടിലാണ് അവൾ. അതിൽനിന്ന് പുറത്തുകടക്കാനുള്ള നമ്മുടെ ശ്രമത്തെ ചിലപ്പോൾ കണ്ണീരുകൊണ്ടും മറ്റു ചിലപ്പോൾ കലഹംകൊണ്ടും അവൾ തടഞ്ഞെന്നിരിക്കും.

**ഒന്നോർത്താൽ അമ്മയുടെ ഉദരം പോലെ വിസ്മയിപ്പിക്കുന്ന എന്തുണ്ടീ ഭൂമിയിൽ**

നമുക്കിനി എന്തു സംഭവിക്കും എന്നാണവളുടെ ആധി. താപാഘാതത്തിലേക്ക് എറിയപ്പെട്ട പൈതലിനെപ്പോലെ നിസ്സഹായരായി നമ്മൾ നിലവിളിക്കുന്നത് അവൾക്ക് ഓർക്കാനേ ആകില്ല. അമ്മ മരിച്ച അന്നാണ് അമ്മയെന്നെ പ്രസവിച്ചതെന്ന അർഥത്തിൽ കൽപ്പറ്റയുടെ ഒരു കവിത വായിച്ചു. അതത്രയും ശരിയാണെന്ന് തോന്നിയത് ഏറെ വർഷങ്ങളായി ഒന്നുമുരിയാടാത്ത, കിടക്കയിലേക്ക് ചുരുങ്ങിയ പ്രിയമുള്ള ഒരു അമ്മയുടെ വേർപാടിലാണ്. മക്കളപ്പോൾ ചരടുപൊട്ടിയ ഒരു മുത്തുമാലപോലെ അനുഭവപ്പെട്ടു. അമ്മയായിരുന്നു അവരെ ചേർത്തുനിർത്തിയിരുന്ന ഘടകം. ജരപ്പായയിലും അമ്മയ്ക്കു മക്കളെ രൂപപ്പെടുത്താൻ ആകും. അമിതാഹ്ലാദങ്ങളിലേക്കു വഴുതരുതെന്നും കാതലില്ലാത്ത ഒന്നിലും കുരുങ്ങരുതെന്നും അമ്മ നിശ്ശബ്ദയായി പഠിപ്പിക്കുകയായിരുന്നു. വീട്ടിലേക്കുള്ള ഇടുങ്ങിയ വഴി പുല്ലുപിടിക്കാതെ കാത്തുസൂക്ഷിച്ചത് അവരുടെ ദുർബലമായ പ്രാണന്റെ വരപ്രസാദമായിരുന്നു.

അവളുടെ ഉദരത്തിൽനിന്ന് പുറന്തള്ളപ്പെട്ടതാണ് ശരിക്കുമുള്ള പറുദീസ നഷ്ടം. എന്തൊരു സ്വാസ്ഥ്യമായിരുന്നു. കാതടപ്പിക്കുന്ന ശബ്ദങ്ങളില്ല. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശമില്ല. ഇളംവെയിൽ വീണ് തെളിഞ്ഞ വെള്ളത്തിലെ പരൽമീനെപ്പോലെ പ്രാണൻ. ശിഷ്ടകാലത്തിലെ അലച്ചിലുകളിൽ മുഴുവൻ അതിന്റെ അഗാധസ്മൃതികളുണ്ട്. ഒന്നി

ടറി വീണാലുടനെ അമ്മയുടെ അടുക്കലേക്ക് ഒരു റിഫ്ളക്സ് കണക്ക് ഓടിയെത്തുന്ന മുതിർന്ന കുഞ്ഞുങ്ങൾ തന്നെ നമ്മൾ. വല്ലാതെ തോറ്റൊരു മനുഷ്യനെ തിരിച്ചറിയുവാൻ വല്യബുദ്ധിയൊന്നും വേണ്ട. ആലിലക്കണ്ണനെപ്പോലെ സ്വയമൊരു വൃത്തം സൃഷ്ടിച്ച് പരമാവധി ചുരുണ്ടുകിടന്ന്... നിക്കദേമൂസിനെപ്പോലെ ഈ പ്രായത്തിൽ അമ്മയുടെ ഉദരത്തിൽ പ്രവേശിക്കാൻ ആകുമോയെന്നയാൾ സ്വയം ആരായുകയാണ്. ബോധമണ്ഡലത്തിലെന്നതിനെക്കാൾ അബോധ–അർധ ബോധ ഇടങ്ങളിലാണ് ആ സ്മൃതിയുടെ വേരുകൾ എന്നു തോന്നുന്നു.

ഒരു പ്രണയകവിത നോക്കൂ – You are my womb. അതിന്റെ സുഖദശീതളപ്രവാഹങ്ങളിൽ എന്റെ ഇളംപ്രാണൻ കത്തിയുരുകുകയാണ്. വേണ്ട എനിക്കു പുറത്തു കടക്കണ്ട. അതെ, എല്ലാ ശുഭകരമായ ഓർമകളിലും ആ ഒമ്പതു മാസത്തിന്റെ വിരലടയാളമുണ്ട്, ഒരു പള്ളിയെക്കുറിച്ചുപോലും അതെത്ര ശരിയാണ്, A Cathedral is an extension of your mother's womb അമ്മയുടെ ഉദരത്തിന്റെ വികാസഭാവമാണെന്ന അർഥത്തിൽ. നഗരത്തിലെ കാമ്പില്ലാത്ത ആരവങ്ങളിൽനിന്ന് ആവശ്യത്തിലേറെ പരുക്കുകളുമായി അതിലേക്കു പ്രവേശിക്കുമ്പോൾ പേരിടാനാകാത്ത ഒരു വാത്സല്യം നിങ്ങളെ അണച്ചുപൊതിയുമ്പോൾ അതിനെ മറ്റെന്തുവിളിക്കുവാൻ. ദൈവകാരുണ്യത്തിനും, ഗർഭപാത്രത്തിനും ഹീബ്രു വേദത്തിൽ സദൃശ്യപദം തന്നെയാണെത്രേ ഉപയോഗിക്കുന്നത് – റഹാമെ. അറബിയിലും സമാനമായ ഒരു വിശേഷണമാണെന്ന് വായിച്ചറിഞ്ഞു. മഹാകാരുണ്യത്തെ വിശേഷിപ്പിക്കുവാൻ അവർ ഉപയോഗിക്കുന്ന റഹ്മാൻ എന്ന വാക്കിൽ അമ്മയുടെ ഉദരത്തിന്റെ സൗമ്യ ധ്വനിയുണ്ട്. വെറുതെയല്ല ഒരു ഉദരംപോലെ ഭൂമിയെ പൊതിയാൻ ക്രിസ്തു ആഗ്രഹിച്ചത്. നിറമിഴിയോടെ ജറുസലേമിനെ ഉറ്റുനോക്കി അവൻ ഇങ്ങനെ പറഞ്ഞു: ജറുസലേം, ജറുസലേം തള്ളപ്പക്ഷി തന്റെ കുഞ്ഞുങ്ങളെ ചിറകിൽ കീഴിൽ ഒതുക്കുവാൻ കൊതിച്ചതു പോലെ നിന്നെ എന്റെ ചിറകോട് അണച്ചുപിടിക്കുവാൻ ഞാൻ എത്രമാത്രം ആശിച്ചിരുന്നു. 'അത്യുന്നതൻ എന്റെ കോട്ടയാകുന്നു. അവന്റെ ചിറകിൽ കീഴിൽ ഞാൻ എന്നെത്തന്നെ ഒളിപ്പിക്കു'മെന്ന സങ്കീർത്തനങ്ങളും പാടി, തീർഥാടകരുടെ ചെറുസംഘങ്ങൾ ദേവാലയത്തിന്റെ പടവുകൾ ചവിട്ടി വരുന്നുണ്ട്...

ഒന്നോർത്താൽ അമ്മയുടെ ഉദരം പോലെ വിസ്മയിപ്പിക്കുന്ന എന്തുണ്ടീ ഭൂമിയിൽ. ദീർഘമായ ഒമ്പതുമാസം. ചെറിയ ഗർഭകാലം ആവശ്യമുള്ള കംഗാരുവിനെ ഓർക്കുന്നു. അമ്മയുടെ ഉദരത്തിൽനിന്ന് പുറത്തുവന്നിട്ടും അതിന്റെ വികാസം പൂർണമാകാത്തതുകൊണ്ട് അമ്മയ്ക്കതിനെ പിന്നെയും കുറെക്കാലം സഞ്ചിയിൽ സൂക്ഷിക്കേണ്ടതായി വരുന്നു! ജീവന്റെ ഒരു കണിക കാഴ്ചയായി, കേൾവിയായി, ശ്രദ്ധയായി, ധ്യാനമായി ഒക്കെ പരിണമിക്കുന്നതിനെക്കാൾ അത്ഭുതകരമായ എന്തുണ്ടീ വാഴ്‌വിൽ.

നിറവയറുള്ള തന്റെ ഭാര്യയുമായി ഒരു കൂലിപ്പണിക്കാരൻ കാനേഷുമാരിയിൽ പങ്കുചേരുവാൻ നഗരത്തിലേക്ക് പോകുകയാണ്. അതീവ ക്ലേശം നിറഞ്ഞ ഈ യാത്രയിൽ ആ ക്ലേശത്തെ മായിക്കുന്ന ഒരു കാരണം അവളുടെ ഉള്ളിൽ ജീവൻ തുള്ളിതുടിക്കുന്നുവെന്നതാണ്. ആ ഓർമയിൽ ധ്യാനത്തിന്റെ പാതിമയക്കത്തിലാണ് അവളുടെ മിഴിയിണകൾ. സ്ത്രീ പാടേ മറന്നുപോകുന്ന ഏക ക്ലേശമാണതെന്ന് അവളുടെ മകൻ പിന്നീട് അതിനെ അടയാളപ്പെടുത്തുന്നു. ബാക്കിയുള്ളതൊക്കെ വ്രണമായോ വടുവായോ അവൾ കൂടെക്കൊണ്ടുപോകുന്നുണ്ട്. കൊടിയ ദാരിദ്ര്യത്തിലും നിശിത നിന്ദനങ്ങളിലും ഭൂമിയിലെ ഏതൊരു നിറംകെട്ട സ്ത്രീയെയും സഹായിക്കുന്ന നിഗൂഢകാരണമാണത്. കണ്ടില്ലേ, അടിമപ്പണി ചെയ്തുകൊണ്ടിരിക്കുമ്പോഴും ഹാഗാർ വെറുതെയിരുന്ന് ചിരിക്കുന്നത്. അത് തന്നോടുള്ള പരിഹാസമായി സാറാ എണ്ണിയിട്ടുണ്ടാകും. മോണാലിസയുടെ ഇനിയും വ്യാഖ്യാനിക്കാത്ത ചിരിയുടെ കാരണംപോലും അവർ കുഞ്ഞിനെ ഉള്ളിൽ വഹിച്ചിരുന്നതുകൊണ്ടാണെന്നുള്ള നിരീക്ഷണം ജോസ് സുരേഷിന്റെ ഒരു കുറിപ്പിൽ വായിച്ചതോർക്കുന്നു. ഈറ്റുനോവെന്ന കഠിനവേദനയും അവൾ കുറകെ കടക്കും പുഞ്ചിരിയോടെ. വയറ്റാട്ടി എടുത്തുയർത്തുന്ന കുഞ്ഞിന്റെ നെറ്റിത്തടത്തിൽ ചുംബിച്ച് അവൾ അതെല്ലാം മറക്കും.

കുഞ്ഞിന്റെ പിറവിയാണ് ശരിക്കുമുള്ള ഘോഷം. കുഞ്ഞിനെ പോയി കാണുകയെന്ന പഴയ ഗ്രാമീണശീലം ഇപ്പോൾ മാഞ്ഞു തുടങ്ങുന്നുണ്ട്. മരിച്ചവരെ പോയി കാണുകയാണ് പ്രധാനമെന്നാണ് എല്ലാവരും കരുതുന്നത്. ഒരർഥത്തിൽ അതോരോരുത്തരുടെയും കുറ്റബോധം കൊണ്ടാണ്, ജീവിച്ചിരുന്നപ്പോൾ അവരോട് പുലർത്താതെ പോയ നീതിബോധത്തെയോർത്ത്. ഒരു ദരിദ്ര സ്ത്രീയുടെ, പെരുവഴിയിൽ പിറന്ന കുഞ്ഞിനെതേടി ആരൊക്കെയാണ് വന്നതെന്നു നോക്കിക്കേ. സംഗീതവുമായി ദേവദൂതർ, നൃത്തച്ചുവടുകളുമായി ഇടയർ, സമ്മാനവുമായി കിഴക്കുനിന്നുള്ള ജ്ഞാനികളും. ഓരോ സ്ത്രീയുടെ ഉദരവും മറ്റൊരു വാഗ്ദാനപേടകം, ഓരോ പിറവിയും ഭൂമിയുടെ മറ്റൊരു ക്രിസ്മസ് ■

**കുഞ്ഞിനെ പോയി കാണുകയെന്ന പഴയ ഗ്രാമീണ ശീലം ഇപ്പോൾ മാഞ്ഞു തുടങ്ങുന്നുണ്ട്. മരിച്ചവരെ പോയി കാണുകയാണ് പ്രധാനമെന്നാണ് എല്ലാവരും കരുതുന്നത്**



## കൂടിക്കാഴ്ച

പ്രിൻസ് ടി. ഡി.

# ഈ വഴിയേ മടങ്ങാം, ജീവിതത്തിലേക്ക്

പീഡനവാർത്തകളാൽ നിറയുകയാണ് പത്രങ്ങളും ചാനലുകളും. ഓരോദിവസവും പുതിയ ഇരകളും പുതിയ പീഡകരും. സംരക്ഷിക്കാൻ ചുമതലയുള്ളവർതന്നെ അങ്ങേയറ്റം തരംതാഴ്ന്ന് വിനാശകരാകുന്നു. പിഞ്ചുബാലികമാർ മുതൽ ജരാനര ബാധിച്ച വയോധിക വരെ കാമാന്ധതയ്ക്കു പാത്രമാകുന്നു. തുടർന്ന് ചാനൽ ചർച്ചകളും പതിവുപോലെ വിവാദങ്ങളും. നമ്മെ ബാധിക്കാത്ത ഒരു വിഷയമെന്നപോലെ നാം ഇതെല്ലാം ആസ്വദിക്കുകയും ചെയ്യുന്നു.

എന്നാൽ പിച്ചിച്ചീന്തപ്പെടുന്ന ജീവിതങ്ങളും തകർന്നടിയുന്ന സ്വപ്നങ്ങളും ചില ഹൃദയങ്ങളെയെങ്കിലും അലിയിക്കുന്നുണ്ട്. വെറുമൊരു സഹതാപത്തിനും ഉപദേശത്തിനുമപ്പുറം ചിലതു ചെയ്യാൻ ചിലർ ഇറങ്ങിപ്പുറപ്പെടുന്നുമുണ്ട്. എറണാകുളം സ്വദേശിയായ ബീന സെബാസ്റ്റ്യൻ ഇത്തരത്തിൽ മുന്നോട്ടിറങ്ങിയ ആളാണ്. ഏതുതരത്തിലുമുള്ള പീഡനത്തിന്റെയും ബാക്കിപത്രം ഇരകളുടെ കണ്ണീരാണെന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണമെന്ന ബോധ്യമാണ് സംഘടനാപ്രവർത്തനത്തിലൂടെ സ്ത്രീസുരക്ഷയ്ക്കായി നിലകൊള്ളാൻ ബീനയെ പ്രേരിപ്പിച്ചത്.

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ബീന സ്ഥാപിച്ച സംഘടനയായ എറണാകുളത്തെ കൾചറൽ അക്കാഡമി ഫോർ പീസ്-ലൂടെ സംഭവിക്കുന്ന നൻമകൾ അനേകർക്ക് പുതുജീവിതമാകുകയാണ്.

'ഒൻപതുവർഷത്തോളം കെ.സി.ബി.സി.-യുടെ വിമൻ സെക്രട്ടറി ആയും സി.ബി.സി.ഐ. -യുടെ വുമൺ റപ്രസന്റേറ്റീവ് ആയും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ കെ.സി.ബി. സി.-യുടെയും സി.ബി.സി.ഐ.-യുടെയും ജെൻഡർഎക്സ്പേർട്ട്കമ്മിറ്റിഅംഗവുമാണ്. വിവിധ മേഖലകളിലെ പ്രവർത്തനങ്ങളുടെ നടുവിൽ നിന്നുകൊണ്ട് ബീന കെയ്റോസിനോട് സംസാരിക്കുന്നു.

### കൾചറൽ അക്കാഡമി ഫോർ പീസ് എന്താണ്? എന്തിനാണ്?

നീതി, സമാധാനം, അനുരഞ്ജനം എന്നീ മൂന്നു ഘടകങ്ങളിലൂന്നിക്കൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുന്ന സംഘടനയാണിത്. 1984-ലായിരുന്നു തുടക്കം. ജീവന്റെ അമൂല്യത ഉയർത്തിപ്പിടിക്കുകയും ജീവനെ വിലമതിക്കുന്ന ഒരു സമൂഹത്തെ കെട്ടിപ്പടുക്കുകയും ചെയ്യുക എന്ന ദർശനത്തോടെയാണ് കൾചറൽ അക്കാഡമി ഫോർ പീസ് -ക്യാപ് (CAP) ആരംഭിച്ചത്. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മേഖലയിലുള്ള ഒട്ടേറെപ്പേർ ഇതിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാണ്.

### സംഘടനയുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ

സ്ത്രീ എവിടെയെല്ലാം ചൂഷണത്തിന് ഇരയാകുന്നുണ്ടോ അവിടെയെല്ലാം ക്യാപ് സേവനമെത്തുന്നു. നഗരത്തിൽ എത്തിപ്പെടുന്ന അശരണരായ സ്ത്രീകൾക്കും കുട്ടികൾക്കുമെല്ലാം സുരക്ഷിതമായ താമസമൊരുക്കുക, വീടിനകത്തും പുറത്തും പീഡനമേൽക്കുന്നവർക്ക് നിയമസഹായവും കൗൺസലിങ്ങും ലഭ്യമാക്കുക, വിവിധ പരിശീലനങ്ങൾ നൽകുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

എറ്റവും പ്രധാനപ്പെട്ട സംരംഭം സ്ത്രീകൾക്കായും കുട്ടികൾക്കായുമുള്ള ശാന്തിഭവൻ എന്ന സ്ഥാപനമാണ്. ഏതുവിധത്തിലമുള്ള പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയായ സ്ത്രീകൾക്ക് അഭയമേകി അവരെ ജീവിതത്തിലേക്ക് തിരികെക്കൊണ്ടുവരാനുള്ള



ഒരു കേന്ദ്രമാണ് ശാന്തിഭവൻ. ക്യാപ്, കൊച്ചിൻ കോർപറേഷൻ എന്നിവയുടെ സംയുക്ത സംരംഭമാണിത്.

പലവിധത്തിലുള്ള പ്രശ്നങ്ങളിൽപെട്ട് ഇവിടെയെത്തുന്ന സ്ത്രീകളെ അവരായിരിക്കുന്ന അവസ്ഥയിൽതന്നെ അംഗീകരിച്ചാണ് ഞങ്ങൾ സ്വീകരിക്കുന്നത്. അവർക്ക് ഒരു ഇമോഷനൽ ഫസ്റ്റ് എയ്ഡ് നൽകി ശാന്തിഭവനത്തിലെ ഒരംഗമായി സ്വീകരിക്കുന്നു. പിന്നീട് ആവശ്യമനുസരിച്ച് കൗൺസലിങ്ങും മറ്റുപരിശീലനങ്ങളും നൽകുന്നു. പഠിക്കാനാഗ്രഹിക്കുന്നവർക്ക് അതിനുള്ള സഹായങ്ങളും ജോലിചെയ്യാനാഗ്രഹിക്കുന്നവർക്ക്പരിശീലനവും നൽകുന്നു. ഇങ്ങനെയെല്ലാം സമൂഹത്തിലേക്ക് ഇറങ്ങി ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള കരുത്തും ധൈര്യവും അവർക്ക് പ്രദാനം ചെയ്യാനാണ് ശാന്തിഭവന്റെ ശ്രമം.

കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിനു സമീപം കോർപറേഷന്റെ കെട്ടിടത്തിലാണ് ശാന്തിഭവൻ പ്രവർത്തിക്കുന്നത്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ അമ്പതോളം പേരാണ് ഇപ്പോൾ ഇവിടെയുള്ളത്. ഒട്ടേറെപ്പേരുടെ ആത്മാർഥമായ സഹായത്തോടെയാണ് പ്രവർത്തനം. എറണാകുളം രൂപതയുടെ സേവ് എ ഫാമിലിയുടെ സഹായം ലഭിക്കുന്നുണ്ട്. വ്യക്തിപരമായി അമ്മയെയും കുഞ്ഞിനെയും സ്പോൺസർ ചെയ്യുന്നവരുണ്ട്.

### ഇത്തരത്തിൽ സ്ത്രീകൾക്കുവേണ്ടി പ്രവർത്തിക്കാനും ഇറങ്ങിപ്പുറപ്പെടാനും പ്രചോദനമായത് എന്താണ്?

എം.എസ്.ഡബ്ള്യു. കഴിഞ്ഞപ്പോഴാണ് ഞാൻ വഴി സമൂഹത്തിനെന്തെങ്കിലും പ്രയോജനം ഉണ്ടാകണമെന്ന തോന്നൽ വന്നത്. വിവാഹം കഴിഞ്ഞ നാളുകളിൽ ആത്മഹത്യചെയ്യാനൊരുങ്ങിയ ഒരു സ്ത്രീയെയും മൂന്നുമക്കളെയും ആരോ പറഞ്ഞ് എന്റെ അടുക്കലേക്കു വിട്ടു. എന്തുപറയണമെന്ന് എനിക്കറിയില്ലായിരുന്നു. ഞാനാണ് ആ അവസ്ഥയിലെങ്കിൽ എന്നുചിന്തിച്ചപ്പോൾ അവരിൽ ഒരുസഹോദരിയെ കാണാൻ എനിക്കുകഴിഞ്ഞു. ഭർത്താവിനോടു പറഞ്ഞ് അവരെ അന്ന് ഞങ്ങളുടെ വീട്ടിൽതന്നെ താമസിപ്പിച്ചു. തുടർന്ന് ഈ അമ്മയെയും കുഞ്ഞുങ്ങളെയും ചികിൽസിക്കാനും അവരെ ജീവിതത്തിലേക്കുമടക്കിക്കൊണ്ടുവരാനും സാധിച്ചു. ഇതുപോലുള്ള അനുഭവങ്ങളുമായി വന്ന പലരെയും പിന്നീട് സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്. സഖി എന്നപേരിലൊരു സ്ഥാപനം ആ നാളുകളിൽ തുടങ്ങിയതാണ്. ദൈവം തന്ന താലന്തുകൾ അറിവിന്റെയും കഴിവിന്റെയും സാന്ത്വനത്തിന്റെയും പരിചരണത്തിന്റെയും തലത്തിൽ മറ്റുള്ളവർക്കായി ഉപയോഗിക്കണമെന്ന ബോധ്യം എന്നിൽ ശക്തമായി. മാതാപിതാക്കളുടെ ജീവിതശൈലിയുടെ സ്വാധീനം എന്നും എന്റെ പ്രവർത്തനങ്ങളിൽ ഉണ്ട്.

### ഇത്തരം പ്രവർത്തനങ്ങളിൽ ആത്മീയതയ്ക്കും പ്രാർഥനയ്ക്കുമെല്ലാമുള്ള സ്ഥാനമെന്താണ്?

പലപ്പോഴും ഇക്കാര്യങ്ങളെല്ലാം ചെയ്യുമ്പോഴും തിരികെ ലഭിക്കുന്നത് നിരാശയും വിഷമങ്ങളുമായിരിക്കും. ഓരോ ആവശ്യങ്ങൾക്കായി ആളെ കിട്ടാത്ത അവസ്ഥ. വചനം പറയുന്നപോലെ വിളവ് അധികം, വേലക്കാരോ ചുരുക്കം എന്നത് അക്ഷരാർഥത്തിൽ അനുഭവിക്കാറുണ്ട്. പലപ്പോഴും നമ്മുടെ ആളുകൾ ജനനം, വിവാഹം, മരണം എന്നിവയിലെല്ലാം പങ്കെടുത്ത് വലിയ ആഘോഷമാക്കാറുണ്ട്. എന്നാൽ ഇത്തരം ഒരുകാര്യത്തിനായി സമയം മാറ്റിവയ്ക്കാൻ വലിയ മടിയാണ്. അവിടെയെല്ലാം നിനക്ക് എന്റെ കൃപ മതിയെന്ന വചനമാണ് ശക്തി പകരുന്നത്. വിശുദ്ധ കുർബാന, ധ്യാനം എന്നിവയെല്ലാം എനിക്ക് വലിയ ആശ്വാസമാണ്.

### ഡൽഹിയിൽ പെൺകുട്ടിക്കു സംഭവിച്ച ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സ്ത്രീകളുടെ സുരക്ഷയ്ക്കായി ഒരു കരുത്തുറ്റ നിയമം വരുമെന്ന പ്രതീക്ഷയുണ്ടോ?

തീർച്ചയായും. വ്യക്തിപരമായി ഓരോരുത്തരും മാറണം എന്നാണ് എന്റെ അഭിപ്രായം. ഇര എന്റെ ആരുമല്ല, ഇത് എന്നെ ബാധിക്കുന്ന പ്രശ്നമല്ല എന്ന ചിന്ത ഉപേക്ഷിക്കണം. എന്തായാലും ഡൽഹി സംഭവം ഒരു ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. സമൂഹത്തിൽ ഒരു ചലനം കൊണ്ടുവന്നു. എങ്കിലും വധശിക്ഷ ഒരുത്തരമാണെന്നു തോന്നുന്നില്ല. ജീവൻ നൽകിയവനുമാത്രമേ അതെടുക്കാനുള്ള അവകാശമുള്ളൂ എന്നാണ് എന്റെ വിശ്വാസം. പീഡന കേസിലെ പ്രതികൾക്ക് മരണം വരെ തടവുശിക്ഷ നൽകുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

കേസ് ദുർബലമായിപ്പോകാതെ അന്വേഷണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണം. നീതി നടപ്പാകാനായി സമൂഹം ഒറ്റക്കെട്ടായി നിൽക്കണം.

### ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ മറക്കാനാകാത്ത ഒരു സംഭവം പങ്കുവയ്ക്കാമോ?

'ഒരുദിവസം പുലർച്ചെ ഒരുഗർഭിണിയുടെ ഫോൺ കോൾ വന്നു. അവർ കരയുകയായിരുന്നു. ഭർത്താവ് ഉപേക്ഷിച്ച അവരെ



*ബീന സെബാസ്റ്റ്യൻ കുടുംബത്തോടൊപ്പം*

അപ്പോൾതന്നെ ഞങ്ങൾ സെന്ററിലേക്കു കൊണ്ടുവന്നു. ഒരു ഗർഭിണിക്കു ലഭിക്കേണ്ട എല്ലാ സൗകര്യങ്ങളും ഏർപ്പാടാക്കി, ആശുപത്രിയിലെത്തിക്കുകയും ചെയ്തു. കുഞ്ഞുജനിച്ച് ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവരുടെ ഭർത്താവുമെത്തി. അയാൾ കുറ്റമേറ്റുപറഞ്ഞ് മാപ്പുചോദിച്ചു. അയാളെപ്പറ്റി കൂടുതൽ കാര്യങ്ങൾ കേട്ടപ്പോഴാണ് മനസ്സിലായത്, ചെറുപ്പത്തിൽ കൊടിയ പീഡനങ്ങളും ഒറ്റപ്പെടലുകളുംഅനുഭവിച്ചയാളാണ് ആ മനുഷ്യനും. ജീവിത സാഹചര്യങ്ങളാണ് അയാളെ അങ്ങനെയാക്കിത്തീർത്തത്. ഒരു മനുഷ്യനും പീഡകനായി ജനിക്കുന്നില്ല. അതിനാൽ ഞങ്ങൾ പീഡനത്തിനിരയാകുന്ന സ്ത്രീകൾക്കു വേണ്ടി മാത്രമല്ല, പീഡകരായ പുരുഷൻമാർക്കും മാറ്റമുണ്ടാകണമെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. അതിനുശേഷം ഇത്തരത്തിൽ പെട്ട പല പുരുഷൻമാരെയും ഞങ്ങൾ കണ്ടിട്ടുണ്ട്. തങ്ങളുടെ പ്രശ്നങ്ങൾ തുറന്നു സംസാരിക്കാനും വിഷമതകൾ പങ്കുവയ്ക്കാനും ഇങ്ങനെയൊരവസരം കിട്ടിയിട്ടില്ലെന്ന് അവർ പലരും പറഞ്ഞിട്ടുണ്ട്. ഇത് വലിയൊരു അനുഭവമായിട്ടാണ് എനിക്കു തോന്നിയിട്ടുള്ളത്.

### നമ്മുടെ നാട്ടിൽ ഉയർന്നുകേൾക്കുന്ന പീഡന കഥകൾക്ക് ഒരു പരിഹാരമുണ്ടോ?

സ്ത്രീയെ സ്ത്രീയായും പുരുഷനെ പുരുഷനായും അംഗീകരിക്കുകയാണ് ആദ്യം വേണ്ടത്. ആൺമേൽക്കോയ്മ കുറച്ചുകൊണ്ടുവരണം. തുല്യനീതി നടപ്പാക്കണം. മരണവീട്ടിൽ പോലും ആൺകുഞ്ഞുങ്ങൾ കരയരുതെന്ന് വാശിപിടിക്കുന്ന നമ്മൾ പെൺകുഞ്ഞുങ്ങളെ മിണ്ടാതിരുന്ന് സഹിക്കാനാണ് പഠിപ്പിക്കുന്നത്. പ്രതികരിക്കാൻ പഠിപ്പിക്കുന്നില്ല. പുരുഷന്റെ കാര്യത്തിലാണെങ്കിൽ അയാളുടെ വിഷമവും സന്തോഷവും വേദനയുമൊന്നും ആരും കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നില്ല . ഒരുതരം സപ്രഷനാണ് അവനെ പിന്നീട് കോപത്തിലേക്കും മറ്റുപല വൈകൃതങ്ങളിലേക്കും കൊണ്ടെത്തിക്കുന്നത്.

പീഡന കേസുകളിൽ തീർപ്പുകൽപിക്കാൻ അതിവേഗ കോടതികൾ അനിവാര്യമാണ്. സ്കൂളുകളും കോളജുകളും കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണങ്ങൾ നടത്തണം. പീഡന കേസിൽ പെട്ടവരുടെ പേരുകൾ പൊലീസ് സ്റ്റേഷനുകളിൽ പരസ്യപ്പെടുത്തുകയും ആന്റി ഹരാസ്മെന്റ് സെല്ലുകൾ രൂപീകരിക്കുകയും വേണം.

### പീഡനങ്ങളുടെ എണ്ണം നാൾക്കുനാൾ വർധിക്കുമ്പോൾ എന്തൊക്കെയാണ് ഭാവി പരിപാടികൾ?

ഒരു റെസ്ക്യൂ ഓപ്പറേഷൻ ടീം എത്രയും പെട്ടെന്ന് വേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഒരു പീഡന വാർത്ത അറിഞ്ഞാലുടൻ സ്ഥലത്തെത്തി ഇരയെ മോചിപ്പിക്കാനുള്ള ശ്രമം നടത്തണം. ഇത് ഒരു പ്രോജക്ടായി രൂപപ്പെടുത്തുവാൻ ഞങ്ങൾ ഒരുങ്ങുകയാണ്. പിന്നെ പുനരധിവസിപ്പിക്കുന്നവർക്കായി ഒരു കമ്യൂണിറ്റി പീസ് വില്ലേജ് സ്ഥാപിക്കാനും ആലോചനയുണ്ട്. ഇതിനുള്ള പ്രാർഥനയിലാണ്.

### യുവാക്കളോട് എന്താണ് പറയാനുള്ളത്?

ടെക്നോളജിയും മീഡിയയുമെല്ലാം ജീവിതത്തോട് വളരെ അടുത്തുനിൽക്കുന്ന കാലഘട്ടമാണ്. എല്ലാവർക്കും ധാരാളം അവസരങ്ങളുമുണ്ട്. എല്ലാറ്റിനും എവിടെയാണ് അതിർവരമ്പിടേണ്ടത് എന്ന് നാം തീരുമാനിക്കണം., സ്വയം നിയന്ത്രിക്കുക. എനിക്കിതു മതി, ഇതിനപ്പുറം പോയാൽ ആപത്താണ് എന്ന തിരിച്ചറിവ് ഉണ്ടാവുക.

### കുടുംബത്തെപ്പറ്റി

കുടുംബം എറണാകുളം, ഇടപ്പള്ളിയിലാണ്. ഭർത്താവ് സെബാസ്റ്റ്യൻ ബിസിനസ് നടത്തുന്നു. മൂത്തമകൾ കുക്കു ട്രീസ വിവാഹിതയാണ്, രണ്ടാമത്തെ മകൾ പ്രണുമിറിയം ബിടെക് കഴിഞ്ഞ് ജോലി ചെയ്യുന്നു ■

*കൾചറൽ അക്കാഡമിയുമായി ബന്ധപ്പെടാൻ:*
വെബ്സൈറ്റ് - culturalacademy.org
ഫോൺ - 0484 2369433, 9446322396

അഡ്വ. വിമല ബിനു മാമ്പറ

# നിയമങ്ങൾക്ക് ചെയ്യാനാകുന്നത്

സ്വന്തം പിതാവിനാൽ പീഡിപ്പിക്കപ്പെട്ട കുഞ്ഞിനെ വിട്ടു കിട്ടുന്നതിനായാണ് (ബീന) എന്നെ സമീപിച്ചത്. ആരുടെയും ഉറക്കം കെടുത്തുന്ന ആ തേങ്ങൽ എന്നെ വല്ലാതെ ഉലച്ചു. നീതിക്കായി ബീന മുട്ടിയ വാതിലുകളിലെല്ലാം ബീനയെ കാത്തിരുന്നത് മനുഷ്യത്വത്തിന്റെ അതിക്രൂര ഭാവങ്ങളായിരുന്നു. പൊലീസും, സമൂഹവും, മാധ്യമ പ്രവർത്തകരും, രാഷ്ട്രീയക്കാരും തുടങ്ങി എല്ലാവരും, ബീനയെ കടിച്ചു കീറുകയായിരുന്നു. കുഞ്ഞിനെ വിട്ടു കിട്ടുന്നതിനായുള്ള ബീനയുടെ കേസ് ഹൈക്കോടതിയിൽ ഇന്ന് പെൻഡിങ്ങാണ്.



ലൈംഗിക വൈകൃതങ്ങളുടെയും അരാജകത്വത്തിന്റെയും ഈ ലോകത്ത് അഭയവും സംരക്ഷണവും നൽകുവാൻ വിധിക്കപ്പെട്ട കൈകളിൽ പോലും പാപത്തിന്റെ മുള്ളാണികൾ പതിയിരിക്കുന്നു. ഹൊ ദൈവമേ! ഇതെങ്ങോട്ട്?

ലൈംഗിക വൈകൃതങ്ങളെയും പീഡനങ്ങളെയും അടിച്ചമർത്തുവാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാവുന്നില്ലെന്നും, സമൂഹം വിലയിരുത്തുന്നു. എങ്കിൽ തന്നെയും, നിലവിലുള്ള നിയമങ്ങൾ ഏതൊക്കെ എന്നു നമുക്ക് പരിശോധിക്കാം.

1860 – ൽ ഡ്രാഫ്റ്റ് ചെയ്യപ്പെട്ട ഇന്ത്യൻ പീനൽ കോഡ് തന്നെയാണ് ഇന്നും നമുക്കാശ്രയം എന്നത് അതിശയിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്ന യാഥാർഥ്യമാണ്.

ഐ.പി.സി. സെക്ഷൻ 354 – ഒരു സ്ത്രീക്കെതിരെ അവരുടെ ചാരിത്ര്യത്തിനെ കളങ്കപ്പെടുത്തുന്ന രീതിയിൽ ബലം പ്രയോഗിക്കുന്നതിനെ രണ്ടു വർഷത്തെ ശിക്ഷയാണ് നിയമം ഈ സെക്ഷൻ പ്രകാരം വിവക്ഷിക്കുന്നത്.

ഐ.പി.സി. സെക്ഷൻ 376 – ബലാത്സംഗം, 7 വർഷത്തിൽ കുറയാത്ത ശിക്ഷയാണ് നിയമം അനുശാസിക്കുന്നത്. മാനഭംഗകേസിനുള്ള നിയമപരമായ ശിക്ഷ, അതുമല്ലെങ്കിൽ കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്ത് ജീവപര്യന്തം ശിക്ഷ.

IPC 506 Punishment for criminal intimidation, word, gesture or act intended to insult the modesty of a women – 1 year punishment ഇവ കൂടാതെ Protection of children from Sexual Offences Act, Protection of Women from sexual harassment at work place – bill passed in the Parliament, ഇവയാക്കെ ലൈംഗിക കുറ്റകൃത്യങ്ങൾക്കെതിരെയുള്ള നിയമനടപടികളാണ്.

മാനഭംഗത്തോടൊപ്പം പെൺകുട്ടികൾ മരണപ്പെടുന്ന സാഹചര്യങ്ങളിൽ നിയമപ്രകാരമുള്ള ശിക്ഷ കൊലപാതകത്തിനു കൂടിയുള്ളതാണ്.

ഡൽഹിയിലെ പെൺകുട്ടി നിയമപരമായി ഇന്ത്യയിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനിടയാകാമെന്നു കരുതുന്നു. മാനഭംഗകേസുകളിൽ, വധശിക്ഷ തന്നെ പ്രതിക്ക് നൽകുന്നതിനെക്കുറിച്ചും, രാസപരമായ ഷണ്ഡീകരണം നടത്തുന്നതിനെക്കുറിച്ചുമൊക്കെയുള്ള നിയമ ചർച്ചകളിലാണ് ഇന്ന് നമ്മുടെ രാജ്യം. നിയമം കൂടുതൽ ദൃഢമാകട്ടെ. അതിക്രമങ്ങൾ കാണിക്കുന്നവർക്ക് താക്കീതാകുന്ന രീതിയിൽ കുറ്റവാളികൾ ശിക്ഷയ്ക്ക് വിധേയരാക്കപ്പെടണം. തന്മൂലം ഇന്ത്യൻ സ്ത്രീത്വം സ്വാതന്ത്ര്യത്തിലേക്ക് നയിക്കപ്പെടട്ടെ.

*ലേഖിക കേരള ഹൈക്കോടതിയിൽ പ്രവർത്തിക്കുന്നു*
advtvimala@gmail.com

**ഹെൽപ് ലൈൻ:**

സ്ത്രീകൾക്ക് നിയമപരമായ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി, ലേഡി അഡ്വക്കെറ്റ്സ്, ഹൈക്കോർട്ട് ഓഫ് കേരളയുടെ ആഭിമുഖ്യത്തിൽ ഒരു ഹെൽപ്ലൈൻ നമ്പർ ആരംഭിച്ചിട്ടുണ്ട്. ഫോൺ: 97445 34140.



**കവർസ്റ്റോറി**

കെ. രേഖ

# ആൺകുട്ടികൾ

പെൺകുഞ്ഞുങ്ങളെയായിരുന്നു എനിക്ക് എല്ലാക്കാലത്തും ഇഷ്ടം. അവരുടെ മിനുമിനുത്ത കൈകൾ ഇളംചിരികൾ, കിളിക്കൊഞ്ചലുകൾ... പെൺകുഞ്ഞുങ്ങളെക്കുറിച്ചുള്ള എല്ലാചിന്തകളും മൃദുവാണ്. വർഷങ്ങൾക്കുമുൻപ്, കോളജുകാലത്ത് എന്റെ കൂട്ടുകാരിയുടെ അമ്മ കുസൃതിക്ക് എന്റെ കൈനോക്കി പ്രവചിച്ചു– നിനക്ക് രണ്ട് ആൺകുട്ടികളായിരിക്കും ഉണ്ടാകുക. അന്നതുകേട്ടപ്പോൾ എനിക്കുവലിയ സങ്കടമായിരുന്നു. ബേബി പിങ്ക്, ലെമൺ യെല്ലോ, ചുവപ്പ്, വെളുപ്പ് അങ്ങനെ ഭംഗിയുള്ള കുപ്പായങ്ങളിടുന്ന ഒരുപെൺകുട്ടി എന്റെ സ്വപ്ന ലോകത്തെ രാജകുമാരിയായിരുന്നു.

അത് പണ്ട്.

രണ്ടുകുഞ്ഞുങ്ങളെ ഉദരത്തിൽ ചുമന്നപ്പോഴൊക്കെ എന്റെ പ്രാർഥന ആൺകുഞ്ഞാകണം എന്നായിരുന്നു. കോളജ് കാലത്തിനും തുടർന്നുള്ള ജീവിതത്തിനുമിടയിലുണ്ടായ അനുഭവങ്ങളുടെ പെരുമഴ. ആ പുഴയിൽ ഒലിച്ചുപോയ ലോലമായ വിചാരങ്ങൾ. പീഡനം എന്നവാക്കിന്റെ കാഠിന്യമറിയാത്ത കുട്ടിപ്രായത്തിന്റെ അതിമോഹമായിരുന്നു പെൺകുഞ്ഞ് എന്നറിയാൻ കുറേ കാലമെടുത്തു. രാത്രിജോലിക്കാരിയായ ഒരുപത്രപ്രവർത്തകയ്ക്ക് സൗമ്യമായ വിചാരങ്ങളേ പാടില്ല. പത്രപ്രവർത്തകർക്കുണ്ടാകേണ്ട ഏറ്റവും പ്രധാനഗുണം മുൻകൂട്ടിക്കാണലാണത്രേ. തന്റെയും നാടിന്റെയും ദുരന്തങ്ങൾ മുൻകൂട്ടിക്കാണുക എന്നുകൂട്ടിച്ചേർക്കാം. അമ്മ ഓഫീസിലിരുന്നു ജോലി ചെയ്യുമ്പോൾ വീട്ടിൽ അരക്ഷിതാവസ്ഥയിൽ ഒറ്റയ്ക്കുകഴിയേണ്ടിവരുന്ന ഒരുപെൺകുട്ടി– അങ്ങനെയൊന്ന് ആലോചിക്കുമ്പോൾ തന്നെ പേടിയാണ്. അതുകൊണ്ട് പിറക്കാനിരിക്കുന്നത് ആൺകുട്ടികളാകട്ടെ എന്ന് മനസ്സുകുടഞ്ഞു വിചാരിച്ചു.

പെരുമഴക്കാലം. ഭൂമിയെ പിളർത്തിയേ അടങ്ങൂ എന്നമട്ടിൽ ആഞ്ഞുവീശുന്ന ഇടിമിന്നലിന്റെ വാൾത്തലത്തിളക്കം. അമ്മയുടെ വയറിൽ മുഖംചേർത്തുകിടക്കുന്ന കുട്ടിക്കാല രാത്രികളെക്കുറിച്ച് ഓർക്കുമ്പോഴൊക്കെ നഷ്ടബോധത്തിന്റെയും വേദനയുടെയും ഭാരംകൊണ്ട് എന്റെ തലകുനിയും. രാത്രി ഓഫീസിലിരിക്കുമ്പോൾ മഴപെയ്യുമ്പോൾ എന്റെ സങ്കടവും ഇടതടവില്ലാതെ പെയ്യും. അമ്മയുടെ കൈ പിടിച്ച് ഇറവെള്ളത്തിലേക്ക് കൈനീട്ടിനിൽക്കുന്നതിന്റെ രസമൊന്നും എന്റെ കുട്ടികൾ അനുഭവിക്കില്ലല്ലോ. അവരും ആഗ്രഹിക്കില്ലേ, ഇടിയും മിന്നലും വരുമ്പോൾ അമ്മയുടെ മടിത്തട്ടിൽ മുഖംപൂഴ്ത്തി പേടിമാറ്റണമെന്ന്. അത്തരം ആലോചനകൾ കാടുകയറുമ്പോൾ മറ്റെന്തെങ്കിലും ചിന്തിച്ച് രക്ഷപ്പെടാൻ നോക്കും ഞാൻ!

മഴകളിൽ പോലും ഉലയുന്ന എനിക്ക് ഒരു പെൺകുട്ടി അച്ഛനമ്മമാരുടെ സാന്നിധ്യമില്ലാതെ രാത്രികളിൽ വീട്ടിൽകഴിയുന്നത് ആലോചിക്കാനേ വയ്യ. ചുള്ളിക്കാടിന്റെ വരികൾ കടമെടുത്താൽ പിറക്കാതെ പോകട്ടെ നീയെൻമകളേ എന്നു പ്രാർഥിക്കാൻ ഞാൻ ശീലിച്ചത് അങ്ങനെയാകാം.

ആൺകുഞ്ഞുങ്ങളുടെ അമ്മയായപ്പോൾ അവരെ നല്ലകുട്ടികളായി എങ്ങനെ വളർത്താം എന്നതായിരുന്നു വേവലാതി. സ്ത്രീകളെ സ്നേഹിക്കാനാകുന്ന, സ്ത്രീകൾക്കു ബഹുമാനവും സ്നേഹവും കൊടുക്കാനാകുന്ന ഉത്തമപുരുഷൻമാരായി അവർ വളർന്നുവരുന്നതിനെക്കുറിച്ച് സുന്ദരമായ സ്വപ്നങ്ങളുണ്ടെനിക്ക്. പ്രസാദം വദനത്തിങ്കൽ, കാരുണ്യം ദർശനത്തിലും, മാധുര്യം വാക്കിലും ചേർന്നുള്ളവനേ പുരുഷോത്തമൻ എന്നാണു കുട്ടിക്കാലം മുതലേ കേൾക്കുന്നത്. ഏറ്റവും പ്രാഥമികമായ ആ വിചാരത്തിന് എപ്പോഴും പ്രസക്തിയുണ്ട്. ആ സങ്കൽപത്തിന് നല്ല ചാരുതയുണ്ട്. ശ്വാസം മുട്ടിക്കുന്ന ഗൗരവം അണിയുന്ന പുരുഷനെ ഇഷ്ടപ്പെടാൻ മുപ്പതുകളുടെ തിരിച്ചറിവിൽ എനിക്കുതീരെ കഴിയുന്നില്ല. പ്രസാദം നിറഞ്ഞ മുഖമുള്ള പുരുഷനെ കാണാൻ എന്തുഭംഗിയാണ്. കാരുണ്യം തൊട്ടുതീണ്ടാത്ത പുച്ഛംനിറഞ്ഞ വാക്കുകൾ പുരുഷനെ എത്ര അധമനാക്കും. ഉള്ളിൽ കാരുണ്യമുള്ള പുരുഷന്റെ ശബ്ദവും സുന്ദരമാകും. കാരുണ്യമുള്ള പുരുഷനാണ് ഏറ്റവും സുന്ദരൻ. അവന്റെമുഖത്തുനിന്ന് കാരുണ്യം ഒരു പുഴ പോലെ പ്രവഹിക്കും. മനുഷ്യസഹജമായ എല്ലാമാലിന്യങ്ങളെയും കഴുകി അവനെ ശുദ്ധമാക്കും.

പ്രണയത്തിൽ അവൻ ബലിഷ്ഠമായ കൈകൾ കൊണ്ട് ഒഴുക്കിനെ തടയും. പേമാരിയെ ചെറുക്കും. പ്രിയപ്പെട്ടവളെ ഉള്ളംകൈയിലെന്ന പോലെ ഇരുട്ടിലും ഒഴുക്കിലും സംരക്ഷിക്കും. അവൻ അച്ഛനമ്മമാരുടെ വാർധക്യത്തിൽ അവരെ ശിശുക്കളെ എന്നപോലെ ലാളിക്കും. കുഞ്ഞുങ്ങളെ ക്ഷമയോടെ പരിചരിക്കും. കൂട്ടുകാർക്ക് അവൻ പ്രകാശം നിറയുന്ന സ്നേഹം കൊടുക്കും. ലോകത്തെ ഒരടി മുന്നോട്ടുനടത്തുന്ന പ്രവൃത്തികൾ



മാത്രമേ അവൻ ചെയ്യൂ. അവനു സ്വയം പരിഹസിക്കാൻ ശേഷിയുള്ള രസികത്തവു മുണ്ടാകും.

എങ്ങനെയാണ് അങ്ങനെയൊരു ആൺകു ട്ടിയെ വളർത്തിയെടുക്കുക. എന്റെ എപ്പോഴ ത്തെയും സന്ദേഹമാണ്. മുഴുവൻ ഉത്തരംകി ട്ടാത്ത ചോദ്യവും.

ഞങ്ങളുടെ ഗ്രാമത്തിലെ പലവീടുകളിലും ആൺകുട്ടികൾക്ക് പ്രത്യേക പരിഗണന കൊടുത്തിരുന്നു. അവർക്ക് ആദ്യം ഭക്ഷ ണംകൊടുക്കും, നല്ല വസ്ത്രംകൊടുക്കും. കുടുംബത്തിന്റെ രഥം വലിക്കാനുള്ളവൻ എന്ന പരിഗണന അവരുടെ ബാല്യകൗമാ രങ്ങളിൽ ഒരു വല്ലാത്ത അഹങ്കാരം നിറച്ചു. ആദ്യത്തെ നെയ്പുരട്ടിയ ദോശ ആൺകു ട്ടിക്ക്, അവൻ ബാക്കിവയ്ക്കുന്ന പൊട്ടും പൊടിയും പെൺകുട്ടിക്ക്. ആൺകുട്ടിക്ക് വലുതാകുമ്പോൾ സൈക്കിളും അനുബന്ധ സൗകര്യങ്ങളും. പെൺകുട്ടിക്കായി അധികം ചെലവിടുന്നതെങ്ങനെ - അവളെ കല്യാണം കഴിച്ചയയ്ക്കാൻ ഇപ്പോഴേ സമ്പാദിച്ചുതുട ങ്ങണ്ടേ? ഇങ്ങനെയായിരുന്നു, കർഷകരും ചെറുകിട കച്ചവടക്കാരും കഴിയുന്ന ആ ഗ്രാമത്തിന്റെ വിചാരം. ഞങ്ങളുടെ വീട്ടിൽ വ്യത്യസ്തമായിരുന്നു. പെൺകുട്ടികൾക്ക് തുല്യനീതി കിട്ടണമെന്ന് അമ്മ ശഠിച്ചു. പല പ്പോഴും അമ്മയ്ക്ക് അതിന്റെ പേരിൽ അധി കഭാരം ചുമക്കേണ്ടിവന്നെങ്കിലും. ആൺകു ട്ടികൾ ചെയ്യുന്ന ജോലി പെൺകുട്ടികളും ചെയ്യണം. തിരിച്ചും. ആ ചിന്തയിൽ വളർന്ന തിനാൽ പെൺകുഞ്ഞ് രണ്ടാംതരമാണെന്ന് ഒരിക്കലും എനിക്കുതോന്നിയിട്ടില്ല. മാത്രമല്ല, എപ്പോഴും ആണുങ്ങൾക്കുമാത്രം അനുവദി ക്കപ്പെടുന്ന ജോലികൾക്കായി വാശിപിടിക്കു ന്നതും ഒരു ശീലമായി. (പത്രപ്രവർത്തനം തൊഴിലായി സ്വീകരിച്ചതും ആ വാശിയിലാ ണ്. ഞങ്ങൾ ജേർണലിസം വിദ്യാർഥികളായി രുന്നപ്പോൾ പത്രങ്ങൾക്കൊന്നും പെൺകുട്ടി കളെ വേണ്ടായിരുന്നു. ഇന്നു സ്ഥിതി വളരെ മാറിയിട്ടുണ്ട്)

**കുടുംബത്തിന്റെ രഥം വലിക്കാനുള്ളവൻ എന്ന പരിഗണന അവരുടെ ബാല്യകൗമാരങ്ങളിൽ ഒരു വല്ലാത്ത അഹങ്കാരം നിറച്ചു**

അന്ന് വീടുകളിൽ രണ്ടാംതരക്കാരായി വളർന്ന ഞങ്ങളുടെ ഗ്രാമത്തിലെ പെൺകു ട്ടികൾ വലുതായപ്പോഴും അവരുടെ അടിമ ജീവിതം അവസാനിച്ചില്ല. മറ്റേതോ ഗ്രാമങ്ങ ളിലെ വധുക്കളായി അവർ പോയി. അവിടെ അടുക്കളയുടെ നവരസങ്ങളിൽ മുഖംപൂ ഴ്ത്തിയിരുന്നു. വീടുകളിൽ രാജാക്കൻമാ രെപ്പോലെ വളർത്തപ്പെട്ട പുരുഷൻമാർ അവരുടെ തുടർജീവിതത്തിലും അതേ അഹ ങ്കാരത്തോടെ ജീവിച്ചു.

ഇപ്പോൾ ഞങ്ങളുടെ നാട്ടിലെയും സ്ഥിതി മാറി. ടൂവീലറിൽ പഠിക്കാൻ പോകുന്ന മിടു ക്കികൾ, അവർ നിറഞ്ഞുചിരിക്കുന്നു, അഭി പ്രായം പറയുന്നു... സന്തോഷം... ഒരു മാറ്റ മൊക്കെയായല്ലോ!

ആൺകുഞ്ഞുങ്ങളെ വളർത്തുമ്പോൾ മണ്ണിൽച്ചവിട്ടി നടക്കാനാണ് ആദ്യം ശീലി പ്പിക്കേണ്ടത്. സ്ത്രീയേക്കാൾ വലുതാണ് താനെന്ന് കരുതി വളരുന്ന ആൺകു ട്ടിക്ക് ഒരുകാലത്തും ആ മേധാവിത്വമനസ്സ് വച്ചൊഴിയാനാകില്ല. അവനു ഭാര്യയെയോ സഹോദരിയെയോ കൂട്ടുകാരിയെയോ ഹൃദ യംതുറന്നു സ്നേഹിക്കാനാകില്ല. ചുരുങ്ങിയ പക്ഷം ഈയൊരു വിചാരത്തോടെ മക്കളെ വളർത്താൻ കഴിയുന്നു എന്നുതന്നെയാണ് എന്റെ ഉറച്ചവിശ്വാസം.

പിന്നെ കുഞ്ഞുങ്ങളെ നന്നായി സ്നേഹി ക്കുക. സ്നേഹം ഒരു വിതയാണ്. വിതച്ചി ടത്തുനിന്നേ കൊയ്യാനാകൂ. സ്നേഹിക്കപ്പെ ട്ടുവളരുന്ന കുഞ്ഞിനേ നാളെ മറ്റുള്ളവരെ സ്നേഹിക്കാനാകൂ. ആത്മവിശ്വാസമില്ലാത്ത പുരുഷൻമാരാണ് പുച്ഛംകൊണ്ട് അപരനെ നോവിക്കുന്നത്. ആൺകുഞ്ഞുങ്ങളെ അവ രുടെ നല്ല ഗുണങ്ങൾ ആവർത്തിച്ച് പറ ഞ്ഞുറപ്പിച്ച് അവരിലെ ആത്മവിശ്വാസം ജ്വലിപ്പിക്കണം. ആ പ്രകാശത്തിൽ അവൻ ലോകത്തിന്റെ നന്മകൾ കാണാൻ കഴിവുള്ള വനായിത്തീരും.

നല്ല സിനിമകൾ, നല്ല വായന, നല്ല സാമൂ ഹിക ബോധം, നല്ല കാഴ്ചപ്പാട്, നല്ല ലോക ജ്ഞാനം ഇതൊക്കെ അവർക്കുണ്ടാകണം. അതിനുള്ള സാഹചര്യമൊരുക്കണം. ചുറ്റി ലും എന്തുനടക്കുന്നു എന്നതിനെക്കുറിച്ച് ആൺകുഞ്ഞായാലും പെൺകുഞ്ഞായാലും അറിഞ്ഞിരിക്കണം. അതാണ് ശരിക്കും അവരെ രൂപപ്പെടുത്തുന്നത്. നന്മയുടെ കഥ കേട്ടുവളരുന്ന കുട്ടി വലുതാകുമ്പോൾ ഒരുറു മ്പിനെപ്പോലും നോവിക്കാൻ കഴിയാത്തവനാ കും. പിന്നെയാണോ പീഡനം.

എന്റെ കുട്ടി പ്ളേ സ്കൂളിൽ പഠിക്കുമ്പോൾ അവന്റെ രസികത്തിയായ ടീച്ചർ പറയാറുണ്ട്. കുട്ടികൾ ജനിക്കുമ്പോൾ തന്നെ അവരുടെ യുള്ളിൽ ഒരു അഹംബോധമുണ്ട്- ആണ്, പെണ്ണ് എന്നിങ്ങനെ. ആൺകുട്ടികളിൽ രണ്ടോ മൂന്നോ വയസ്സിൽതന്നെ അവരുടെ ആണത്തത്തിന്റെ ഒരു ബോധമുണ്ടാകുമെന്ന്. ഈശ്വരാ, ആരാണ് ഇവരുടെയുള്ളിൽ ഈ ബോധം നിറച്ചുവയ്ക്കുന്നത്? ഞാൻ ആശ്ച ര്യപ്പെട്ടു. ഉള്ളിൽ സ്വയമറിയാതെ പൊട്ടിപ്പു റപ്പെടുന്ന ആ അഹംബോധത്തെ മറച്ചുപിടി ക്കാനുള്ള ജ്ഞാനമല്ലേ അവനുപിൽക്കാല ജീവിതത്തിലുണ്ടാകേണ്ടത്? ■

*പ്രമുഖ കഥാകൃത്തും പത്രപ്രവർത്തകയു മാണ് ലേഖിക*





**കവർസ്റ്റോറി**

സോണി നോബിൾ

# പീഡനമില്ലാത്ത കാലത്തേക്ക്

20 വർഷകാലത്തെ മുംബൈ നഗരത്തിലെ ജീവിതത്തിൽ എനിക്ക് പലപ്പോഴും നമ്മുടെ ഭാരത സംസ്കാരത്തെക്കുറിച്ച് വളരെ അഭിമാനം തോന്നിയിട്ടുണ്ട്. നമ്മുടെ സഹോദരങ്ങൾ ജാതിമതഭേദമില്ലാതെ, പ്രായവ്യത്യാസമില്ലാതെ സ്വന്തം സമൂഹത്തിലെ സ്ത്രീജനങ്ങളെ ഭവ്യതയോടെ വീക്ഷിക്കുന്നതും എല്ലാ മേഖലകളിലും ബഹുമാനത്തോടും ആദരവോടും കൂടെ പെരുമാറുന്നതും അനുഭവിക്കുവാൻ സാധിച്ചു. തിങ്ങിനിറഞ്ഞ ബസുകളിലും ട്രെയിനുകളിലും നിരത്തുകളിലും പരസ്പരം സഹായിച്ചും സഹകരിച്ചും ജീവിക്കുന്ന ധാരാളം സഹോദരങ്ങളെ നമുക്ക് മുംബൈയിൽ കാണുവാനാകും; ആ ഒരു സവിശേഷത തീർച്ചയായും നമുക്കെല്ലാവർക്കും അനുകരണീയമാണ്.

എന്തിനെയും ഏതിനെയും സ്വാർഥലാഭത്തിനായി എങ്ങനെ ഉപയോഗിക്കാമെന്നുള്ള ആധുനിക ചിന്താഗതിയുടെ വികൃതമായ ഒരു മുഖമല്ലേ ഇപ്പോൾ നടമാടുന്ന സ്ത്രീ പീഡന പരമ്പരകൾ എന്ന് തോന്നി പോകുന്നു. നമ്മുടെ സമൂഹത്തിൽ കൈമോശം വന്നിരിക്കുന്ന നമ്മുടെ മൂല്യബോധത്തെ എങ്ങനെ തൊട്ടുണർത്തുവാനും വളർത്തുവാനും സാധിക്കുമെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഭവനങ്ങളിൽ, സ്ക്കൂളുകളിൽ, കലാലയങ്ങളിൽ, ജോലിസ്ഥലങ്ങളിൽ സ്വാർഥതയുടെ അതിർവരമ്പുകൾക്കതീതമായ പുതിയൊരു സംസ്കാരം രൂപപ്പെടേണ്ടിയിരിക്കുന്നു. ഇതിനായി ഏതാനും പ്രായോഗിക ചിന്തകൾ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു.

**സ്ത്രീപുരുഷസമത്വം:** ശാരീരികവും, മാനസികവും, സാമൂഹികവുമായി സ്ത്രീയ്ക്കും പുരുഷനും സമൂഹത്തിൽ വൈവിധ്യങ്ങളായ ഉത്തരവാദിത്വമാണുള്ളതെങ്കിലും, മാനുഷികമായും, ദൈവികമായും സ്ത്രീയും പുരുഷനും തുല്യരാണ്. ഈ സമത്വബോധം എല്ലാവർക്കും ആഴമായ ഒരു അവബോധമായി സമൂഹത്തിൽ എല്ലാ മേഖലകളിലും രൂപപ്പെടണം. പുരുഷൻ സ്ത്രീയെ വെറും ഒരു ഉപഭോഗവസ്തുവായി കണ്ട് ആക്രമിക്കുകയും കീഴടക്കുകയും ചെയ്യുന്ന ഇന്നത്തെ രീതി സംസ്കാരസമ്പന്നരായ ഇന്ത്യൻ ജനതയ്ക്ക് ഒട്ടും ചേർന്നതല്ല. എയർ ഇന്ത്യയെന്ന പൊതുമേഖലാ സ്ഥാപനത്തിൽ 99% പുരുഷൻമാർ മാത്രം ജോലി ചെയ്യുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിൽ കഴിഞ്ഞ 20 വർഷക്കാലത്തെ എന്റെ ഔദ്യോഗിക ജീവിതത്തിൽ കണ്ടുമുട്ടിയ സംസ്കാരസമ്പന്നരായ സഹപ്രവർത്തകരെ ബഹുമാനപുരസരം നന്ദിയോടെ ഞാനോർക്കുന്നു.

**സ്ത്രീ ശാക്തീകരണം:** സ്ത്രീകൾ തന്നെ സ്വയം അബലയാണെന്നും നിസ്സഹായയാണെന്നുമുള്ള ചിന്താഗതിയിൽ നിന്ന് പുറത്തുവരാൻ തയ്യാറാകണം. വ്യക്തിപരമായും സമൂഹമായും ഇന്ത്യൻ സ്ത്രീകൾ സ്വന്തം ജീവിതത്തിന്റെ അമൂല്യതയും മാഹാത്മ്യവും മനസ്സിലാക്കി ഉണർന്നെഴുന്നേൽക്കണം. സ്ത്രീകൾതന്നെ പല അവസരങ്ങളിലും സ്ത്രീകൾക്കു ശത്രുക്കളാവുന്ന അവസ്ഥയ്ക്കു സമൂലമായ മാറ്റം സംഭവിക്കണം. ചെറുപ്പം മുതലേ ആത്മാഭിമാനമുള്ളവരായി വേണം പെൺകുട്ടികളെ വളർത്താൻ. പുരുഷൻമാരോടുള്ള വെറും മത്സരമാകരുത് സ്ത്രീ വിമോചനം. അത് സ്ത്രീകളുടെ പ്രത്യേകതകൾക്കും അനന്യതകൾക്കുമുള്ള ഇടം കണ്ടെത്തലാകണം.

**നിയമനിർമ്മാണം:** സ്ത്രീകളുടെ സുരക്ഷയ്ക്ക് ഹാനി വരുത്തുന്ന വ്യക്തികളെയും വ്യവസ്ഥകളെയും കർശനമായി നേരിടുവാൻ പ്രാപ്തമായ നിയമനിർമ്മാണം വേണം.

**പൗരുഷത്തിന്റെ പുനർനിർവചനം:** സംസ്കാരസമ്പന്നരായ ഇന്ത്യൻ ജനതയിലെ പുരുഷൻമാർ തങ്ങളുടെ പൗരുഷത്തിന്റെ അന്തസ്സത്ത പുനർനിർവചനം ചെയ്യേണ്ട കാലം വന്നിരിക്കുകയാണ്. ഒരു യഥാർഥ പുരുഷന് സ്ത്രീകളെ ആക്രമിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുവാൻ സാധിക്കുകയില്ല കാരണം അവരെ സംരക്ഷിക്കുകയെന്നതാണ് ഒരു പുരുഷന്റെ ഉത്തരവാദിത്വം! നമ്മുടെ ആർഷഭാരത സംസ്കാരം അതാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്.

**വ്യക്തിത്വത്തോട് ബഹുമാനം:** ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഓരോ മനുഷ്യനും ശരീരവും, മനസ്സും, ആത്മാവുമുള്ള തനതായ ഒരു വ്യക്തിത്വമാണെന്നും ഓരോ വ്യക്തിയും പുരുഷനും സ്ത്രീയും അനന്തമായ സാധ്യതകളുടെ നിറകുടമാണെന്നുമുള്ള ശക്തമായ അവബോധം ഉണ്ടാക്കാൻ കൂട്ടായ ശ്രമം അത്യാവശ്യമാണ്. സ്ത്രീകൾ വെറും ശരീരമല്ലെന്നും മനസ്സും ചിന്തയും ആത്മാവുമുള്ള വ്യക്തികളാണെന്നും അവർതന്നെ ആദ്യം തിരിച്ചറിയണം. എല്ലാവരെയും ആകർഷിക്കുന്ന, ബഹുമാനം നൽകാൻ പ്രേരിപ്പിക്കുന്ന വ്യക്തിത്വം വികസിപ്പിച്ചെടുക്കാനാണ് അവർ കൂടുതൽ ശ്രദ്ധിക്കേണ്ടത്.

**സ്വാതന്ത്ര്യവും നിയന്ത്രണവും:** തീർച്ചയായും പുരുഷൻമാരുടേതു പോലുള്ള എല്ലാ സ്വാതന്ത്ര്യവും അനുഭവിക്കാൻ ഏതൊരു സ്ത്രീയ്ക്കും അവകാശമുണ്ട്. അത് രാത്രിയും പകലും എന്ന വ്യത്യാസമില്ലാതെ യാത്ര ചെയ്യാനും മറ്റും സാഹചര്യമുണ്ടാകണമെന്നതിൽ സംശയമില്ല. പക്ഷേ, അപകടസാധ്യതയുള്ള സാഹചര്യങ്ങളിൽ, സുരക്ഷിതമല്ലാത്ത സമയങ്ങളിൽ ഒറ്റയ്ക്കു പോകണം എന്ന് വാശി പിടിക്കുന്നത് മണ്ടത്തരമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. സാമൂഹിക വിരുദ്ധരുടെ മുന്നിൽചെന്നുപെട്ടാൽ പിന്നെ സ്ത്രീകളുടെ സ്വാതന്ത്ര്യമെന്നോ അവകാശമെന്നോ പറയുന്നതിൽ അർഥമില്ല.

അതുപോലെ, ഇഷ്ടമുള്ള വേഷം ധരിക്കാനും ആർക്കും അവകാശമുണ്ട്. ഏതെങ്കിലും വേഷം ധരിച്ചതുകൊണ്ടാണ് പീഡിപ്പിക്കപ്പെട്ടത് എന്ന പ്രചാരത്തിലും വലിയ കഴമ്പുണ്ടെന്നു തോന്നുന്നില്ല. പക്ഷേ, മറ്റുള്ളരെ പ്രകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തന്നെ വേഷം ധരിക്കുമ്പോൾ അത് സമൂഹത്തെ എങ്ങനെ ബാധിക്കുമെന്ന് ചിന്തിക്കണം. ഒരാളുടെ വേഷവിധാനം കണ്ടാൽ അയാളോട് ബഹുമാനം തോന്നുകയാണ് വേണ്ടത്. കാരണം വസ്ത്രധാരണം ഒരാളുടെ വ്യക്തിത്വത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. എല്ലാറ്റിനും ഉപരിയായി മാധ്യമങ്ങളിൽ സ്ത്രീകളെ അവതരിപ്പിക്കുന്ന രീതി പലപ്പോഴും വളരെ സ്ത്രീവിരുദ്ധവും അപമാനകരുമാണെന്ന് പറയാതെ വയ്യ. ഇതുകണ്ടു വളരുന്ന പുതുതലമുറയ്ക്ക് സ്ത്രീത്വത്തോടുതന്നെ ഒരു ബഹുമാനക്കുറവ് ഉണ്ടാകുമെന്ന് ഭയപ്പേടേണ്ടിയിരിക്കുന്നു.

**അടിസ്ഥാന ജീവിതവീക്ഷണം:** സൃഷ്ടിയുടെ മകുടമായ മനുഷ്യനു മാത്രമാണ് ബോധപൂർവം ഏതു കാര്യങ്ങളിലും ചിന്തിച്ച് തീരുമാനമെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകിയിരിക്കുന്നത്. നിർഭാഗ്യവശാൽ ദൈവവുമായുള്ള ഐക്യത്തിൽ നിന്ന് ഓടി അകലുന്ന മനുഷ്യർ ഈ അനന്തജ്ഞാനത്തിന്റെ അഭാവത്തിൽ മൃഗീയമായി തരം താഴുകയും പെരുമാറുകയും ചെയ്യുന്ന അവസ്ഥയാണ് നാമിന്ന് കാണുന്നത്. അതുകൊണ്ടുതന്നെ ഒരു തിരിച്ചറിവും തിരിച്ചുവരവും അനിവാര്യമായിരിക്കുന്നു.

വാഴ്ത്തപ്പെട്ട ജോൺപോൾ മാർപാപ്പയിലൂടെ ദൈവം നൽകിയ 'Theology of the Body' എന്ന ലേഖനപരമ്പരയുടെ പഠനങ്ങൾ നമ്മുടെ ആനുകാലികപ്രശ്നത്തിന്റെ ശാശ്വതപരിഹാരത്തിലേക്ക് നമ്മെ വഴിനടത്തുന്നവയാണ്. ദൈവികസ്നേഹത്തിൽ നിറഞ്ഞ് സ്വയം ദാനമായി ഭാര്യഭർത്താക്കൻമാർ അവരുടെ ജീവിതങ്ങളെ പരസ്പരം പങ്കുവയ്ക്കുവാൻ തയ്യാറാകുമ്പോൾ അവർ ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ ഭാഗഭാക്കാകുകയാണ്. ഇവിടെ പുരുഷ്യന്റെ ആധിപത്യങ്ങൾക്കു സ്ഥാനമില്ല. സ്ത്രീക്ക് അടിമത്തവുമില്ല.

സ്വയം ദാനമായി പരസ്പരപൂരകങ്ങളായി ദൈവസ്നേഹത്തിന്റെ ബഹിർസ്ഫുരണമായി ജീവിക്കുക അതാണ് വിവാഹിതരുടെ ദൈവവിളി. ഈ സ്നേഹബന്ധത്തിന്റെ ഫലമായുണ്ടാകുന്ന പുതിയ തലമുറ നന്മയുടെ നിറകുടമായി മാറുന്നത് നമുക്ക് കാണുവാൻ കഴിയും.

## പീഡന പ്രണയങ്ങൾ തിരിച്ചറിയാത്തതെന്ത്?

വളരെ വേദന തോന്നുന്ന ചില വാർത്തകളുണ്ട്. പ്രണയം നടിച്ചു പീഡിപ്പിച്ചു, വിവാഹം വാഗ്ദാനം നൽകി പീഡിപ്പിച്ചു, മൊബൈൽ വഴി ബന്ധം വളർത്തി പീഡിപ്പിച്ചു. എന്തൊരു കഷ്ടമാണിത്. ഇത്രയും വിഡ്ഢികളാണോ നമ്മുടെ സ്ത്രീകൾ. അമ്മമാരായ വിവാഹിതർ വരെ ഇത്തരം തട്ടിപ്പുകളിൽ പെടുമ്പോൾ അത് എന്തിലേക്കാണ് വിരൽ ചൂണ്ടുന്നത്? കേരളത്തിലെ വലിയൊരു ശതമാനം പീഡനങ്ങളും ഇത്തരത്തിലുള്ള ബന്ധങ്ങളുടെ പശ്ചാത്തലത്തിലാണ് എന്നത് എടുത്തു പറയേണ്ടതാണ്. സ്നേഹവും ചൂഷണത്തിനു വേണ്ടിയുള്ള സ്നേഹാഭിനയവും തിരിച്ചറിയാൻ നമുക്കു കഴിയാതെ പോകുന്നതിന് ആരാണുത്തരവാദി? ഓരോരുത്തരുടെയും ജീവിതം സുരക്ഷിതമാക്കുവാൻ അവർക്കു തന്നെ ഒരുത്തരവാദിത്തമില്ലേ? മുന്നിൽ വരുന്ന എല്ലാ അഭ്യർഥനകളോടും യേസ് പറയാൻ മാത്രം സ്നേഹത്തിനായി ദാഹിച്ചു മോഹിച്ചു നടക്കേണ്ട അവസ്ഥ നമുക്കെങ്ങനെയുണ്ടാകുന്നു? മൂല്യബോധം, ധാർമികത, വിവേകം തുടങ്ങിയ വാക്കുകൾ പുച്ഛത്തോടെ പറയേണ്ടവയല്ലെന്ന് ഇനിയെങ്കിലും മനസ്സിലാക്കണം.

മറ്റൊരു പ്രധാന മേഖലയാണ് ബന്ധുക്കളുടെ പീഡനം. നമുക്ക് ഏറ്റവും വിശ്വസിക്കാവുന്നർ തന്നെ പീഡകരുടെ വേഷമണിയുമ്പോൾ തകർന്നു പോകും. ഇവിടെയും വിവേകവും മുൻകരുതലുമാണ് രക്ഷ. വ്യക്തികളുടെ പെരുമാറ്റത്തിലെ മാറ്റവും നീക്കങ്ങളുടെ ലക്ഷ്യവും നമുക്ക് തിരിച്ചറിയാനാകണം. അവസരങ്ങൾ ഒഴിവാക്കാനാകണം. എല്ലാറ്റിനുമുപരിയായി എല്ലാവരോടും നല്ല, സുതാര്യമായ ബന്ധങ്ങളും കാത്തുസൂക്ഷിക്കണം.

എല്ലാവരും എപ്പോഴും പ്രകോപിതരായിരിക്കണമെന്ന് നിർബന്ധമുള്ള രീതിയിലാണ് ചുറ്റുമുള്ള കാഴ്ചകളെത്തുന്നത്. അതുകൊണ്ട് അസ്വാഭാവികമായ നിയന്ത്രണങ്ങളും നിഷ്ഠയുമാണ് നാം കാത്തുസൂക്ഷിക്കേണ്ടതെന്നു പറയേണ്ടി വരും ■

*എയർ ഇൻഡ്യയിൽ ഡപ്യൂട്ടി ചീഫ് എൻജിനീയറാണ് ലേഖിക*

## ആദ്യം പീഡകരുണ്ടാകുന്നു, പിന്നെ പീഡനവും

പീഡന വാർത്തകളിലെ ഇരകൾ എന്നും ഏതോ ഒരു പെൺകുട്ടിയായിരിക്കും. ഹോ കഷ്ടം എന്ന സഹതാപ വാക്കുകൾ മാത്രം അർഹിക്കുന്നവൾ. പക്ഷേ, ഒന്നുകൂടി ചിന്തിച്ചാൽ തോന്നും അവർ ആരുടെയൊക്കെയോ ആരോ ആയിരുന്നില്ലേ? ഇനിയും ഒന്നുകൂടി മനസ്സിരുത്തി വായിച്ചാൽ മനസ്സിലാകും. അവൾ അന്യയല്ല, നമ്മുടെ സഹോദരി തന്നെ. ഇങ്ങനെ പത്രക്കാർക്കും ചാനലുകാർക്കും ആഘോഷിക്കാനും സ്ഥിരം ചർച്ചക്കാരായ സെലിബ്രിറ്റികൾക്ക് നാവുകൊണ്ട് തീചീറ്റാനും ആളുകൾക്ക് വായിച്ചുരസിക്കാനുമുള്ള വിഷയമായി നമ്മുടെ എത്ര സഹോദരികളുടെ ജീവിതം പൊലിഞ്ഞു? എത്ര കുടുംബങ്ങൾ തീരാക്കണ്ണീരിലും മാനക്കേടിലും നരകിച്ചു? ഇനിയും തുടരുന്ന ഈ പീഡനകാലത്തിന് എങ്ങനെ ഒരറുതി വരും? അമ്മയുടെ ഗർഭപാത്രത്തിൽ കിടന്ന് ശരീരം രൂപപ്പെട്ട്, അമ്മയുടെ പാലിന്റെ മധുരത്താൽ പരിപോഷിപ്പിക്കപ്പെട്ട്, അമ്മേ, എന്നാദ്യം വിളിച്ച് വളരുന്നവർ അമ്മയായും പെങ്ങളായും കാണേണ്ടവരെ പിച്ചിച്ചീന്താൻതക്കവിധമുള്ള രാക്ഷസൻമാരാകുന്നതെങ്ങനെ?

സംസ്കാരത്തിനും പൈതൃകത്തിനും പേരുകേട്ട നമ്മുടെ നാട് പീഡകരുടെ വിഹാരരംഗമായതെങ്ങനെ? ഉത്തരം പൂർണമായും കിട്ടില്ലന്നറിഞ്ഞുകൊണ്ടുതന്നെ ചില ചോദ്യങ്ങൾ ചോദിക്കുകയാണ്. ഇവരുടെ ഉത്തരങ്ങൾ ദാ ഇങ്ങനെയും...

**റഹീമ അൻസാരി**
*എംജി യൂണിവേഴ്സിറ്റി കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ, അമരാവതി, കുമളി*

സ്ത്രീകൾക്ക് നേരെയുള്ള അതിക്രമവും പീഡനവും കൂടുന്നതിനുള്ള പ്രധാന കാരണം സ്ത്രീ തന്നെയാണ്. വസ്ത്രധാരണ ശൈലി, അച്ചടക്കക്കുറവ്, ഷാഷൻ രീതികൾ പിൻതുടരുന്ന മനോഭാവം, ആഡംബരജീവിതവും അധികസാമർഥ്യവും, കാര്യം തിരക്കാതെയുള്ള എടുത്തു ചാട്ടം, അസമയത്തുള്ള യാത്ര എന്നിവ പ്രധാനകാരണങ്ങളാണ്. മാതാപിതാക്കളുടെ അധികലാളനയും ശ്രദ്ധക്കുറവും, എന്തുചെയ്താലും അതിനെ പിന്തുണയ്ക്കുന്നതും തെറ്റായ രീതികളിലേക്കും പ്രവണതയിലേക്കും കൊണ്ടുചെന്നെത്തിക്കുന്ന ഒരു കാരണമാണ്.

പുരുഷന്മാരുടെ ഭാഗത്തുനിന്ന് പറയുകയാണെങ്കിൽ മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെട്ടവർ ഇത്തരം ഹീനകൃത്യങ്ങൾ ചെയ്യാൻ സാധ്യത കൂടുതലാണ്. സിനിമ, മൊബൈൽ, ഇന്റർനെറ്റ് എന്നിവയുടെ ദുരുപയോഗം, മോശമായ കൂട്ടുകെട്ട്, പ്രേമക്കുരുക്കിൽ അകപ്പെടുന്നത് എന്നിവയും പ്രധാന കാരണം തന്നെ.

**ആദിത്യ ബോസ് സി.എ.**
*കൊല്ലം*

തൊഴിലില്ലായ്മ । ലൈംഗിക മനഃശാസ്ത്രജ്ഞന്മാരുടെ കുറവ് । ഇവരെ കാണാനുള്ള സമൂഹത്തിന്റെ മടി । ആൺ-പെൺ വേർതിരിവ് । കൂടിവരുന്ന ദാമ്പത്യ തകർച്ച । സാങ്കേതിക വിദ്യയുടെ ദുരുപയോഗം । അശ്ലീല സിനിമകൾ കാണൽ । വസ്ത്രധാരണത്തിലും മനോഭാവത്തിലും ഉള്ള യാഥാസ്ഥിതിക ചിന്താഗതി । പ്രതികരണ ശേഷി കുറഞ്ഞുവരുന്ന സമൂഹം । ലൈംഗികതയെ പറ്റിയുള്ള തെറ്റായ ധാരണ । സ്കൂൾ തലത്തിൽ നിന്നുള്ള ലൈംഗിക വിദ്യാഭ്യാസത്തിന്റെ കുറവ്

**ഡീന മെറിൽ**
*ഐടി പ്രഫഷനൽ, ബാംഗ്ളൂർ*

സ്ത്രീകളെ ബഹുമാനിക്കാത്ത പുരുഷന്റെ ആധിപത്യ സ്വഭാവമാണ് പീഡനങ്ങൾക്ക് കാരണം. സ്ത്രീ ശരീരത്തിൽ പുരുഷന് എന്തോ അവകാശമുണ്ടെന്നുള്ള തെറ്റിധാരണയാണ് പ്രശ്നം. നമ്മുടെ നാട്ടിൽ പീഡിപ്പിക്കപ്പെടുന്ന സാധാരണക്കാരായ പെൺകുട്ടികളുടെ വേഷം മോശമായതിനാലാണോ അവർ അക്രമത്തിനിരയാകുന്നത്? ആദിവാസികളും മറ്റു പിന്നാക്ക വിഭാഗക്കാരായ സ്ത്രീകളും വൃദ്ധകളും വരെ പീഡിപ്പിക്കപ്പെടുന്നത് അവരുടെ വസ്ത്രവും ഫാഷനും പുരുഷൻമാരെ പ്രലോഭിപ്പിച്ചിട്ടാണോ? പുരുഷന്റെ അനിയന്ത്രിതമായി ലൈംഗിക തൃഷ്ണ മാത്രമാണ് പീഡനങ്ങൾക്ക് കാരണം. അല്ലെങ്കിൽ തന്നെ സ്ത്രീയോട് ഇതു ധരിക്കണം ഇതു ധരിക്കരുത് എന്നുപറയാൻ എന്തവകാശം? അതിന്റെ പേരിൽ സ്ത്രീയെ സ്പർശിക്കാൻ ആരാണ് അനുവാദം നൽകിയത്? ഒരു വ്യക്തി പീഡകനാകാതിരിക്കാനുള്ള ഉത്തരവാദിത്തം അയാളുടെ വീട്ടുകാർക്കാണ്.

**ടോമി ജോസഫ്**
*റബർ ടാപ്പർ, കോതമംഗലം*

മാന്യമായതും സമൂഹത്തിനും സംസ്കാരത്തിനും ചേർന്നതുമായ വസ്ത്രധാരണ ശൈലിയുടെ അഭാവം,

പാശ്ചാത്യ സംസ്കാരത്തിന്റെ ശക്തമായ സ്വാധീനം എന്നിവ പ്രധാനകാരണങ്ങളാണ്.

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരേ നോക്കുകൊണ്ടോ, വാക്കുകൊണ്ടോ, പ്രവൃത്തികൊണ്ടോ ഉപദ്രവിക്കുന്നവർക്കെതിരെയുള്ള നിയമങ്ങളുടെ അഭാവം. അറബിനാടുകളിലേതുപോലെ ശക്തമായ നിയമം പ്രാബല്യത്തിൽ വരികയാണെങ്കിൽ വലിയൊരു മാറ്റം സമൂഹത്തിന് ഉണ്ടാകും.

**അഫ്സൽ വി. നൗഷാദ്**
*ബിസിനസ്, ഈരാറ്റുപേട്ട*

പുരുഷന്മാരെ വശീകരിക്കുന്ന തരത്തിലുള്ള സ്ത്രീകളുടെ വസ്ത്രധാരണ ശൈലി തന്നെ പ്രധാനകാരണം. ഇത് സ്ത്രീയെയും പുരുഷനെയും ഇത്തരം കാര്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നു.

മൊബൈൽ ഫോണിന്റെ ദുരുപയോഗം, ഒറ്റയ്ക്കുള്ള രാത്രികാല യാത്ര ഇവയും പെൺകുട്ടികളെ അപകടത്തിലാക്കുന്നു. കുടുംബമായോ സുഹൃത്തുക്കളുമായോ രാത്രി യാത്ര ചെയ്യാം. പക്ഷേ രണ്ടോ മൂന്നോ സംഘങ്ങൾ ഒന്നിച്ചുള്ള യാത്രയാണ് അഭികാമ്യം. എന്ത് കാര്യവും വീട്ടുകാരോട് സ്വാതന്ത്ര്യത്തോടെ, ഭയമില്ലാതെ തുറന്നു പറയാൻ സാധിക്കാത്ത അവസ്ഥയും ഇത്തരം പ്രശ്നങ്ങളിലേയ്ക്ക് നയിക്കാറുണ്ട്.







**അനൂപ് രാധാകൃഷ്ണൻ**
*കസ്റ്റമർ സർവീസ് ഏജന്റ്, കൊച്ചിൻ ഇന്റർനാഷനൽ എയർപോർട്ട്, നെടുമ്പാശേരി*

ഇന്റർനെറ്റ്, സോഷ്യൽ നെറ്റ്‌വർക്കുകൾ, മൊബൈൽ എന്നിവയുടെ ദുരുപയോഗം. സിനിമ പോലെയുള്ള മാധ്യമങ്ങളിൽ പലപ്പോഴും സ്ത്രീയെ ഒരു ഉപഭോഗ വസ്തുവായി ഉയർത്തിക്കാണിക്കുന്ന സംസ്കാരം. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് അമ്മയും സഹോദരിമാരും ഉള്ള പുരുഷന്മാർ തന്നെ!

സിനിമയുടെ പിന്നണിപ്രവർത്തകരായ പുരുഷന്മാർ പറയുന്നതു കേട്ട് അൽപ വസ്ത്രത്തിൽ അഭിനയിക്കുന്ന സ്ത്രീകൾ പുരുഷന്മാർക്ക് പ്രേരണ നൽകുന്നു.

കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തകർച്ചയും അണുകുടുംബങ്ങളിൽ ബന്ധങ്ങൾക്ക് പ്രാധാന്യമില്ലാത്തതുമായ അവസ്ഥ തെറ്റായ കൂട്ടുകെട്ടിലേക്ക് വ്യക്തികളെ നയിക്കുന്നു.

അന്തസിന്റെ പ്രതീകമായി മദ്യപാനത്തിന്റെയും ലഹരിയുടെയും ഉപയോഗം പുതിയ തലമുറയിൽ കൂടിക്കൊണ്ടിരിക്കുന്നു. ഇതിന് അടിമപ്പെട്ട് കഴിഞ്ഞാൽ അമ്മയെ അമ്മയായും സഹോദരിയെ സഹോദരിയായും കാണാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നു. എന്തും ചെയ്യാനുള്ള ധൈര്യം ലഭിക്കുന്നതിനൊപ്പം വികാരങ്ങളെ നിയന്ത്രിക്കാൻ പറ്റാത്ത അവസ്ഥയും ഉണ്ടാകുന്നു. ഇവയെല്ലാം വലിയ ദുരന്തങ്ങൾക്ക് കാരണമാവുന്നു.

**ഷോണിമ ശ്രീധരൻ**
*എംഎസ്‌സി വിദ്യാർഥി, എംജി യൂണിവേഴ്സിറ്റി ക്യാംപസ്, കോട്ടയം*

അണുകുടുംബങ്ങളുടെ അതിപ്രസരം, ധാർമിക മൂല്യത്തെപ്പറ്റിയുള്ള അറിവ് വ്യക്തികൾക്ക് നഷ്ടമായ അവസ്ഥ । കുടുംബത്തിൽ തുറന്ന ആശയവിനിമയത്തിന്റെയും മനസ്സിലാക്കലിന്റെയും അഭാവം । പെണ്ണിനെ വെറുമൊരു ഉപഭോഗ വസ്തുവായി കാണുന്ന സംസ്ക്കാരം । സ്ത്രീകൾക്ക് നൽകേണ്ട സ്ഥാനത്തെക്കുറിച്ചും ബഹുമാനത്തെക്കുറിച്ചും ആൺകുട്ടികൾക്ക് അറിവില്ലായ്മ । ബോധവത്ക്കരണത്തിന്റെ അഭാവം.

**രാകേഷ് വാസുദേവൻ**
*വിദ്യാർഥി, കോഴിക്കോട്*

പീഡകരെ രോഗികളായി കാണണം. അമിതമായ ലൈംഗികാസക്തിയിൽ നിന്നാണ് ഒരുസ്ത്രീ പീഡകൻ ജനിക്കുന്നത്. അത് അവനെ അന്ധനാക്കുന്നു. സ്വന്തം മകളെയോ, സഹോദരിയെയോ, കൊച്ചുകുഞ്ഞുങ്ങളെയോ ഒക്കെ പീഡിപ്പിക്കുന്നത് അത്തരത്തിൽ കെട്ടുപൊട്ടിയ ലൈംഗികത കൊണ്ടായിരിക്കും. ചിന്താശേഷിയുള്ള മനുഷ്യൻ ഇത്തരത്തിൽ മൃഗങ്ങളെപ്പോലെയാകാൻ കാരണമെന്താണ്? ലൈംഗികമായി പ്രകോപിതനായിരിക്കാനുള്ള സാധ്യത എപ്പോഴും അവനുമുന്നിലുണ്ടെന്നത് വലിയൊരു ഘടകമാണ്. ഇന്റർനെറ്റിലെ പോർണോഗ്രഫിയും സിനിമകളിൽ കാണിക്കുന്ന ലൈംഗികതയുമെല്ലാം എപ്പോഴും ഒരു ലൈംഗികാസ്ക്തിയാണ് അവനിൽ ജനിപ്പിക്കുന്നത്. ഇതിന്റെ ഒരു സ്വാധീനമാകാം പീഡനത്തിനു വലിയൊരു കാരണം. അല്ലെങ്കിൽ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന കാഴ്ചകൾ കണ്ടുകണ്ട് അവന് സ്ത്രീശരീരത്തോടുള്ള ബഹുമാനമേ നഷ്ടപ്പെട്ടിരിക്കാം ■



# സ്ത്രീകൾ top 5

സിറിയക് പനയ്ക്കൽ

ഞാനേറ്റവും കൂടുതൽ ആദരിക്കുന്ന സ്ത്രീ ഞങ്ങളുടെ മമ്മിയാണ് (എന്റെ അമ്മയുടെ അമ്മ). മക്കൾക്ക് അഞ്ചിനും ജീവിതം പഠിപ്പിച്ചുകൊടുത്ത, കൊച്ചുമക്കൾ ഞങ്ങൾ പന്ത്രണ്ടിനെയും ബാലാരിഷ്ടതകൾ കടത്തിവിട്ട, അമ്മായിയമ്മയെ അവസാനദിനംവരെയും പരിചരിച്ച, ഇന്നും കർത്തവ്യനിരതയായി തുടരുന്ന മമ്മിക്കു തന്നെ ഒന്നാം സ്ഥാനം.

നീയെന്റെ ഹൃദയം കവർന്നിരിക്കുന്നു, എന്റെ സോദരീ എന്റെ മണവാട്ടീ എന്നവളോടും, കർത്താവേ, ഞാനിവളെ സ്വീകരിക്കുന്നത് ജഡികമായ അഭിലാഷത്തിലല്ല; പ്രത്യുത നിഷ്കളങ്കമായ പ്രേമത്തിലാണ്. ഇങ്ങനെ എന്റെ ദൈവത്തോട് പറയുവാനായി, ഞാൻ പ്രാർഥനയോടെ കാത്തിരിക്കുന്ന, ഇനിയും കണ്ടെത്തിയിട്ടില്ലാത്ത എന്റെ പെണ്ണാണെന്നു തോന്നുന്നു രണ്ടാം സ്ഥാനത്ത്

എന്റെ തലമുടിയുടെ നീളം മുതൽ അഭിപ്രായങ്ങളുടെ ആഴവും സ്ഥിരതയും വരെ എല്ലാം വിശദമായി നിരീക്ഷിക്കുകയും, ആസ്വാദനങ്ങളും നിരീക്ഷണങ്ങളും സത്യസന്ധമായി അറിയിക്കുകയും ചെയ്യുന്ന, എനിക്ക് വേണ്ടി പ്രാർഥിക്കാറുള്ള, ക്ലാസിലെ കൂട്ടുകാരോട് ഈശോയുടെ കഥകൾ പറയാറുള്ള എന്റെ രണ്ട് പെങ്ങന്മാരാണ് മൂന്നാം സ്ഥാനത്ത്.

നഗരത്തിന്റെ ആളൊഴിഞ്ഞ കോണിൽ അലയരുത്, രൂപവതിയിൽ കണ്ണ് പതിയരുത് എന്ന പ്രഭാഷകവചനം ഓർമിപ്പിക്കുന്ന അനേകരെ കാണുകയും കേൾക്കുകയും ചെയ്യുന്ന ഈ ലോകത്തിൽ പ്രാർഥനയോടും കരുതലോടും കൂടെഎന്നെ ആധ്യാത്മികമായി വളർത്തിയിട്ടുള്ള, പിന്തുണച്ചിട്ടുള്ള എല്ലാ ജീസസ് യൂത്ത് ചേച്ചിമാർക്കും അനുജത്തിമാർക്കുമാണ് നാലാം സ്ഥാനം.

ഇപ്പോൾ നിങ്ങൾ ചിന്തിക്കുന്നുണ്ടാവും സ്വന്തം അമ്മയെക്കുറിച്ച് പറയാതെ ഇവനാരെക്കുറിച്ച് പറഞ്ഞിട്ടെന്ത് കാര്യമെന്ന്. എന്റമ്മയ്ക്ക് റാങ്കിടുന്നില്ല. പത്തുമാസം ചുമന്ന് നൊന്തുതന്നെ പ്രസവിച്ച് ഇന്നുവരെ വളർത്തിയ എന്റെ അമ്മ. ഓരോ യാത്ര പുറപ്പെടുമ്പോഴും ലൈസൻസ് തിരക്കുകയും സൂക്ഷിച്ച് റോഡ് ക്രോസ് ചെയ്യണമെന്ന് ഉപദേശിക്കുകയും ചെയ്യുന്ന, മക്കൾക്കായി വീടിനു ചുറ്റും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വിഷമില്ലാത്ത പഴം ഞങ്ങൾക്ക് തരുന്ന, കുറ്റിത്താടി കൊണ്ട് വേദന എടുക്കുമെങ്കിലും കുടുംബപ്രാർഥന കഴിഞ്ഞ് എന്റെ സ്തുതിയും ഉമ്മയും വാങ്ങുന്ന എന്റെ അമ്മയാണ് അമ്മ. അമ്മേ, ഇനിയുമൊരുമ്മ.

# ആശ്വാസം, ഇങ്ങനെയുമുണ്ട് ഒരുപാടുപേർ

ഷൈനി അലക്സി

ജീവിതത്തിൽ എനിക്ക് ഏറ്റവും ബഹുമാനം തോന്നിയിട്ടുള്ള പുരുഷൻ എന്റെ ഭർത്താവ് അലക്സിയാണ്. അദ്ദേഹം എന്നെ മനസ്സിലാക്കി അംഗീകരിക്കുന്നതുപലെ മറ്റാരും മനസ്സിലാക്കും എന്നു തോന്നുന്നില്ല.

എന്റെ വ്യക്തിത്വത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നയാളാണ്. അദ്ദേഹം എന്നിലർപ്പിക്കുന്ന വിശ്വാസവും ഞാനനുഭവിക്കുന്ന സ്വാതന്ത്ര്യവും ഒരു സ്ത്രീ എന്നനിലയ്ക്ക് എനിക്ക് വലിയ ആത്മാഭിമാനവും സന്തോഷവും നൽകുന്നു. എന്റെ പ്രവർത്തനങ്ങൾക്കെല്ലാം അടിത്തറയാകുന്നത് അദ്ദേഹത്തിന്റെ പിന്തുണയാണ്.

സാന്ത്വന കമ്യൂണിറ്റിയുടെ ഭാഗമായുള്ള ഒട്ടേറെ പ്രവർത്തനങ്ങളിൽ ഞങ്ങൾ പങ്കാളികളാണ്. സുവിശേഷപ്രഘോഷണവുമായി ബന്ധപ്പെട്ട് നിരവധി യാത്രകൾ നടത്താറുണ്ട്. എനിക്ക് ധാരാളം ആൺ-പെൺ സുഹൃത്തുക്കളുമുണ്ട്. ഇവിടെയെല്ലാം ഭർത്താവിന്റെ പ്രോൽസാഹനവും പിന്തുണയുമാണ് എനിക്ക് കരുത്ത്.



എന്നും തെളിഞ്ഞുനിൽക്കുന്ന മറ്റൊരു വ്യക്തിത്വമാണ് എന്റെ അപ്പച്ചൻ. എൽഎൽബി എൻട്രൻസ് എക്സാമിന് എന്നെ കൊണ്ടുപോയതുമുതൽ ഞാൻ ലോ കോളജിൽ പഠിക്കുമ്പോഴും വക്കീലായി പ്രാക്ടീസ് ചെയ്തപ്പോഴുമെല്ലാം എനിക്ക് ആത്മവിശ്വാസം നൽകിയത് അപ്പച്ചൻ എന്നിലർപ്പിച്ച വിശ്വാസമാണ്. ഇതിനിടയിൽ ജീസസ് യൂത്ത് നേതൃത്വത്തിലേക്ക് വന്നപ്പോൾ എനിക്ക് ധൈര്യം പകർന്ന് എന്നെ മുന്നോട്ട് ഉന്തിവിട്ടത് എന്റെ നേർമൂത്ത ആങ്ങള വിൽസൺ ആണെന്നത് മറക്കാനാകില്ല.

ജീസസ് യൂത്തിലും സാന്ത്വന കമ്യൂണിറ്റിയിലും എന്നോടൊപ്പമുണ്ടായിരുന്ന സഹോദരൻമാരാണ് എനിക്ക് ബഹുമാനം തോന്നിയവരിൽ ഇനി എടുത്തുപറയേണ്ടത്.

ഒരുമിച്ചുയാത്ര ചെയ്തപ്പോഴും പ്രോഗ്രാമുകൾ സംഘടിപ്പിച്ചപ്പോഴും ഒരു സഹോദരിക്കുതുല്യമായ സ്നേഹവും പരിഗണനയും ശ്രദ്ധയും എനിക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. വളരെ ആരോഗ്യകരമായ ആൺ-പെൺ ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ ജീസസ് യൂത്ത് എന്നും മാതൃകയാണ്.

സാന്ത്വന കമ്യൂണിറ്റിയുടെ പ്രവർത്തനങ്ങളിൽ ഇവിടെ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല. എല്ലാവരുടെയും അഭിപ്രായങ്ങൾക്കും വിലയുണ്ട്. എല്ലാവരുടെയും ക്രിയാത്മകതയ്ക്കും അംഗീകാരമുണ്ട്. സ്ത്രീകൾക്ക് പ്രാധാന്യം നൽകുകയും അവരെ ഗൗരവമായ കാര്യങ്ങൾ ഏൽപിക്കുകയും ചെയ്യുന്നതിൽ എനിക്ക് വളരെ അഭിമാനമുണ്ട്.

എനിക്കു നിരവധി വൈദിക,സുഹൃത്തുക്കളുമുണ്ട്. ഞാൻ അവരെയും അവർ എന്നെയും പരിഗണിക്കുന്നത് സഹോദരരെ പോലെയാണ്. ഇതിനുകാരണം പൊതുവായുള്ള ആധ്യാത്മിക സ്വഭാവമാണ്.

സ്ത്രീത്വത്തിന്റെയും പുരുഷത്വത്തിന്റെയും അടിസ്ഥാനം ആത്മീയതയാണ്. ആത്മീയത നഷ്ടപ്പെടുമ്പോഴാണ് സ്ത്രീയിലും പുരുഷനിലുമുള്ള മനുഷ്യമഹത്വം നഷ്ടപ്പെടുന്നത്. ഈ മഹത്വം പരസ്പരം ഉയർത്തിപ്പിടിക്കുവാനാണ് നാം ശ്രമിക്കേണ്ടത്. മറിച്ച് വ്യക്തിയെ വസ്തുവായി പരിഗണിക്കുമ്പോൾ ഈ മഹത്വം നഷ്ടപ്പെടുകയാണ്.

പീഡനങ്ങളും പീഡനശ്രമങ്ങളും കൊണ്ട് വാർത്തകൾ നിറയുമ്പോൾ, പുരുഷവർഗത്തോടുതന്നെ സ്വാഭാവികമായുണ്ടാകുന്ന ദേഷ്യവും ഭയവും മറന്ന് ആശ്വസിക്കാനാകുന്നത് മേൽപറഞ്ഞവരുടെ നന്മയുടെ ഉറപ്പിലാണ്. കൂരിരുട്ടിൽ വെളിച്ചമേകാൻ ദൈവമേ, അങ്ങ് ഇവരെ ലോകത്തിനുമുൻപിൽ പ്രകാശമാക്കുന്നല്ലോ...





കേരളത്തിന്റെ ക്രൈസ്തവ വിശ്വാസവും പാരമ്പര്യവും അന്യസംസ്ഥാനക്കാരായ യുവജനങ്ങൾക്ക് അനുഭവിച്ചറിയാനായി ജീസസ് യൂത്ത് ഒരുക്കിയ കൾചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിൽ പങ്കെടുത്തവർ സമാപന സമ്മേളനത്തിൽ. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 166 യുവജനങ്ങളാണ് ഇത്തവണ പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിലേക്കുവന്നത്. തൃശൂർ ചിയാരം ഇടവകയിൽ വച്ചായിരുന്നു സമാപന സമ്മേളനം. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ എന്നിവർ സംബന്ധിച്ചു.

ഡോ. സൂസി ജോസ്



# ഇഷ്ടമില്ലാത്ത വീട്

*കുടുംബാംഗങ്ങളോടും കുടുംബാന്തരീക്ഷത്തോടും എനിക്ക് എപ്പോഴും ദേഷ്യവും വെറുപ്പും തോന്നുന്നു. എന്നാൽ ഞാനായിരിക്കുന്ന സമൂഹത്തിൽ എനിക്ക് വളരെ തന്മയത്വത്തോടെ പെരുമാറാനും എല്ലാവരുടെയും സ്നേഹത്തിന് പാത്രമാകാനും സാധിക്കുന്നുണ്ട്. എന്റെ ഈ മനോഭാവം എന്നിൽ വളരെ വേദന ജനിപ്പിക്കുന്നുണ്ട്. എത്ര ശ്രമിച്ചിട്ടും എനിക്ക് കുടുംബാംഗങ്ങളോടുള്ള മനോഭാവം മാറ്റാൻ സാധിക്കുന്നില്ല. ഞാനെന്താണ് ചെയ്യേണ്ടത്?*

ദൈവത്തിന്റെ സൃഷ്ടിയിൽ കുടുംബത്തിന് വളരെ മഹത്വമുണ്ട്. കുടുംബാന്തരീക്ഷം ഹൃദയസ്പർശകമായ വാൽസല്യവും പരസ്പരബഹുമാനവും ഉത്തരവാദിത്വവും നിറഞ്ഞതാകുമ്പോൾ ഓരോ അംഗത്തിനും സന്തോഷവും സമാധാനവും നന്മയും ഉണ്ടാകും. കുടുംബത്തിൽ നിന്നാണ് മൂല്യങ്ങളും തത്ത്വങ്ങളും നാം ആർജിക്കുന്നതും. സമൂഹത്തിൽ ഉള്ള വ്യക്തികളിലേക്ക് ഇറങ്ങിച്ചെല്ലാനും അവരുടെ ആദരവും പ്രശംസയുമൊക്കെ പിടിച്ചുപറ്റാനും ഒക്കെ നമുക്ക് സാധിക്കുന്നുണ്ടെങ്കിൽ കുടുംബത്തിൽ നിന്നു നമ്മൾ ആർജിച്ച നന്മയുടെയും സ്നേഹത്തിന്റെയും ഒരു പ്രതിഫലനം നമ്മിലുണ്ടെന്നതിൽ സംശയവുമില്ല. അല്ലാതെ ഒരു ദിവസംകൊണ്ട് നമുക്ക് സ്വായത്തമാക്കാനാവുന്നതല്ല നന്മയുടെയും ബഹുമാനത്തിന്റെയും സാഹോദര്യത്തിന്റെയും ഗുണഗണങ്ങൾ. നമ്മിലുള്ള നന്മയുടെ മൂല്യത്തെ നമുക്കൊന്ന് ചെത്തിമിനുക്കി എടുക്കാമെന്നു മാത്രം. അങ്ങനെ വരുമ്പോൾ സമൂഹത്തിൽ പൊതുവേ സ്വീകാര്യനായ താങ്കൾക്ക് കുടുംബബന്ധങ്ങളിലും ശൈഥില്യമുണ്ടാകാതെ മുൻപോട്ടു കൊണ്ടുപോകാൻ സാധിക്കും.

കുടുംബാന്തരീക്ഷത്തെ ഏറ്റവും മഹത്തരവും മെച്ചപ്പെട്ടതുമാക്കാൻ നമുക്ക് സാധിക്കുമല്ലോ? കുടുംബാംഗങ്ങളിൽ നിന്ന് ഒത്തിരിയേറെ കാര്യങ്ങൾ നമ്മൾ പ്രതീക്ഷിക്കുന്നുണ്ടാവാം. അതൊരുപക്ഷേ, അവരുടെ കഴിവിന്റെ പരിധിക്ക് പുറത്തുള്ള കാര്യമാകാം. നമ്മുടെ പ്രതീക്ഷയ്ക്കൊത്തതുപോലെ എല്ലാ കാര്യങ്ങളും നടക്കാതെ വരുന്നതുകൊണ്ടാകാം നമുക്ക് എല്ലാറ്റിനോടും വെറുപ്പും ദേഷ്യവും തോന്നുന്നത്. പിന്നെ മറ്റൊരു കാര്യം പൊതുസമൂഹത്തോടു നമുക്ക് വികാരപ്രകടനങ്ങൾ നടത്തുന്നതിന് പരിമിതികളുണ്ട്. കുടുംബാംഗങ്ങളോട് നമുക്ക് അടുപ്പവും സ്വാതന്ത്ര്യവുമുള്ളതിനാൽ വികാരപ്രകടനങ്ങൾക്ക് തടസ്സമുണ്ടാകുന്നില്ല. അതുകൊണ്ടുകൂടിയാവണം നാം പെട്ടെന്ന് ദേഷ്യപ്പെടുന്നതും പൊട്ടിത്തെറിക്കുന്നതുമൊക്കെ.

കുടുംബാന്തരീക്ഷവും വ്യക്തിബന്ധങ്ങളും ഒക്കെ ഏറെ ഹൃദ്യവും ഊഷ്മളവുമാക്കാൻ ശ്രമിച്ചാൽ വിജയിക്കാവുന്നതേ ഉള്ളൂ.

അഭിപ്രായവ്യത്യാസങ്ങളും അനിഷ്ടങ്ങളും ഒക്കെ ഉണ്ടാകുമ്പോൾ അത് തുറന്നുപറയാനും അഭിപ്രായസമന്വയം ഉണ്ടാക്കാനും ശ്രമിക്കണം. കുടുംബാംഗങ്ങളോടുള്ള നീരസം - എന്തു കാരണംകൊണ്ട് ഉണ്ടായതായാലും ഉപേക്ഷിക്കുവാനും അവരോടൊപ്പം തുറന്ന് സംസാരിക്കാനും സമയം ചെലവിടാനും ശ്രദ്ധിക്കണം. ഒരുമിച്ചായിരിക്കാൻ എല്ലാ ദിവസവും അൽപസമയം മാറ്റിവയ്ക്കണം. ദിവസത്തിൽ ഒരു നേരമെങ്കിലും ഒരുമിച്ചിരുന്ന് ആഹാരം കഴിക്കാനും ഒരുമിച്ച് പ്രാർഥിക്കാനും നമുക്ക് കഴിയണം. അവരിലെ കുറവുകളെ സഹിഷ്ണുതയോടെ കാണാനും സൗഹാർദം നിലനിർത്താനും ശ്രമിച്ചുനോക്കുക. അവരോടുള്ള നമ്മുടെ മനോഭാവം മാറുന്നതു കാണാം. പ്രഭാഷകന്റെ പുസ്തകം 7-ാം അധ്യായം 27-28 പറയുന്നു. "പൂർണഹൃദയത്തോടെ പിതാവിനെ ബഹുമാനിക്കുക, നൊന്തുപെറ്റ അമ്മയെ മറക്കരുത്. നിനക്ക് അവർ നൽകിയ ദാനത്തിനു തുല്യമായി എന്തുപ്രതിഫലം നൽകാൻ നിനക്കു കഴിയും". വചനത്തോട് ആഭിമുഖ്യം പുലർത്തുകയും പ്രാർഥനാജീവിതം നയിക്കുകയും ചെയ്യുമ്പോൾ ഊഷ്മളമായ ബന്ധങ്ങൾ കുടുംബത്തിലും നമുക്ക് പുലർത്താനാകും. ശ്രമിച്ചുനോക്കുക.

*എന്ന് സ്വന്തം സൂസിച്ചേച്ചി*



## കാഴ്ചപ്പാട്

ഫാ. ബിനീഷ് തോമസ് ഒപി

# കൃപയുടെ ഒരു വർഷം



തൊണ്ണൂറ്റൊന്ന് ശതമാനം മാർക്കോടെ ബികോം പൂർത്തിയാക്കി സെന്റ് തെരേസാസ് കോളജിന്റെ പടിയിറങ്ങുമ്പോൾ ഭാവി സുരക്ഷിതമാക്കാൻ കൃപയുടെ മുന്നിൽ പല വഴികളുണ്ടായിരുന്നു. മുതിർന്നവരും സ്നേഹിതരും ഉപരിപഠനത്തിനായി പ്രശസ്തമായ സ്ഥാപനങ്ങളും മികച്ച കരിയർ ഉറപ്പാക്കുന്ന കോഴ്സുകളും മുന്നിൽ നിരത്തിയപ്പോൾ കൃപ വളരെ വ്യത്യസ്തമയാ ഒരാഗ്രഹമാണ് മാതാപിതാക്കളോടു പങ്കുവച്ചത്. എനിക്ക് പഠിക്കുവാനുള്ള കഴിവ് നൽകിയത് ഈശോയാണ്, അതിനുള്ള സാഹചര്യങ്ങൾ ഒരുക്കിയതും ഈശോയാണ്. എനിക്കുലഭിച്ച വിജയങ്ങളുടെ കാരണവും എന്റെ ആനന്ദത്തിന്റെ ഉറവിടവും അവനാണ്. എന്നെ ഇത്രയധികം സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ക്രിസ്തുവിന് ഇതുവരെ അധികമൊന്നും തിരിച്ചുനൽകാൻ സാധിച്ചിട്ടില്ല. എന്റെ ജീവിതത്തിലെ ഒരു വർഷമെങ്കിലും യേശുവിന് വേണ്ടി പൂർണമായി മാറ്റിവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെ ഒരു ജീസസ് യൂത്ത് ഫുൾടൈമറാകാൻ അനുവദിക്കണം.

ക്രിസ്തുസാക്ഷിയാകാനുള്ള കൃപയുടെ ആഗ്രഹവും ബോധ്യവും തിരിച്ചറിഞ്ഞ മാതാപിതാക്കൾക്ക് അവളോട് എതിർത്തുപറയാൻ സാധിച്ചില്ല. സുപ്രധാനമായ ഒരുവർഷം നഷ്ടപ്പെടുമെന്ന ബന്ധുമിത്രാദികളുടെ ആശങ്കകൾക്ക് പ്രാർഥനാ ചൈതന്യത്തോടെ അവൾ മറുപടി നൽകി. എനിക്ക് അസുഖം വന്ന് കിടപ്പിലായാൽ? പരീക്ഷയിൽ ഒരു ബാക്ക് പേപ്പർ വന്നിരുന്നെങ്കിൽ? പക്ഷേ, ഈയൊരുവർഷം എന്നെ സംബന്ധിച്ചിടത്തോളം നഷ്ടമല്ല മറിച്ച് കൃപയുടെ ഒരു വർഷമായിരിക്കും. 'നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും' (മത്തായി 6:33).

21-ാം ബാച്ചിലെ ഫുൾടൈമറായി കർണാടകയിലെ ഹസനിൽ പ്രവർത്തിക്കുന്ന കൃപയെപ്പറ്റി ഹസനിലെ ഇടവക വികാരി Fr. George Andrade പറഞ്ഞതിപ്രകാരമാണ് ഇവിടെയുള്ള കോളജ് വിദ്യാർഥികൾക്കും ഇടവകജനങ്ങൾക്കും കൃപ ഒരു അനുഗ്രഹമാണ്. അവളുടെ പ്രാർഥനാജീവിതവും പുഞ്ചിരിയോടുകൂടിയ പെരുമാറ്റവും അനേകരെ ക്രസ്തുവിലേക്ക് ആകർഷിക്കുന്നു. കൃപ 'She is real grace'. ഇതിനു സാക്ഷിയായ എന്റെ മനസ്സിലേക്ക് ഈയൊരു വചനം കടന്നുവന്നു. 'മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾക്ക്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ' (മത്തായി 5:16).

2012 ഡിസംബർ 21 മുതൽ 23 വരെ ആലുവയിലെ ആത്മദർശനിൽ കഴിഞ്ഞ 20 വർഷങ്ങളിൽ ഫുൾടൈമർ ആയി പ്രവർത്തിച്ച് ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വൈദികർ, സന്യസ്തർ, എൻജിനിയേഴ്സ്, ഡോക്ടേഴ്സ്, നഴ്സ്, ഓഫിസ് ജോലി, ബിസിനസ്, കൃഷിപ്പണി തുടങ്ങി വ്യത്യസ്തമായ ജീവിതവേദികളിലായിരിക്കുന്നവർ ഒത്തുചേർന്നു. ഇവരെ ഫോർറണ്ണേഴ്സ് എന്നാണ് വിളിക്കുന്നത്. അവരിൽ വിവാഹിതരായവർ കുടുംബത്തോടൊപ്പമാണ് വന്നത്. അന്ന് മണ്ടത്തരമെന്ന് പലരും വിശേഷിപ്പിച്ച ആ ഒരു വർഷം ഇന്ന് ജീവിതത്തിന്റെ വളർച്ചയുടെവഴിയിൽ പ്രചോദനവും അനുഗ്രഹവുമായി മാറിയ കഥയാണ്. എല്ലാവർക്കും പങ്കുവയ്ക്കാനുണ്ടായിരുന്നത്. ഈ ജീവിതാനുഭവങ്ങൾ കേട്ടപ്പോൾ ഞാൻ പണ്ട് കോളജിൽ പഠിച്ച റോബർട്ട് ഫ്രോസ്റ്റ് എന്ന ആംഗലേയ കവിയുടെ 'The Road Not Taken' എന്ന പ്രശസ്തമായ കവിതയിലെ-

Two roads diverged in a wood,
and I took the one less travelled by.
And that has made all the difference.

എന്ന വരികൾ ഓർമയിലേക്ക് എത്തി. ഇടുങ്ങിയ വാതിലിലൂടെ ജീവനിലേക്ക് പ്രവേശിക്കുവാൻ (മത്താ.7:13) ആഹ്വാനം ചെയ്ത യേശുവിനെ അനുസരിച്ച ഇവർ മറ്റു പലരും ജീവിതം ഭദ്രമാക്കാൻ നെട്ടോട്ടം ഓടുന്നതു കണ്ടപ്പോഴും അധികം ആരും നടക്കാത്ത less travelled ഒരു വഴി യേശുവിനോടുള്ള സ്നേഹത്തെപ്രതി തിരഞ്ഞെടുത്തു. ഇന്ന് സംതൃപ്തിയോടെ തിരിഞ്ഞ് നോക്കികൊണ്ട് അവർ പറയുന്നു-ആ വർഷം അനുഗ്രഹത്തിന്റെ വർഷം ആയിരുന്നു, വിശ്വാസത്തിന് ജീവൻവച്ച വർഷം, വ്യക്തിപരമായി വളർന്ന വർഷം, പ്രാർഥിക്കാൻ പഠിച്ച വർഷം... വിധവയുടെ കാണിക്കയെന്നപോലെ ഇത്തിരിപോന്ന കൊച്ചു കാര്യങ്ങൾ ക്രിസ്തുസ്നേഹത്തെപ്രതി ചെയ്ത വർഷം.

ഞാൻ ആദ്യമായി ജീസസ് യൂത്ത് ഫുൾടൈമേഴ്സിനെ അറിയുന്നത് കോഴിക്കോട് ദേവഗിരി കോളജിൽ പഠിച്ച സമയത്താണ്. അന്ന് അവിടെ എന്നെ വിശ്വാസത്തിലേക്കും ദൈവസ്നേഹാനുഭവത്തിലേക്കും കൈപിടിച്ച് നടത്തിയ ചില ഫുൾടൈമേഴ്സിനെ ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. 3-ാം ബാച്ചിലെ ജീവ, കോഴിക്കോട് സോണിലെ ഫുൾടൈമേഴ്സ് ആയിരുന്ന ആന്റോ, റോജി... അവരിൽ ചിലരാണ്. ഇവരുടെയെല്ലാം പ്രചോദനവും പ്രാർഥനയുമാണ് ദൈവവിളി തിരിച്ചറിയാൻ എന്നെ സഹായിച്ചത്.

ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടുകൂടി ചെയ്യുക എന്നത് വി. കൊച്ചു ത്രേസ്യായുടെ ആദ്ധ്യാത്മിക വിശേഷതയാണ്. ജീസസ് യൂത്തുമായും ഫുൾടൈമേഴ്സ്മായും ഞാൻ കൂടുതൽ അടുത്തറിഞ്ഞപ്പോൾ എനിക്കുമനസ്സിലായതും ഈയൊരു സത്യംതന്നെയാണ്. അവർ ചെറിയ കാര്യങ്ങൾ ദൈവസ്നേഹത്തെപ്രതി വലിയ സ്നേഹത്തോടുകൂടി ചെയ്യുന്നവരാണ്. യുവത്വത്തിന്റെ പ്രസരിപ്പും ക്രിസ്തു സ്നേഹത്തിന്റെ മനോഹാരിതയും കോർത്തിണക്കിയതാണ് ജീസസ് യൂത്ത് ഫുൾടൈമേഴ്സ്. ലോകത്തിന് ചോദ്യചിഹ്നമായി അവർ മാറിയിരിക്കാം... എന്നാൽ തങ്ങളെപ്പറ്റി അവർ പറയുന്നത് ക്രിസ്തുവിന്റെ വിഡ്ഢികളെന്നാണ് - 'Fools of Christ' അനേകരെ ലജ്ജിപ്പിക്കാൻ ക്രിസ്തു തിരഞ്ഞെടുത്തവർ (1 കൊറി. 1:27)

**എന്നാൽ തങ്ങളെ പറ്റി അവർ പറയുന്നത് ക്രിസ്തുവിന്റെ വിഡ്ഢികളെന്നാണ് - 'Fools of Christ' അനേകരെ ലജ്ജിപ്പിക്കാൻ ക്രിസ്തു തിരഞ്ഞെടുത്തവർ**

**നമുക്ക് പ്രാർഥിക്കാം:**

എന്റെ ജീവിതത്തിൽ അനുഗ്രഹങ്ങൾക്കുമേൽ അനുഗ്രഹങ്ങൾ നൽകിയ യേശുനാഥാ, നിന്റെ സ്നേഹത്തിന്റെ തീക്ഷ്ണത എന്നിൽ ജ്വലിക്കട്ടെ നിന്റെ സ്നേഹം മറ്റുള്ളവരിലേക്ക് എത്തിക്കുവാനായി നീ തിരഞ്ഞെടുത്ത് അനുഗ്രഹിച്ച യുവാക്കളുടെമേൽ കൃപവർഷിക്കണമേ. നിന്റെ വിളി തിരിച്ചറിയുന്നതിനും അതിന്റെ വെല്ലുവിളികൾ സ്വീകരിക്കുവാനും ദൈവരാജ്യത്തിന്റെ പടയാളികളായി മാറുവാനും ധാരാളം അവർക്ക് നീ കൃപ നൽകി അനുഗ്രഹിക്കണമേ ■



ലേഖനം

ബിനോജ് മണി

# കാഴ്ച കിട്ടിയവന്റെ 'കാഴ്ച'

തന്റെ സമീപത്തു കൂടി യേശു കടന്നുപോകുന്നുവെന്ന് അറിഞ്ഞപ്പോൾ അന്ധനായ ബർതിമേയൂസ് ഉറക്കെ വിളിച്ചു. "ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ". (മർക്കോസ്.10:47). അവന്റെ നിലവിളി കേട്ട ചിലർ അവനോട് മിണ്ടാതിരിക്കാൻ പറഞ്ഞു. അല്ലെങ്കിലും കാഴ്ചയില്ലാത്തവന്റെ ദു:ഖം കാഴ്ചയുള്ളവർക്ക് (ഉണ്ടെന്ന് കരുതുന്നവർക്ക്) മനസ്സിലാകാറില്ലല്ലോ. എന്നാൽ, അവർ വിലക്കിയിട്ടും അവൻ കൂടുതൽ ഉച്ചത്തിൽ വിളിക്കാൻ തുടങ്ങി. "ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ". അവൻ കണ്ടില്ലെങ്കിലും അവനെ കണ്ട യേശു പ്രത്യാശയോടെയുള്ള അവന്റെ വിളി കേട്ടു. അവനെ അരികിലേക്കു വിളിച്ചു. യേശുവിന്റെ അടുത്തേക്ക് ഓടിയെത്തിയ അവനോട് യേശു ചോദിച്ചു: "ഞാൻ നിനക്കു വേണ്ടി എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്"? (മർക്കോസ് 10:51). ബർതിമേയൂസ് കൂടുതലൊന്നും ആലോചിച്ചില്ല. ഞൊടിയിടയിൽ പറഞ്ഞു. "ഗുരോ, എനിക്കു കാഴ്ച വീണ്ടു കിട്ടണം". കാഴ്ചയില്ലാത്തവന്റെ വേദനയും നഷ്ടബോധവും അവന്റെ ഉത്തരത്തിലുണ്ടായിരുന്നു.

എന്നാൽ കാഴ്ചയില്ലാത്തവന്റെ ദു:ഖം കാഴ്ചയില്ലാത്തവൻ മാത്രമല്ല കാഴ്ചശക്തി നൽകുന്നവൻ കൂടി അറിയുന്നുണ്ട്. "ചെവി നൽകിയവൻ കേൾക്കുന്നില്ലെന്നോ? കണ്ണു നൽകിയവൻ കാണുന്നില്ലെന്നോ?" (സങ്കീർത്തനങ്ങൾ: 94:9) അതേ, അവിടുന്ന് എല്ലാം കാണുന്നുണ്ട്. എല്ലാം കേൾക്കുന്നുണ്ട്. യേശു അവനെ നോക്കി പറഞ്ഞു. "നീ പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു". (മർക്കോസ് 10:52) അല്ലെങ്കിലും കർത്താവ് ഇങ്ങനെയാണ്. സൗഖ്യം നൽകുന്നത് അവിടുന്നാണെങ്കിലും അതിന്റെ ക്രെഡിറ്റ് എടുക്കാറേയില്ല. യേശു പറഞ്ഞവസാനിപ്പിച്ചതും ബർതിമേയൂസിനു കാഴ്ച ലഭിച്ചതും ഒരുമിച്ചായിരുന്നു.

തുടർന്നുള്ള വിശുദ്ധ ലിഖിതങ്ങളാണ് സത്യത്തിൽ എന്നെ പിടിച്ചു കുലുക്കിയത്. "അവൻ യേശുവിനെ അനുഗമിച്ചു". (മർക്കോസ് 10:52). പൊയ്ക്കൊള്ളാൻ യേശു പറഞ്ഞിട്ടും ബർതിമേയൂസ് യേശുവിനെ അനുഗമിച്ചു. ഒരു പക്ഷേ ബർതിമേയൂസ് അന്ധനായി ജനിച്ച ഒരു വ്യക്തിയായിരുന്നിരിക്കണം. അങ്ങനെയെങ്കിൽ അവന്റെ മാതാപിതാക്കളുടെയോ പ്രിയപ്പെട്ടവരുടെയോ മുഖം അവൻ ഇതുവരെ കണ്ടിട്ടില്ല. പിറന്നു വീണ നാടോ വീടോ അവൻ കണ്ടിട്ടില്ല. പ്രകൃതി സൗന്ദര്യമോ, ഭൂമിയിലുള്ള വസ്തുക്കളെയോ ഒന്നും അവൻ കണ്ടിട്ടില്ല. എന്തിനധികം അവൻ സ്വന്തം മുഖം പോലും കണ്ടിട്ടില്ല. കാഴ്ച ശക്തി കിട്ടിയ ബർതിമേയൂസ് തനിക്കു കാണാൻ കഴിയാതിരുന്ന കാഴ്ചകളുടെ ലോകത്തേക്ക് അതിവേഗത്തിൽ ഓടിപ്പോകേണ്ടതായിരുന്നു. എന്നാൽ അവൻ അങ്ങനെ ചെയ്യുന്നില്ല. പകരം കാഴ്ച ശക്തി കിട്ടിയ അടുത്ത നിമിഷത്തിൽ തന്റെ കണ്ണുകൾ തുറന്നവനെ അനുഗമിക്കാൻ അവൻ തീരുമാനിച്ചു. ഇതാണ് എന്നെ അതിശയിപ്പിച്ചത്. എന്തു കൊണ്ടാണ് കാഴ്ച ശക്തി കിട്ടിയ ബർതിമേയൂസ് കാഴ്ചകളുടെ ലോകത്തേക്ക് ഓടിപ്പോകാതെ യേശുവിനെ അനുഗമിച്ചത്?

തീർച്ചയായും, ബർതിമേയൂസിന് കാഴ്ച വീണ്ടു കിട്ടിയപ്പോൾ അവൻ ആദ്യം കണ്ടത് അവന് കാഴ്ച നല്കിയവനെത്തന്നെയായിരിക്കണം. അതായത് യേശുവിനെ! അതു കൊണ്ടായിരിക്കാം അവന് മറ്റൊന്നും കാണാൻ തോന്നാതിരുന്നത്. എങ്ങനെ തോന്നും? എല്ലാം സൃഷ്ടിച്ചവനെ കാണാൻ ഭാഗ്യം ലഭിച്ചവൻ സൃഷ്ടാവിനെ വിട്ട് സൃഷ്ടവസ്തുക്കളുടെ സൗന്ദര്യത്തിനു പിന്നാലെ പായുമോ? ദാതാവിനെ സ്വന്തമാക്കിയവൻ ദാതാവിനെ മറന്ന് ദാനങ്ങളെ പുണർന്ന് ജീവിക്കുമോ?

എന്നാൽ നമ്മുടെ കാര്യമോ? നാം പലപ്പോഴും കാഴ്ച നല്കിയവനെ ഉപേക്ഷിച്ച് കാഴ്ചകളുടെ പുറകേയാണ്. ദാതാവിനെക്കാൾ നാം സ്നേഹിക്കുന്നത് ദാനങ്ങളെയാണ്. ഒരു പക്ഷേ നാം ഇനിയും ബർതിമേയൂസ് കണ്ടതു പോലെ യേശുവിനെ കണ്ടിട്ടില്ലാത്തതു കൊണ്ടായിരിക്കാം ദൈവത്തെക്കാള

ധികമായി ദൈവം നൽകിയ ദാനങ്ങളെയും അനുഗ്രഹങ്ങളെയും നാം ആശ്ലേഷിക്കുന്നത്. സനാതന സൗന്ദര്യമെന്ന് വിശുദ്ധ അഗസ്റ്റിൻ വിശേഷിപ്പിച്ച യേശുവിനെ കണ്ടുമുട്ടുന്നതിൽപരം എന്താണുള്ളത്? പക്ഷേ അതിനായി നമ്മുടെ അകക്കണ്ണുകൾ തുറക്കപ്പെടേണ്ടതുണ്ടെന്നു മാത്രം.

ഒരു ദിവസം ദിവ്യ കാരുണ്യ സന്നിധിയിൽ പ്രാർഥിക്കുമ്പോൾ ഈശോ ഇങ്ങനെ പറയുന്നതു പോലെ തോന്നി. "എന്നെ ആർക്കും വേണ്ടാ". സാധാരണ യേശുവിനോടാണ് പലരും ഇങ്ങനെ പറയുക. ഞാനും പറഞ്ഞിട്ടുണ്ട്. എന്നാലിതാ യേശു തന്നെ പറയുകയാണ് "എന്നെ ആർക്കും വേണ്ടാ" യെന്ന്. എനിക്കൊന്നും മനസ്സിലായില്ല. ഞാൻ ചോദിച്ചു. "കർത്താവേ അങ്ങ് എന്താണീ പറയുന്നത്?" അവിടത്തെ മറുപടി വേദനയോടെയായിരുന്നു. "എല്ലാവർക്കും എന്നിൽനിന്ന് നിരവധി അനുഗ്രഹങ്ങൾ വേണം; പക്ഷേ എന്നെ വേണ്ടാ, ജോലി വേണം; പക്ഷേ ജോലി നൽകുന്നവനെ വേണ്ടാ, സൗഖ്യം വേണം; പക്ഷേ സൗഖ്യം നൽകുന്നവനെ വേണ്ടാ. സ്നേഹം വേണം; പക്ഷേ സ്നേഹം നൽകുന്നവനെ വേണ്ടാ, ഒരു പാടു ദാനങ്ങൾ വേണം; പക്ഷേ ദാതാവിനെ വേണ്ടാ, അതേ, പലപ്പോഴും ദൈവം നമുക്ക് അലാവുദ്ദീന്റെ കയ്യിലെ അത്ഭുത വിളക്കുപോലെയാണ്. ആവശ്യങ്ങൾ സാധിച്ചു തരുന്ന ഒരു മാന്ത്രികൻ! ഇതുതന്നെയാണ് അവിടുത്തെ ഏറെ ദുഃഖിപ്പിക്കുന്നതും.



വർഷങ്ങൾക്കു മുമ്പ് ഒരു ധ്യാനത്തിൽ കേട്ടത് ഇപ്പോഴും ഓർക്കുന്നു. "മനുഷ്യന് ദൈവം ഒരുപാടു സൗകര്യങ്ങൾ നൽകിയപ്പോൾ ഒടുവിൽ ദൈവം അവന് ഒരു അസൗകര്യമായിത്തീരുന്നു". ശരിയല്ലേ? ഞാൻ നിന്നെ ഉപേക്ഷിക്കുകയോ, തള്ളിക്കളയുകയോ ഇല്ല, എന്ന് കർത്താവ് അനേകം തവണ വാഗ്ദാനം ചെയ്യുന്നുണ്ട്. അവൻ വിശ്വസ്തനായതുകൊണ്ട് അവന്റെ വാക്കിന് മാറ്റമുണ്ടാവുകയുമില്ല. എന്നാൽ നമ്മുടെ കാര്യമോ? നമ്മൾ എപ്പോൾ വേണമെങ്കിലും കാലുമാറാം. സ്വാർഥ താത്പര്യങ്ങൾക്കു വേണ്ടി എത്രയോ തവണ നാം അവനെ തള്ളിക്കളയുന്നു. അതുകൊണ്ടാണല്ലോ അത്ഭുതങ്ങളും അടയാളങ്ങളും കണ്ട് യേശുവിനെ പിൻഗമിച്ചവർ പോലും നിർണായക ഘട്ടത്തിൽ അവനെ വിട്ടുപോയത്. അവന്റെ മരണസമയത്തും വിരലിൽ എണ്ണാവുന്നവർ മാത്രമേ അവന്റെ കുരിശിൻ ചുവട്ടിൽ ഉണ്ടായിരുന്നുള്ളൂ.

രസകരമായ ഒരു കഥ കേട്ടിട്ടുണ്ട്. ഒരിക്കൽ ഒരു രാജാവ് രാജസദസ്സിൽ വച്ച് ഒരു പ്രഖ്യാപനം നടത്തി. രാജകൊട്ടാരത്തിലുള്ള എന്തിൽ തൊട്ടാലും അത് തൊടുന്ന വ്യക്തിയുടെ സ്വന്തമാകും. പ്രഖ്യാപനം കേട്ടയുടൻ സദസ്സിലുണ്ടായിരുന്നവർ തലങ്ങും വിലങ്ങും ഓട്ടമായി. രാജകൊട്ടാരത്തിലുള്ള വിലപിടിപ്പുള്ള വസ്തുക്കൾ തൊടാൻ മൽസരമായി. ഉന്തും തള്ളുമായി. അക്കൂട്ടത്തിലുണ്ടായിരുന്ന ഒരു കൊച്ചു പെൺകുട്ടിയാകട്ടെ നേരെ ചെന്ന് രാജാവിനെത്തന്നെയങ്ങു തൊട്ടു. രാജാവിനെ സ്വന്തമാക്കിയാൽ പിന്നെ രാജാവിനുള്ളതെല്ലാം സ്വന്തമാണല്ലോ. മറ്റുള്ളവരുടെ കണ്ണുകൾ കൊട്ടാരത്തിലുള്ള വിലപിടിപ്പുള്ള വസ്തുക്കൾ പരതി നടന്നപ്പോൾ അവളുടെ കണ്ണുകൾ പതിച്ചത് എല്ലാറ്റിന്റെയും ഉടമസ്ഥനായ രാജാവിലായിരുന്നു.

ബർതിമേയൂസിനെപ്പോലെ നമുക്കും വിശ്വാസത്തോടെ യേശുവിനെ വിളിച്ചാലോ? കാരണം ലൗകിക വസ്തുക്കളിലും ദാനങ്ങളിലും ഉടക്കിയിരിക്കുന്ന നമ്മുടെ കണ്ണുകൾ ദാതാവിലേക്ക് ഉയരണമെങ്കിൽ നമ്മുടെ കണ്ണുകളും തുറക്കപ്പെടേണ്ടതുണ്ട്. ബർതിമേയൂസ് കണ്ടതുപോലെ നാം ഓരോരുത്തരും യേശുവിനെ കാണേണ്ടതുണ്ട്. അപ്പോഴാണ് അവനെപ്പോലെ യേശുവിനെ പിൻഗമിക്കാൻ നമുക്ക് കഴിയുന്നത്. ബർതിമേയൂസിനെപ്പോലെ നമുക്കും പ്രാർഥിക്കാം..." ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ" ■

അഡ്വ. ചാർളിപോൾ MA, LLB, DSS

# മക്കൾ: അച്ഛനമ്മമാർ അറിയേണ്ടത്

കൗമാരം കാലിടറുന്ന വാർത്തകളാണ് പത്രത്താളുകളിൽ ദിനം പ്രതി നാം വായിക്കുന്നത്. കുട്ടിക്കുറ്റവാളികൾ പെരുകുന്നു. മദ്യം-മയക്കുമരുന്ന് തുടങ്ങിയവ യുവതലമുറയെ പിടിമുറുക്കിക്കഴിഞ്ഞു. അധാർമിക വഴികളിലൂടെ നമ്മുടെ മക്കൾ സഞ്ചരിക്കുന്നു. മാതാപിതാക്കളെ ഭയപ്പെട്ടിരുന്ന കുട്ടികളെ ഇന്ന് മാതാപിതാക്കൾ ഭയപ്പെടുന്നു. മൂല്യാധിഷ്ഠിതമായ ജീവിതത്തിലേക്ക് ഒരു തിരിച്ചുപോക്ക് അനിവാര്യമാണ്. മക്കൾ വഴിമാറാതിരിക്കാൻ അച്ഛനമ്മമാർ ചില കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

* മക്കൾ അനുസരിക്കുന്നത് കൂട്ടുകാർ പറയുമ്പോഴാണ്. മക്കൾ അനുസരിക്കണമെങ്കിൽ അച്ഛനമ്മമാർ മക്കളുടെ കൂട്ടുകാരാവുക.



* നല്ല കേഴ്വിക്കാരനാവുക; മക്കൾ പറയുന്നത് കേൾക്കാൻ സന്മനസ്സുണ്ടാകണം. എല്ലാറ്റിനും കുറ്റപ്പെടുത്തുന്ന രീതിവേണ്ട. ഏതുപ്രശ്നവും കുട്ടികൾക്ക് പങ്കുവയ്ക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം. കുറ്റപ്പെടുത്തലുകൾ കുറച്ച് മക്കളുടെ നന്മകൾ പറഞ്ഞ് പ്രോത്സാഹിപ്പിക്കുക.

* മക്കളെ അടുത്തറിയുക. മക്കളുടെ കൂട്ടുകെട്ടുകൾ, കഴിവുകൾ അറിയുക. കുട്ടികൾ സന്തോഷിക്കുമ്പോൾ കൂടെ സന്തോഷിക്കുക, വിഷമഘട്ടം വരുമ്പോഴും ഒപ്പമുണ്ടെന്നറിയട്ടെ. ഉള്ളുതുറന്ന സംസാരവും തമാശ പറയലും ആഹ്ലാദകരമായ കൂട്ടായ്മയും ഒത്തുചേരലും വീട്ടിലുണ്ടാകണം.

* അമിതലാളന ഒഴിവാക്കുക. ആവശ്യത്തിലധികം പണം നൽകരുത്. പണത്തിന്റെ കണക്കുകൾ തിരക്കണം. ബോധപൂർവം പണം ഉപയോഗിക്കുവാൻ മക്കളെ പരിശീലിപ്പിക്കുക. മൊബൈൽ ഫോൺ, ബൈക്ക് തുടങ്ങിയവ പ്രായത്തിന് യോജിക്കാത്ത വിലപിടിച്ച വസ്തുക്കൾക്ക് മക്കൾ വാശിപിടിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

* മക്കളെ തല്ലരുത്. സ്നേഹശാസനകളും തിരുത്തലും ആകാം. ശിക്ഷയെന്നാൽ തല്ലലല്ല. ശിക്ഷ ശിക്ഷണമാകണം. തെറ്റ് ബോധ്യപ്പെടുത്തി ശരിചെയ്യാൻ പ്രോത്സാഹിപ്പിക്കലാണ് ശിക്ഷ. ശിക്ഷണം എന്നാൽ വളരാനും വളർത്താനും സ്വീകരിക്കുന്ന നിലപാടുകളാണ്. അത്തരം നിലപാടുകൾ മാത്രമേ സ്വീകരിക്കാവൂ. തളരാനും തളർത്താനും ശ്രമിക്കരുത്. വേദനിപ്പിച്ചുകൊണ്ട് ഒരാളുടെപോലും സ്വഭാവത്തിൽ മാറ്റം വരുത്താൻ കഴിയുകയില്ല. കാര്യങ്ങൾ ചർച്ച ചെയ്യുക. അച്ഛനമ്മമാരുടെ വിഷമങ്ങളും ആഗ്രഹങ്ങളും സ്വപ്നങ്ങളും പറഞ്ഞാൽ മതിയാകും. മക്കളുടെ വികാരങ്ങളെയും മാനിക്കണം.

* സൗഹാർദപരവും സ്നേഹപൂർണവുമായ കുടുംബാന്തരീക്ഷം നൽകണം. എന്തും ഭയപ്പെടാതെ തുറന്നുപറയുവാനുള്ള സ്വാതന്ത്ര്യം വളർത്തിയെടുക്കണം. പരിഹാസം, പുച്ഛം, അവഹേളനം, കളിയാക്കൽ എന്നിവ വേണ്ട.

* ഉത്തരവാദിത്വങ്ങൾ നൽകുക, വീട്ടുകാര്യങ്ങളിലും പങ്കാളിയാക്കുക, സ്വന്തമായി എല്ലാക്കാര്യവും ചെയ്യാനവർ പഠിക്കട്ടെ.

* മക്കൾ ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ, ടി.വി. പരിപാടികൾ, കമ്പ്യൂട്ടർ എന്നിവ ചോദിച്ച് അറിയാൻ ശ്രമിക്കുക. വളർച്ചയുടെ ഘട്ടങ്ങൾ അടുത്തറിയുക. താത്പര്യങ്ങൾ ചോദിച്ചറിയുക, കൂട്ടുകാർ ആരെല്ലാമാണെന്നറിയുക, അവധി സമയം ചെലവഴിക്കുന്നതെങ്ങനെ? എവിടെ? എന്നറിയുക. തെറ്റ് ചെയ്തതിലാണ് അതൃപ്തിവേണ്ടത്. തെറ്റ്ചെയ്ത കുട്ടിയിലല്ല. തെറ്റ് ബോധ്യപ്പെടുത്തുക.



**ശരിതെറ്റുകളെക്കുറിച്ച് വിധിക്കാതിരിക്കുക. ക്ഷമയോടെ കേട്ടും പിന്തുണ നൽകിയും സ്നേഹിച്ചും പ്രോത്സാഹിപ്പിച്ചും മനസ്സിന് കരുത്ത് പകർന്ന് മക്കളെ നല്ലവരാക്കുക**

ആവർത്തിക്കരുതെന്ന് സൂചിപ്പിക്കുക, ഉപദേശിച്ച് ബോറടിപ്പിക്കാതിരിക്കുക, കുറ്റം ചെയ്താലും ക്രൂരമായി ശിക്ഷിക്കാതിരിക്കുക. മനസ്സിന് മുറിവേൽപിക്കുന്ന രീതിയിൽ കുറ്റപ്പെടുത്താതിരിക്കുക, വായ കൊട്ടിയടക്കാതിരിക്കുക.

* മക്കളിലെ വൈകാരിക പ്രശ്നങ്ങളുടെ സൂചനകൾ എത്രയും വേഗം തിരിച്ചറിയുക. പഠനത്തിൽ പിന്നോക്കം പോവുക, അകാരണമായ വിഷാദം, ദേഷ്യം വരുമ്പോൾ ആക്രമണോൽസുകമായ രീതിയിൽ പെരുമാറുക, എല്ലാത്തിനെയും എതിർക്കുക തുടങ്ങിയ മാറ്റങ്ങൾ കുട്ടി ലൈംഗിക ചൂഷണത്തിനോ ലഹരിവസ്തുക്കൾക്കോ ഇരയായതിന്റെ സൂചനയാകാം. പ്രശനങ്ങളോട് പക്വമായ സമീപനം വേണം. കൗൺസിലിങ് നൽകുക.

* പ്രശ്നങ്ങൾ വരുമ്പോൾ മക്കൾക്ക് കൈത്താങ്ങായി കൂടെ നിൽക്കുക. കുറ്റപ്പെടുത്തരുത്. കുറ്റബോധം കുറയ്ക്കാൻ ശ്രമിക്കണം. കുട്ടിയുടെ സ്വഭാവദൂഷ്യം കൊണ്ടാണെന്ന് പറയരുത്.

* മക്കളുടെ കൈയിൽ ആവശ്യത്തിലധികം പണമോ, വിലപിടിച്ച വസ്തുക്കളോ കണ്ടാൽ ശ്രദ്ധിക്കുക. പണം എവിടെ നിന്ന് എന്ന് അറിയുക. സിഗരറ്റ്, സിറിഞ്ച്, പാൻമസാല എന്നിവ മുറിയിൽ കണ്ടാൽ കരുതിയിരിക്കുക. രഹസ്യമായി മൊബൈൽഫോൺ, കമ്പ്യൂട്ടർ എന്നിവ ഉപയോഗിക്കുന്നതും അപകട സൂചനകളാണ്. കമ്പ്യൂട്ടർ എല്ലാവരും കാണുന്നിടത്തുവയ്ക്കുക. അവയിലെ ചതിക്കുഴികൾ ബോധ്യപ്പെടുത്തുക.

* രക്ഷിതാക്കളറിയാതെ കുട്ടി മൊബൈൽഫോൺ ഉപയോഗിക്കുന്നുണ്ടോ എന്നു ശ്രദ്ധവേണം. പാഠപുസ്തകങ്ങളും ബാഗും പരിശോധിക്കണം. രക്ഷിതാക്കളുടെ ശ്രദ്ധയിൽ നിന്നൊഴിഞ്ഞ് കൂടുതൽ സമയം ബാത്ത്റൂമിലോ മറ്റോ സമയം ചെലവഴിക്കുന്നുണ്ടോ എന്ന് നോക്കണം.

* ലഹരിക്ക് വീട്ടിൽ സ്വീകാര്യത നൽകരുത്. മദ്യത്തോടുള്ള മാന്യ സമീപനം മക്കൾക്ക് നാശം വരുത്തും. ആഘോഷങ്ങളിൽ വീട്ടിൽ ഒരിക്കലും മദ്യം വിളമ്പരുത്.

* കുടുംബത്തെ ചെറിയ സ്വർഗമാക്കുക. സന്തോഷവും അംഗീകാരവുമാണ് മനുഷ്യന് മരിക്കുവോളം വേണ്ടത്. തകർന്ന കുടുംബങ്ങൾക്കിടയിലാണ് ലഹരികൾ ഇടം കണ്ടെത്തുന്നത്.

* സന്തോഷവും അംഗീകാരവും പരസ്പരം നൽകിയാൽ ലഹരിയുടെ ഇരുണ്ടവഴികൾ ആരും തേടില്ല.

* പ്രശ്നക്കാരായ മക്കളെ വിശ്വാസത്തിലെടുത്തു തുറന്നു സംസാരിക്കുക. ഭയപ്പെടുത്താതിരിക്കുക. പ്രശ്നങ്ങൾ ചർച്ച ചെയ്ത് ശരി തെറ്റുകൾ ബോധ്യപ്പെടുത്തുക. കുറ്റപ്പെടുത്താതിരിക്കുക. പ്രശ്നത്തിൽ പരിഹാരം കണ്ടെത്താൻ സഹായിക്കുക. പ്രശ്നങ്ങളിൽ വീണ്ടും അകപ്പെടാതിരിക്കാൻ മാർഗനിർദേശങ്ങൾ നൽകുക. പ്രതിസന്ധിയിൽ തുണയാകുമെന്ന് മക്കൾക്ക് തോന്നണം. ശരിതെറ്റുകളെക്കുറിച്ച് വിധിക്കാതിരിക്കുക. ക്ഷമയോടെ കേട്ടും പിന്തുണ നൽകിയും സ്നേഹിച്ചും പ്രോത്സാഹിപ്പിച്ചും മനസ്സിന് കരുത്ത് പകർന്ന് മക്കളെ നല്ലവരാക്കുക. ആവശ്യമെങ്കിൽ കൗൺസലിങ് നടത്തുക. മനഃശാസ്ത്രജ്ഞന്മാരുടെ സഹായം തേടുക.

* ഒരുമിച്ച് പ്രാർഥിക്കുക, ഒരുമിച്ച് ഭക്ഷണം കഴിക്കുക, ഒരുമിച്ച് സുഖദുഃഖങ്ങൾ പങ്കിടുക, ഒരുമിച്ച് വിനോദങ്ങളിൽ ഏർപ്പെടുക, ഒരുമിച്ച് വിശ്രമിക്കുക, ആ കുടുംബം തകരുകയില്ല. മക്കൾ വഴിമാറി സഞ്ചരിക്കുകയുമില്ല ■

*ലേഖകനെ വിളിക്കാൻ: 98470 34600*

ജിന്റോ മാത്യു

# കോഴ്സുകൾ തിരഞ്ഞെടുക്കുമ്പോൾ

തിരഞ്ഞെടുപ്പുകൾ എല്ലാക്കാലത്തും എല്ലാക്കാര്യത്തിലും പ്രത്യേക ശ്രദ്ധ അർഹിക്കുന്നുണ്ട്. ചിന്തിക്കാതെയെടുക്കുന്ന ഒരുതീരുമാനം, ശ്രദ്ധിക്കാതെ വയ്ക്കുന്ന ഒരു ചുവട് ഒരു വലിയ വീഴ്ചയിലവസാനിച്ചേക്കാം. ഏറ്റവും ശ്രദ്ധയോടെ എടുക്കേണ്ട തീരുമാനങ്ങളിലൊന്നാണ് പഠനം സംബന്ധിച്ചത്. തെറ്റായ ഒരു തീരുമാനം മൂലം വർഷങ്ങളും പണവും ഭാവിയും പാഴായി വിധിയെയും വ്യവസ്ഥിതിയെയും സമൂഹത്തെയും പഴിച്ച് ജീവിതം നരകതുല്യമാക്കാതിരിക്കാൻ പഠനവും കോഴ്സുകളുമായി ബന്ധപ്പെട്ട് ചിന്തിച്ച് മാത്രം തീരുമാനങ്ങളെടുക്കുക.

### 1: അംഗീകാരം പ്രധാനം

ഒരു കോഴ്സ് അംഗീകാരമുള്ളതാകണമെങ്കിൽ പല മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.

### 1. 1: യുജിസി അംഗീകാരം

ഇന്ത്യയിലെ യൂണിവേഴ്സിറ്റികളെല്ലാം യുജിസിയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. യൂണിവേഴ്സിറ്റിയും അതിന്റെ കോഴ്സുകളും അംഗീകാരമുള്ളതാണോ എന്നറിയാൻ www.ugc.ac.in എന്ന വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് നോക്കിയാൽ മതി.

### 1. 2: ടെക്നിക്കൽ കോഴ്സുകൾക്കുള്ള അംഗീകാരം

ഓൾ ഇൻഡ്യ ടെക്നിക്കൽ കൗൺസിൽ ഫോർ എജ്യൂക്കേഷൻ (AICTE) ആണ് ഇൻഡ്യയിലെ ടെക്നിക്കൽ കോഴ്സുകളിൽ വലിയൊരു പങ്കിനും അംഗീകാരം കൊടുക്കുന്നത്. എൻജിനീയറിങ് ഡിഗ്രി, ഡിപ്ളോമ, ഫാർമസി, പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങിയവയെല്ലാം ഇതിന്റെ കീഴിൽ വരും. പഠിക്കാനുദ്ദേശിക്കുന്ന കോളജും കോഴ്സുകളും അംഗീകാരമുള്ളതാണോ എന്നറിയാൻ www.aicte-india.org എന്ന വെബ്സൈറ്റ് സന്ദർശിച്ചാൽ മതി.

### 1.3: മെഡിക്കൽ കോഴ്സുകളുടെ അംഗീകാരം

മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയാണ് മെഡിക്കൽ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നത ഏജൻസി. www.mciindia.org വെബ്സൈറ്റ് സന്ദർശിച്ചാൽ പഠിക്കാനുദ്ദേശിക്കുന്ന മെഡിക്കൽ കോഴ്സിന് അംഗീകാരമുണ്ടോ എന്ന് അറിയാനാകും.

### 1. 4: യൂണിവേഴ്സിറ്റി അംഗീകാരം

ഇൻഡ്യയിൽ എല്ലാ പിജി, ഡിഗ്രി പ്രോഗ്രാമുകൾക്കും യൂണിവേഴ്സിറ്റി അംഗീകാരം വേണം. കോഴ്സുകളും കോളജുകളും യൂണിവേഴ്സിറ്റി അംഗീകാരമുള്ളതാണോ എന്ന് അതാതു യൂണിവേഴ്സിറ്റികളുടെ വെബ്സൈറ്റ് സന്ദർശിച്ചാൽ അറിയാം.

### 1. 5: ഗവൺമെന്റ് അംഗീകാരം

ചില കോഴ്സുകൾക്ക് ഗവൺമെന്റിന്റെ അംഗീകാരവും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും (എൻ.ഒ.സി.) ആവശ്യമാണ്. എൻ.ഒ.സി. ആവശ്യമുള്ള കോഴ്സും കോളജുമാണോ തിരഞ്ഞെടുത്തിരിക്കുന്നത് എന്ന് അന്വേഷിച്ചറിയുകയും അത് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.

### 1. 6: വിദേശ കോഴ്സുകൾ

പല വിദേശ യൂണിവേഴ്സിറ്റികളും അവരുടെ ശാഖകൾ ഇൻഡ്യയിൽ ആരംഭിക്കുകയോ അതിനുള്ള പ്രാരംഭ നടപടികൾ നടത്തുകയോ ആണ്. ആഗോള നിലവാരത്തിലുള്ള സ്ഥാപനങ്ങളിൽ ഇത്തരം കോഴ്സുകൾ പഠിക്കുന്നത് നല്ലതാണ്. എന്നാൽ പരസ്യം കണ്ട് പണംമുടക്കുന്നതിനുമുൻപ് കൃത്യമായി അന്വേഷിക്കേണ്ടത് അത്യാവശ്യമാണ്.

### 1. 7: ഡിപ്ളോമ കോഴ്സുകൾ

ചില വിദ്യാഭ്യാസ സ്ഥാപനങ്ങളും കംപ്യൂട്ടർ പരിശീലന സ്ഥാപനങ്ങളും ഹ്രസ്വകാല കംപ്യൂട്ടർ കോഴ്സുകൾ നടത്താറുണ്ട്. യൂണിവേഴ്സിറ്റി, ഗവൺമെന്റ് എന്നിവയുടെ അംഗീകാരത്തോടെയോ അല്ലാതെയോ ആയിരിക്കും ഇത്തരം കോഴ്സുകൾ. അതിനാൽ പഠിച്ചുകഴിയുമ്പോൾ ജോലികിട്ടിയില്ലെങ്കിൽ സ്ഥാപനമോ ഗവൺമെന്റോ ഉത്തരവാദിത്തം ഏൽക്കാൻ സാധ്യതയില്ലാത്തതിനാൽ ഇത്തരം കോഴ്സുകൾക്ക് ചേരുന്നതിനു മുൻപ് അറിവുള്ളവരുമായി ചർച്ച ചെയ്തു വേണം തീരുമാനമെടുക്കാൻ.

### 100 % പ്ളേസ്മെന്റ് അസിസ്റ്റൻസ് ഉറപ്പ്

പല കോഴ്സുകളുടെയും പരസ്യത്തിൽ കാണാറുള്ള വാക്കുകളാണിത്. പക്ഷേ, ഓർക്കുക, പ്ളേസ്മെന്റ് അസിസ്റ്റൻസ് ഒരിക്കലും ഒരു പ്ളേസ്മെന്റ് ഉറപ്പല്ല. ഇതൊരു സഹായ സന്നദ്ധതയാണ്. ജോലി കിട്ടിയാലും ഇല്ലെങ്കിലും ഏജൻസിക്കോ സ്ഥാപനത്തിനോ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

പഠിക്കാനുള്ള സ്ഥാപനം തിരഞ്ഞെടുക്കുന്നതിനെപ്പറ്റി അടുത്ത പംക്തിയിൽ ■

## യുക്തിയും വിശ്വാസവും

ജോബി തോമസ് എം.ടെക്ക്, കട്ടപ്പന



# ആദിമ സഭയുടെ സാക്ഷ്യം

## പുതിയനിയമം വിശ്വസനീയമായ ഒരു ചരിത്രരേഖ ആണോ?

പുതിയനിയമ രചനയുടെ കാലഘട്ടത്തെത്തുടർന്ന് ആദിമനൂറ്റാണ്ടുകളിലെല്ലാം ക്രൈസ്തവഗ്രന്ഥകാരൻമാരുടെ ഇടമുറിയാത്ത ഒരു തുടർച്ച ഉണ്ടായിരുന്നു. മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരാണ് നാല് സുവിശേഷങ്ങൾ രചിച്ചതെന്ന് രണ്ടാം നൂറ്റാണ്ടിൽ (AD 100-200) ജീവിച്ചിരുന്ന ക്രൈസ്തവ ഗ്രന്ഥകാരൻമാർ തങ്ങളുടെ രചനകളിൽ സാക്ഷ്യപ്പെടുത്തുന്നു. ഇവരുടെ എല്ലാ രചനകളിലും കൂടി കാണപ്പെടുന്ന പുതിയനിയമ ഉദ്ധരണികളുടെ ആകെ എണ്ണം 31,000-ൽ അധികം വരും. പുതിയ നിയമം, ഇത്ര വ്യാപകമായി രണ്ടാം നൂറ്റാണ്ടിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട് എങ്കിൽ അത് ഒന്നാം നൂറ്റാണ്ടിൽ (AD 100-നു മുമ്പ്) തന്നെ എഴുതപ്പെട്ടിരുന്നിരിക്കണം.

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ റോമാക്കാരിൽ നിന്നും യഹൂദരിൽ നിന്നും ക്രിസ്തുമതത്തിന് കടുത്ത മതമർദനങ്ങൾ നേരിടേണ്ടിവന്നു എന്ന് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ഇവയെ അതിജീവിച്ച് നാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ക്രിസ്തുമതം വിശാലമായ റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി മാറി. ആദ്യനൂറ്റാണ്ടുകളിൽ വ്യാപകമായ സുവിശേഷവൽക്കരണ ശ്രമങ്ങൾ നടന്നിട്ടുണ്ട് എന്ന് ഇതിനാൽ വ്യക്തമാണല്ലോ.



വിജാതീയ, യഹൂദ മതങ്ങളിൽനിന്ന് പുതുതായി വിശ്വാസം സ്വീകരിച്ച് ക്രിസ്ത്യാനികളായി മാറിയിട്ടുള്ളവരാണ് ഒന്നാം നൂറ്റാണ്ടിലെ സഭാംഗങ്ങളിൽ ഭൂരിഭാഗവും. മത മർദനത്തിന്റെ ഈ കാലഘട്ടത്തിൽ ക്രിസ്തുവിൽ വിശ്വസിക്കാൻ തയാറായ ഇവർക്ക് അവനോട് ഉയർന്ന സമർപ്പണ മനോഭാവം ഉണ്ടായിരിക്കുമല്ലോ. യേശുവിനോട് സമർപ്പണ മനോഭാവം ഉള്ളവർക്ക് അവനെക്കുറിച്ച് കൂടുതലറിയാൻ ആഗ്രഹവും ഉണ്ടായിരിക്കും.

യേശുവിന്റെ പരസ്യജീവിതത്തിനും അനന്തരസംഭവങ്ങൾക്കും നേരിട്ടു സാക്ഷികളായിട്ടുള്ള നിരവധിപേർ ഒന്നാം നൂറ്റാണ്ടിലെ സഭയിൽ ജീവിച്ചിരുന്നു. സമർപ്പണ മനോഭാവം ഉള്ളവർക്കും, സുവിശേഷവൽക്കരണത്തിൽ ഏർപെട്ടിരുന്നവർക്കും അറിവു പകർന്നുകൊടുക്കാനുള്ള ഉറവിടങ്ങളായി ഈ സാക്ഷികൾ വർത്തിച്ചു. ഇതുമൂലം, യേശുവിനെക്കിറിച്ച് തങ്ങൾ കേൾക്കുകയും കാണുകയും ചെയ്തിട്ടുള്ള കാര്യങ്ങൾ നിരന്തരം ഓർമയിലേക്കു കൊണ്ടുവരാൻ ഇവർ പ്രേരിതരായി. സുവിശേഷവൽക്കരണത്തിൽ ഏർപ്പെട്ടിരുന്നവരും തങ്ങൾ ഗ്രഹിച്ച കാര്യങ്ങൾ നിരന്തരം ഓർമയിലേക്കു കൊണ്ടുവരാൻ നിർബന്ധിതരാകുമല്ലോ.

ചുരുക്കിപ്പറഞ്ഞാൽ സാക്ഷികൾ, സമർപ്പണം, സുവിശേഷവൽക്കരണം എന്നീ മൂന്നു ഘടകങ്ങളുടെ ഒത്തുചേർന്നുള്ള പ്രവർത്തനം മൂലം യേശുവിന്റെ ജീവിതത്തെക്കുറിച്ച് സജീവമായ അറിവുണ്ടായിരുന്ന ഒരു വിഭാഗം ആളുകൾ ഒന്നാം നൂറ്റാണ്ടിലെ സഭയിൽ ഉണ്ടായിരുന്നു. പുതിയ നിയമം എഴുതപ്പെട്ടത് ഇവരുടെ ഇടയിലാണ്. അതിനാൽ, തങ്ങൾ എഴുതുന്ന കാര്യങ്ങളിൽ തെറ്റു വരുത്താതിരിക്കാൻ പുതിയ നിയമഗ്രന്ഥകാരൻമാർ ശ്രദ്ധിക്കും. വന്നാൽ തിരുത്തപ്പെടും. പുതിയ നിയമം എഴുതപ്പെട്ടത് ഈ രീതിയിലുള്ള ഒരു സാഹചര്യത്തിൽ ആകയാൽ യേശുവിനെക്കുറിച്ച് അതിൽ പറഞ്ഞിരിക്കുന്ന ചരിത്രപരമായ വസ്തുതകളിൽ തെറ്റുകൾ കടന്നുകൂടാനുള്ള സാധ്യത കുറവാണ് ■



## വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ

# സ്വർഗരാജ്യം വേണ്ടായെന്നു തീരുമാനിക്കുന്നവർ

2012 അവസാനിച്ചത് ഇന്ത്യൻ സ്ത്രീത്വത്തിന് കനത്ത ആഘാതം ഏൽപിച്ചുകൊണ്ടാണ്. തലസ്ഥാനഗരിയിൽ അരങ്ങേറിയ അതിക്രൂരമായ ബലാൽസംഗം രാഷ്ട്രത്തെയൊന്നാകെ പിടിച്ചുലച്ചു. ക്രൂരത മുറ്റിയ, മനുഷ്യരൂപത്തിലുള്ള ഏതാനും ചെന്നായ്ക്കൾ ഒരു 'പേടമാനി'നെ കടിച്ചുകീറി.

വല്ലപ്പോഴും സംഭവിക്കുന്ന ഒരു കൃത്യമല്ലാ ഇത്. രാജ്യത്തിന്റെ പലഭാഗത്തും നിരന്തരം അരങ്ങേറുന്ന ഇത്തരം കൊടുംപാതകങ്ങൾക്ക് ഇനിയെങ്കിലും അറുതിവരുത്തണം. ഇനി ഒരു കിരാതനും സ്ത്രീകളെ അക്രമിക്കാൻ തുനിയരുത്. അതിനു തക്ക ഗൗരവമേറിയ ശിക്ഷ നൽകണം. നിലവിൽ നൽകുന്ന ശിക്ഷയുടെ കാഠിന്യം വളരെ കുറവാണ്. ഏതാനും വർഷം ജയിലിൽ അടച്ചതുകൊണ്ട് എന്താകാനാണ്? ജയിലിലാണെങ്കിൽ ഇപ്പോൾ സുഖവാസകേന്ദ്രത്തിൽ പോകുന്നതുപോലെയെന്നു പറയപ്പെടുന്നു. ചപ്പാത്തി ഉണ്ടാക്കലും കോഴിക്കറിവയ്ക്കലും പച്ചക്കറി ഉത്പാദനവുമൊക്കെയായി സസന്തോഷം ജോലിചെയ്ത് സമ്പാദിക്കാനുള്ള ഇടമായി മാറിയോയെന്നു സംശയിക്കണം. ജീവിതാന്ത്യം വരെ കഠിന തടവിൽ ജയിലിൽ കിടന്നാലും ഇത്തരം കുറ്റവാളികൾ ചെയ്ത തെറ്റിന് പരിഹാരമാകുമോ?

ഇന്ത്യയിൽ സ്ത്രീകൾക്ക് സുരക്ഷിതത്വം ഏറ്റവും കുറവുള്ള സ്ഥലങ്ങളിൽ ഒന്നായ ഡൽഹിയിൽ ഇത്തരം സംഭവങ്ങൾ ധാരാളമായി നടക്കുന്നുണ്ട്. അതിൽ വളരെ ചുരുങ്ങിയ കേസുകളിൽ മാത്രമേ ശിക്ഷിക്കപ്പെട്ടിട്ടുള്ളൂ. ഈ അലംഭാവം തന്നെ കുറ്റവാളികൾക്ക് പ്രേരണയാകുന്നു. നാഗരിക ഇന്ത്യയുടെ ഇരുണ്ട അധോലോകങ്ങൾ എത്ര മാത്രം ഭീതിദമാണെന്ന് എല്ലാവരും ഗൗരവപൂർവം ചിന്തിക്കേണ്ട സമയമായിരിക്കുന്നു.

നിയമത്തിന്റെ കാർക്കശ്യം കൊണ്ടുമാത്രം പൈശാചികമായ സ്ത്രീപീഡനങ്ങൾക്ക് അറുതിവരുമെന്ന് പൂർണമായി കരുതാനാവില്ല. പീഡകർ ശിക്ഷ ഏൽക്കാതെ വിലസി നടക്കുന്നത് ഒഴിവാക്കാമെന്നത് ഒരു നേട്ടമാണ്. ജീവിതകാലം മുഴുവൻ ജയിൽവാസം അനുഭവിക്കേണ്ടിവരുമെന്നത് ചിലർക്കെങ്കിലും ഇതിൽനിന്നു പിൻതിരിയാനും കാരണമാകും. എന്നാൽ, ജനമൊന്നാകെ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുമുണ്ട്. ഒന്നാമതായി സ്ത്രീത്വത്തെ മാനിക്കാനുള്ള അവബോധം സ്കൂൾതലത്തിൽ തന്നെ ശക്തമായി നൽകണം. സിലബസിൽ അതിനുള്ള പാഠഭാഗങ്ങളുണ്ടാകണം. നാലോ അഞ്ചോ നമ്പറുകൾ മാത്രം ഉപയോഗക്ഷമതയുള്ള, മറ്റൊരു സംവിധാനവുമില്ലാത്ത മൊബൈൽ ഫോണുകൾ പ്ലസ്ടുതലംവരെ കുട്ടികൾ ഉപയോഗിച്ചാൽ മതിയെന്നു വയ്ക്കണം. ദുരുപയോഗിക്കാനുള്ള വഴികൾ തുറന്നുകൊടുക്കാതിരിക്കുകയാണല്ലോ നല്ലത്.

മറ്റൊരു പ്രധാന കാര്യം, ആധുനിക പാശ്ചാത്യ ജീവിതശൈലി ഇന്ത്യയിലെ മധ്യവർഗവും സമ്പന്ന വർഗവും ഇവിടെ അനുവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. സൗഹൃദങ്ങളിലും വസ്ത്രധാരണത്തിലും ഇതു സ്പഷ്ടമായി മനസ്സിലാക്കാവുന്നതാണ്. എന്നാൽ ഇത് സഹിഷ്ണുതയോടെ സ്വീകരിക്കാനുള്ള പശ്ചാത്തലം ഇന്ത്യൻ മനസ്സുകൾ കൈവരിച്ചിട്ടില്ലെന്നതാണു യാഥാർഥ്യം. ധാർമികമായി ഇതു നല്ലതോയെന്നത് മറ്റൊരു കാര്യം തന്നെ.

പാശ്ചാത്യ രാജ്യങ്ങളിലെ അൽപ വസ്ത്രധാരണരീതി അവിടെയാർക്കും പ്രകോപനം ഉണ്ടാക്കില്ലായിരിക്കും. എന്നാൽ ഇന്ത്യയിൽ അത് പ്രകോപനപരമാണ്. അതുകൊണ്ടാണ് പല വിദേശികളും ഇവിടെ അക്രമത്തിനിരയാകുന്നത്. ഇത്തരത്തിലുള്ള വേഷവിധാനങ്ങൾ കാണികളിൽ ചിലർക്കെങ്കിലും പ്രകോപന കാരണമാകും. ഇങ്ങനെ ആവേശം കൊണ്ടുനടക്കുന്നവരുടെ ആർത്തി തീരുന്നത് പലപ്പോഴും പാവപ്പെട്ട പെൺകുട്ടികളിലുമായിരിക്കും. ആരും ചോദിക്കാനില്ലാത്ത ഹതഭാഗ്യകളാണല്ലോ അവർ. ഇന്റർനെറ്റിലൂടെയും മൊബൈൽ ഫോണിലൂടെയും രതിക്കാഴ്ചകൾ കണ്ട് ഭ്രാന്തുപിടിച്ചുനടക്കുന്ന കശ്മലന്മാരുടെ ഇരകളും മിക്കവാറും പാവപ്പെട്ട പെൺകുട്ടികൾ തന്നെയാണ്.

പൊതു ഇടങ്ങളിലുള്ള ആൺപെൺ സൗഹൃദത്തെ പൂർണമായും അംഗീകരിക്കുന്ന മനോഭാവം ഇന്ത്യയിൽ സംജാതമായിട്ടില്ല. പീഡനക്കേസുകളിൽ പലതും കാമുകനോടൊപ്പമോ അല്ലെങ്കിൽ ആൺ സുഹൃത്തിനോടൊപ്പമോ ചെലവഴിക്കുന്ന അവസരത്തിലാണെന്നു കാണാം. പൊതു സ്ഥലങ്ങളിൽ (വാഹന

**പാശ്ചാത്യ രാജ്യങ്ങളിലെ അൽപ വസ്ത്രധാരണരീതി അവിടെയാർക്കും പ്രകോപനം ഉണ്ടാക്കില്ലായിരിക്കും. എന്നാൽ ഇന്ത്യയിൽ അത് പ്രകോപനപരമാണ്**

ങ്ങൾ, പാർക്കുകൾ, ടൂറിസ്റ്റുകേന്ദ്രങ്ങൾ തുടങ്ങിയവ) പരസ്യമായി ആലിംഗനം, ചുംബനം, മടിയിൽ കിടക്കൽ, ലൈംഗിക പ്രവൃത്തികൾ തുടങ്ങിയ കാര്യങ്ങളെ ഇന്ത്യക്കാർ പൊതുവേ അംഗീകരിക്കുന്നില്ല. എനിക്ക് അനുഭവിക്കാൻ കഴിയാത്തത് മറ്റൊരാൾക്കു വേണ്ടായെന്ന അസൂയയും ഇതിന്റെ പിന്നിലുണ്ടാകാം. അല്ലെങ്കിൽത്തന്നെ കപടസദാചാരം പുലർത്തുന്നവരുമാണല്ലോ ഇന്ത്യക്കാരിൽ നല്ലൊരു പങ്കും. വിവാഹപൂർവബന്ധങ്ങൾക്ക് ഇന്ത്യൻ സമൂഹത്തിൽ അംഗീകാരമില്ലായെന്ന വസ്തുത യുവതീയുവാക്കൾ അറിഞ്ഞിരിക്കണം (അത് നന്മയല്ലായെന്നുള്ളത് മറ്റൊരുവശം). അതുകൊണ്ട് രഹസ്യബന്ധങ്ങൾക്ക് പാർക്കുകളിലും ലോഡ്ജുകളിലും പോകുന്നവർ അക്രമത്തിനിരയാകാനുള്ള സാധ്യത വളരെയേറെയാണെന്ന കാര്യം ഓർമിക്കണം.

*ചുരുക്കത്തിൽ, ഉടനടി പ്രാവർത്തികമാക്കാവുന്ന ഏതാനും കാര്യങ്ങൾ ഇതാ:*

* സ്ത്രീത്വത്തെ അവഹേളിക്കുന്നവർക്ക് കഠിനമായ ശിക്ഷകൾ ഉറപ്പുവരുത്തുക.

* പൊതു ഇടങ്ങൾ രാത്രികളിൽ പുരുഷന്റെ കുത്തകയാണെന്ന് കാഴ്ചപ്പാടിനെ നീക്കിക്കളയുക.

* ടി.വി ഷോകളിലും സിനിമകളിലും സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കുന്ന വസ്ത്രധാരണശൈലി നിരോധിക്കുക.

* മറ്റുള്ളവർക്കു പ്രകോപനമുണ്ടാക്കുന്ന പെരുമാറ്റത്തിൽനിന്ന് യുവതീയുവാക്കൾ അകന്നുനിൽക്കുക.

* ധരിക്കുന്നവർ എത്രമാത്രം ന്യായീകരിച്ചാലും ചില വേഷങ്ങൾ പുരുഷനെ പ്രകോപിപ്പിക്കുന്നതാണെന്ന സത്യം തിരിച്ചറിയുക.

* ഏതെങ്കിലും തരത്തിൽ സ്ത്രീയെ അവഹേളിക്കുന്നവർ കഠിനമായ ശിക്ഷയ്ക്കു പാത്രീഭൂതരാകുമെന്ന മുന്നറിയിപ്പ് പൊതു ഇടങ്ങളിൽ സ്ഥാപിക്കുക.

* ഡൽഹിയിൽ നടന്ന പീഡനത്തിനുപിന്നിൽ പ്രധാന വില്ലൻ മദ്യമായിരുന്നു. മദ്യപാനി വരുത്തിവയ്ക്കുന്ന മഹാദുരിതങ്ങൾ എല്ലാ തലങ്ങളിലും ചർച്ചയാകട്ടെ.

* പക്വതയില്ലാത്ത ആൺ-പെൺ സൗഹൃദങ്ങൾ ഉപേക്ഷിക്കുക.

* സ്ത്രീശരീരത്തെ വിൽപനച്ചരക്കാക്കുന്ന എല്ലാവിധ പരസ്യങ്ങളും നിരോധിക്കുക.

* ഇപ്പോൾ എല്ലാത്തരത്തിലും കുട്ടികൾ പ്രായപൂർത്തിയാകുന്നത് നേരത്തെയാണ്. അതിനാൽ 18 വയസ്സെന്നുള്ളത് 16 ആയി കുറയ്ക്കണം (ഡൽഹിയിൽ ബലാൽസംഗത്തിനിരയായ പെൺകുട്ടിയോട് ഏറ്റവും ക്രൂരമായി പെരുമാറിയത് 17 വയസ്സുകാരനായിരുന്നു).

**ഡൽഹിയിൽ നടന്ന പീഡനത്തിനുപിന്നിൽ പ്രധാന വില്ലൻ മദ്യമായിരുന്നു. മദ്യപാനി വരുത്തിവയ്ക്കുന്ന മഹാദുരിതങ്ങൾ എല്ലാ തലങ്ങളിലും ചർച്ചയാകട്ടെ**

## പെൺകുട്ടികളെ ഇവിടെയും വേണ്ടേ?

ചൈനയിൽ സ്ത്രീപുരുഷാനുപാതം വളരെ വ്യത്യാസത്തിലാണ്. പെൺകുട്ടികളുടെ സംഖ്യ വളരെ കുറവാണിപ്പോൾ. ഇന്ത്യയിലാണെങ്കിൽ ഹരിയാനയിലും ഡൽഹിയിലും പഞ്ചാബിലും സ്ഥിതി വളരെ മോശമാണ്. കേരളത്തിൽനിന്നുപോലും അവർ വധുക്കളെ തേടുന്നുണ്ട്. ഏറ്റവും പുതിയ കാനേഷുമാരി പ്രകാരം കേരളത്തിലെ അഞ്ചു ജില്ലകളിൽ പെൺനിരക്ക് വല്ലാതെ കുറഞ്ഞിരിക്കുന്നു. പൊതുവേ കേരളത്തിൽ പെൺ അനുപാതം കൂടുതലായിരുന്നു. പെട്ടെന്നൊരുനാൾ പെൺകുട്ടികളുടെ എണ്ണം ഇവിടെ കുറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ അന്വേഷിക്കേതുണ്ട്. എറണാകുളം-954, ഇടുക്കി-954, കോട്ടയം-952, തൃശൂർ-948, ആലപ്പുഴ-947 എന്നിങ്ങനെയാണ് 1000 ആണുങ്ങൾക്കുള്ള പെൺ അനുപാതം.

വളരെ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണിത്. ഇങ്ങനെ പോയാൽ ഭാവിയിൽ ഇവിടുത്തെ പുരുഷന്മാർ പെൺകുട്ടികളെ തേടി സംസ്ഥാനത്തിനു പുറത്തേക്കു പോകേണ്ടിവരും. ഇത്രയും കാലമായിട്ടും കേരളത്തിൽ ഇങ്ങനെയൊരു അവസ്ഥ ഉണ്ടായിട്ടില്ല. മധ്യകേരളത്തിന്റെ സ്ഥിതിയാണിത്. താരതമ്യേന ക്രൈസ്തവർ ഏറ്റവും കൂടുതൽ വസിക്കുന്ന ഇടങ്ങളിലാണ് ഈ സംഭവമെന്നതും പ്രശ്നത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. പൊതുവേ ക്രൈസ്തവരുടെയിടയിൽ ജനനനിരക്കു വളരെ കുറഞ്ഞു. അതിൽ പെൺകുഞ്ഞുങ്ങൾ പിന്നെയും കുറഞ്ഞു. ക്രൈസ്തവ ആൺകുട്ടികളോടു ചെയ്യുന്ന കൊടും ക്രൂരതയാണിത്. ഭാവിയിൽ കുറേപ്പേർക്കെങ്കിലും ഇണയെ കിട്ടാത്ത കാലം വരില്ലേ? ■



# കലപില

അരുൺ ആന്റണി



## ചില തടിയൻ ചിന്തകൾ

ആവശ്യം സൃഷ്ടിയുടെ മാതാവത്രെ! ഇന്ന് നമ്മുടെ മുൻപിലുള്ള പല സൃഷ്ടികളും കൃത്രിമമാണ്, തീർച്ചയായും അവയുടെ ആവശ്യങ്ങളും! ഷഷ്ഠിപൂർത്തി കഴിഞ്ഞാലും പരിഹരിക്കപ്പെടാത്ത സൗന്ദര്യപ്രശ്നങ്ങളും ഊതിവീർപ്പിച്ചുണ്ടാക്കുന്ന അപകർഷതാബോധവും ഈ കൃത്രിമത്വത്തിന്റെ ചില കണ്ണികളാണ്. എന്നും സ്വന്തം പരിമിതികളിൽ പരിതപിക്കുന്ന സമൂഹത്തിനു മുൻപിൽ ആഷിക് അബുവിന്റെ '**ടാ തടിയാ'** എന്ന ചിത്രം ചില 'തടിച്ച' ചിന്തകൾ പങ്കുവയ്ക്കുന്നു.

ഓരോ വ്യക്തിയും ദൈവത്തിന്റെ അമൂല്യസൃഷ്ടിയാണെന്നുള്ള ഉറച്ചബോധ്യവും സൃഷ്ടിയെ അതിന്റെ എല്ലാ കുറവുകളോടും കൂടെ അംഗീകരിക്കാനും സ്നേഹിക്കാനും കഴിയണമെന്ന ശക്തമായ സന്ദേശവും ഈ ചലച്ചിത്രം സമ്മാനിക്കുന്നു. സ്വന്തം രൂപത്തിലും ഭംഗിയിലും പരിതപിച്ച് കോസ്മെറ്റിക്ക് കമ്പനികളുടെ വിപണന തന്ത്രത്തിൽ മയങ്ങിജീവിക്കുന്ന ഇന്നത്തെ ലോകത്തെ ഈ സിനിമ തൊട്ടുണർത്തുന്നു.


തടിയൻമാർക്കും പൊക്കം കുറഞ്ഞവർക്കും കറുത്തവർക്കും കഷണ്ടിയുള്ളവർക്കും സമൂഹത്തിൽ അവരുടേതായ സ്ഥാനം ഉണ്ട് എന്ന് ഈ ചിത്രം വളരെ സരസമായി നമ്മെ ഓർമിപ്പിക്കുന്നു. കാലികപ്രസക്തമായ ഒരു വിഷയം കൈകാര്യം ചെയ്യുന്നതോടൊപ്പം തന്നെ നിസ്വാർഥ സ്നേഹബന്ധത്തെയും ഈ സിനിമ ഉയർത്തികാണിക്കുന്നു. കഥയുടെ അവസാനത്തിൽ ഒരാളെ മാത്രം സ്നേഹിക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് ഒരുപാടുപേരെ സ്നേഹിക്കുന്നത് എന്ന് നായികയോട് പറയുന്ന നായകന്റെ മനോഭാവം മലയാളസിനിമയിൽ ഒരു പുതിയ വിപ്ലവത്തിനു തുടക്കമാകട്ടെ എന്ന് സ്നേഹപൂർവം ആശംസിക്കുന്നു.

'ഞാനിതെന്താണു ഭായ്
അതങ്ങനാണു ഭായ്
താനൊരു ദൈവസൃഷ്ടിയാണു ഭായ്'




## മൂന്നാം പക്കം

ഫാ. ബോബി ജോസ് കട്ടികാടിന്റെ **'മൂന്നാം പക്കം'** എന്ന പുതിയ പുസ്തകം ശ്രദ്ധയാകർഷിക്കുന്നു. ബോബിയച്ചന്റെ ഇരുപത്തിയഞ്ച് ആത്മീയ വിചിന്തനങ്ങളുടെ സമാഹാരമായ മൂന്നാം പക്കം ക്രിസ്തുവീക്ഷണത്തെപ്പറ്റിയും ആത്മീയതയെപ്പറ്റിയും പുത്തൻമാനങ്ങൾ നമുക്കു സമ്മാനിക്കുന്നു. തിയോ ബുക്സ് പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം പ്രമുഖ ബുക്സ്റ്റാളുകളിൽ ലഭ്യമാണ്. ഈ പുസ്തകം ഓൺലൈനിൽ ലഭിക്കാൻ സന്ദർശിക്കുക: www.indulekha.biz




facebook
കെയ്റോസ് വിശേഷങ്ങൾ
ഓരോദിവസവും അറിയാനും
വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരാനും
**facebook.com/Readkairos**
ലൈക്ക് ചെയ്യുക.